# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

2018 ജൂൺ 06, ബുധൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--369]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി | : 828 മുതൽ 948 വരെ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി | : 949 മുതൽ 1009 വരെ |
| ജലവിഭവ വകുപ്പമന്ത്രി | : 1010 മുതൽ 1124 വരെ |
| തൊഴിലും എക്സൈസും വകുപ്പമന്ത്രി | : 1125 മുതൽ 1196 വരെ |

ഗവ. ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മിറ്റികളിൽ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രാതിനിധ്യം

828. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവ. ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മിറ്റികളിൽ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രാതിനിധ്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) എങ്കിൽ, അവർക്കു കൂടി പ്രാതിനിധ്യം കിട്ടുന്ന തരത്തിൽ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതടക്കമുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഞാറക്കൽ സീഷോർ കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ

829. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഞാറക്കൽ സീഷോർ കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ തടസ്സപ്പെട്ടു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യം പരിഹരിക്കുന്നതിനും നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ;വിശദാംശം നൽകുമോ?

പട്ടികവിഭാഗങ്ങൾക്കായുള്ള ക്ഷേമ പദ്ധതികൾ

830. ശ്രീമതി ഇ.എസ്.ബിജിമോൾ

,, ഗീതാ ഗോപി

ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ

,, കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന 'വാത്സല്യനിധി', 'ഗോത്ര വാത്സല്യനിധി' എന്നീ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിലെ സർക്കാർ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഈ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശം നല്കുമോ?

പി.കെ.കാളൻ കുടുംബക്ഷേമപദ്ധതി

831. ശ്രീ.കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പി.കെ.കാളൻ കുടുംബക്ഷേമപദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതി ഇതിനകം എവിടെയൊക്കെയാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ആദിവാസി യുവാക്കൾക്ക് പി.എസ്.സി പരീക്ഷാ പരിശീലന സൗകര്യങ്ങൾ

832. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ആദിവാസി വിഭാഗങ്ങളുടെ പ്രാതിനിധ്യത്തിലുള്ള കുറവ് പരിഹരിക്കുവാൻ നിലവിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിലുള്ള യുവാക്കൾക്ക് പി.എസ്.സി പരീക്ഷാ പരിശീലനസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരം നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ചികിത്സാ സഹായ വിതരണം

833. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ചികിത്സാ സഹായം വിതരണം ചെയ്യുന്നതിൽ ദേവികുളം ബ്ലോക്ക് എസ്.സി. ഓഫീസിൽ മാത്രം ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വർക്കല മണ്ഡലത്തിൽ പട്ടികജാതി ക്ഷേമ വകുപ്പ് ധനസഹായം

834. ശ്രീ.വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വർക്കല മണ്ഡലത്തിൽ പട്ടികജാതി ക്ഷേമ വകുപ്പ് മുഖേനയുള്ള ചികിത്സ ധനസഹായത്തിനായി എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര പേർക്ക് എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർ

835. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ മിശ്രവിവാഹം കഴിച്ചാൽ സംസ്ഥാന സർക്കാർ നൽകുന്ന ധനസഹായ തുക എത്രയാണ് ; ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത് ; വിശദമാക്കാമോ;

(ബി) ഇത്തരം മിശ്രവിവാഹിതർക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം എത്രയാണ് ; കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് തൊഴിൽ ചെയ്ത് ജീവിക്കുന്നതിന് ആവശ്യമായ എന്തെങ്കിലും ധനസഹായം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടികജാതിക്കാർക്ക് ഭവനപദ്ധതി

836. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട ഭവനരഹിതർക്കായി വകുപ്പ് നടപ്പാക്കിവരുന്ന ഭവനപദ്ധതി നിർത്തലാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിൽ പ്രതീക്ഷയർപ്പിച്ച് സ്ഥലത്തിനും വീടിനും അഡ്വാൻസ് നൽകിയിരുന്ന പട്ടികജാതിക്കാർക്ക് ഈ പദ്ധതി നിർത്തലാക്കുന്നത് തിരിച്ചടിയാകുമോ;

(സി) എങ്കിൽ ഇത്തരക്കാർക്ക് പുതിയ ഭവനപദ്ധതിയിൽ പ്രത്യേക പരിഗണന നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>എസ്.സി. പ്രൊമോട്ടർമാർ</u>

837. ശ്രീ.വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന് കീഴിൽ എസ്.സി. പ്രൊമോട്ടർമാരായി എത്ര പേർ ജോലി ചെയ്യുന്നുണ്ട്; ഇവർക്ക് ഇപ്പോൾ നൽകുന്ന വേതനം എത്രയാണ്;

(ബി) എസ്.സി. പ്രൊമോട്ടർമാരുടെ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;

(സി) മറ്റ് പിന്നോക്ക സമുദായങ്ങൾക്ക് ഇത്തരത്തിലുള്ള പ്രൊമോട്ടർമാർ ഉണ്ടോ;വിശദമാക്കാമോ?

<u>സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി</u>

838. ശ്രീ.യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിൽ സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി വികസന പ്രവൃത്തികൾ ഏതെല്ലാം കോളനികളിലാണ് നടപ്പിലാക്കിയതെന്ന് അറിയിക്കുമോ;

(ബി) ഓരോ നിയോജക മണ്ഡലങ്ങളിലും അനുവദിച്ച കോളനികളുടെ പേര് പ്രത്യേകം വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രവൃത്തി പൂർത്തീകരിക്കാനോ ആരംഭിക്കാനോ കഴിയാതെ വന്ന ഏതെല്ലാം കോളനികൾക്കാണ് തൃശ്ശൂർ ജില്ലയിൽ പ്രവൃത്തിയുടെ കാലപരിധി നീട്ടി കൊടുത്തിട്ടുള്ളത്; കോളനികളുടെ പേര് നിയോജക മണ്ഡലാടിസ്ഥാനത്തിൽ പ്രത്യേകം വ്യക്തമാക്കുമോ?

<u>കുംഭാര കോളനികളുടെ നവീകരണ പദ്ധതി</u>

839. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകര പഞ്ചായത്തിലെ കുംഭാര കോളനിയിൽ 2018-19 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച കുംഭാര കോളനികളുടെ നവീകരണ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;;

(സി) ഈ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് കൊടകര കുംഭാര കോളനിയിൽ നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>വർക്കല മണ്ഡലത്തിൽ പട്ടികജാതി കോളനികളിലെ കുടിവെള്ള ലഭ്യത</u>

840. **ശ്രീ.വി. ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ സുലഭമായി കുടിവെള്ളം ലഭിക്കാത്തവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) 2018-19 വർഷത്തെ പദ്ധതി ഫണ്ടിൽ ഉൾപ്പെടുത്തി പ്രസ്തുത കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ആലത്തൂർ പട്ടികജാതി കോളനികളിൽ കുടിവെള്ളക്ഷാമം</u>

841. **ശ്രീ.കെ.ഡി. പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ കുടിവെള്ളക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം കോളനികളിലാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കോളനികളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ആലത്തൂർ മണ്ഡലത്തിലെ പട്ടികജാതി ഓഫീസുകൾ</u>

842. **ശ്രീ.കെ.ഡി. പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കുഴൽമന്ദം, ആലത്തൂർ, നെന്മാറ തുടങ്ങിയ ബ്ലോക്കുകളിലെ പട്ടികജാതി ഓഫീസുകളുടെ പരിധിയിൽപ്പെടുന്ന പട്ടികജാതി കോളനികളുടെ പേരുവിവരം വിശദമാക്കാമോ;

(ബി) പ്രസ്തുത കോളനികൾ എതൊക്കെ ഗ്രാമപഞ്ചായത്തുകളിലെ ഏതെല്ലാം വാർഡുകളിലാണ് സ്ഥിതി ചെയ്യുന്നതെന്നും ഓരോ കോളനിയിലും എത്ര വീതം വീടുകളും അംഗങ്ങളും ഉണ്ടെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത കോളനികളിൽ ഓരോന്നിലും കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ പൊതു വികസന

പ്രവൃത്തികൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

<u>ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി</u>

843. **ശ്രീ.സി.കെ. ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് സഹായം ലഭിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിപ്രകാരം ഒരു കുടുംബത്തിന് പരമാവധി എത്ര രൂപവരെയുള്ള സഹായമാണ് ലഭിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ?

<u>പട്ടികജാതി -പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായപദ്ധതി</u>

844. **ശ്രീ.യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായപദ്ധതി പ്രകാരം എത്രകോടി രൂപ ഇതുവരെ അനുവദിച്ച് നൽകിയിട്ടുണ്ട്; ഓരോ വിഭാഗത്തിനും അനുവദിച്ച തുകയും രോഗികളുടെ എണ്ണവും പ്രത്യേകം വ്യക്തമാക്കുമോ?

<u>പട്ടികജാതി പട്ടിക വർഗ മേഖലയിലെ വിദ്യാർത്ഥികൾക്കായുള്ള ആനുകൂല്യങ്ങൾ</u>

845. **ശ്രീ.സി. ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടിക വർഗ മേഖലയിലെ വിദ്യാർത്ഥികൾക്കായി സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്നും ഇത്തരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

<u>അംബേദ്കർ ഗ്രാമം പദ്ധതി</u>

846. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ മൂത്തേത്തു കോളനിയുടെ നവീകരണ പദ്ധതി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവർത്തനങ്ങൾ നടത്തുന്നതിന് ഏത് ഏജൻസിയെയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് ഇതുവരെയുള്ള പുരോഗതി വ്യക്തമാക്കുമോ, വിശദീകരിക്കുമോ?

## കോഴിക്കോട് ജില്ലയിലെ ലൈഫ് പദ്ധതി

847. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കന്തലാട് വില്ലേജിലെ മണിച്ചേരി കോട്ടക്കുന്ന് ആദിവാസി കോളനിയിൽ താമസിക്കുന്ന 4 ആദിവാസി കുടുംബങ്ങൾക്ക് പനങ്ങാട് പഞ്ചായത്ത് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകാൻ തീരുമാനിച്ചപ്പോൾ കൈവശഭൂമി ഇല്ലാത്തതുകൊണ്ട് ഇവർക്ക് വീട് ലഭിക്കാത്ത സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കുടുംബങ്ങൾ ഇപ്പോൾ താമസിച്ചു വരുന്നത് ആരുടെ കൈവശ ഭൂമിയിലാണെന്ന് അറിയിക്കുമോ;

(സി) വീട് വെയ്ക്കുന്നതിനായി ഇവർക്ക് ഈ ഭൂമി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## അംബേദ്കർ ഗ്രാമവികസന പദ്ധതി

848. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ള, ആലുവ നിയോജക മണ്ഡലത്തിലെ മലയൻകാട് വെസ്റ്റ് കോളനിയിലും, കളമശേരി നിയോജക മണ്ഡലത്തിലെ കുന്നുകര കോളനിയിലും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

അംബേദ്കർ ഗ്രാമവികസന പദ്ധതി

849. ശ്രീ.കെ.ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജകമണ്ഡലത്തിൽ ചെല്ലാനം ഗ്രാമപഞ്ചായത്തിലെ വലിയതുറ ഉപ്പുകണ്ടം, കുമ്പളങ്ങി ഗ്രാമപഞ്ചായത്തിലെ പുത്തൻകരി എന്നീ കോളനികളിൽ അംബേദ്കർ ഗ്രാമവികസന പദ്ധതി നടപ്പാക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

നിലമ്പൂർ മണ്ഡലത്തിലെ അംബേദ്ക്കർ പദ്ധതി

850. ശ്രീ.പി.വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ അമരമ്പലം പഞ്ചായത്തിലെ ഇല്ലിക്കോട്ട് പോയിൽ എസ്.സി കോളനിയെ അംബേദ്ക്കർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

(ബി) ഉണ്ടെങ്കിൽ ഈ കോളനിയിൽ പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലിക്കോട് പോയിൽ കോളനിയിലെ വികസന പ്രവർത്തികളുടെ കരാർ ഏറ്റെടുത്തത് ഏത് ഏജൻസിയാണ്; എന്നാണ് കരാർ ഏൽപ്പിച്ചത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച ചികിത്സാ സഹായം

851. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര നിയോജക മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് മുഖേന എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്; ആകെ എത്ര തുക നല്കിയിട്ടുണ്ട് ;

(ബി) ഇതു സംബന്ധിച്ച് മാവേലിക്കര, ഭരണിക്കാവ് - ബ്ലോക്ക് പട്ടികജാതി വികസന ആഫീസുകൾ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പട്ടികജാതി വിഭാഗത്തിനുള്ള ചികിത്സാ ധനസഹായ പദ്ധതി

852. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള രണ്ടു വർഷ കാലയളവിൽ പട്ടികജാതി വിഭാഗത്തിനുള്ള ചികിത്സാ പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിലെ ഒൻപതു പഞ്ചായത്തുകളുടെ പരിധിക്കുള്ളിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്നും അനുവദിച്ച തുകയെത്രയെന്നും വിശദമാക്കാമോ;

(ബി) ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ അടങ്ങിയ പട്ടിക വെളിപ്പെടുത്താമോ?

## അംബേദ്കർ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം

853. ശ്രീ.യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അംബേദ്കർ സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതി പ്രകാരം സംസ്ഥാനത്തെ എത്ര കോളനികളിൽ വികസന പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്; കോളനികളുടെ പേര് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വേർതിരിച്ച് വ്യക്തമാക്കുമോ;

(ബി) അംബേദ്കർ സ്വയംപര്യാപ്ത കോളനിയായി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നുള്ളതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

## അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമങ്ങൾ

854. ശ്രീ.ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളുടെ വികസനത്തിനായി ആവിഷ്കരിച്ച അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) മുപ്പതിനും അതിനുമുകളിലും എസ്.സി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെ പ്രസ്തുത പദ്ധതിയിലേക്ക് ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## പട്ടികജാതി പെൺകുട്ടികളുടെ വിവാഹ ധനസഹായ പദ്ധതി

855. ശ്രീ.കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒല്ലൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് പെൺകുട്ടികളുടെ വിവാഹധനസഹായ പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ നൽകാമോ?

പട്ടികജാതി സങ്കേതങ്ങളിൽ ആധുനിക സൗകര്യങ്ങൾ

856. ശ്രീ.ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി സങ്കേതങ്ങളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്നും ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് ഇതിനായി നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സങ്കേതങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിവരിക്കുമോ;

പട്ടികജാതി വിഭാഗങ്ങൾക്കായി സാമൂഹ്യ ക്ഷേമപദ്ധതികൾ

857. ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗങ്ങൾക്കായി പുതുതായി നടപ്പിലാക്കിയ സാമൂഹ്യ ക്ഷേമപദ്ധതികൾ എന്തൊക്കെയാണ്;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ഈ വിഭാഗങ്ങൾക്കായി ആവിഷ്കരിച്ചതും, നടപ്പിലാക്കിയതുമായ പദ്ധതികൾ എന്തൊക്കെയായിരുന്നു;

(സി) 2016-17 - ലും 2017-18 ലും ഈ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി ലഭിച്ച തുകയെത്രയെന്നും, അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട രോഗികൾക്കായുള്ള ചികിത്സാ സഹായം

858. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട രോഗികൾക്കായുള്ള വകുപ്പ്മന്ത്രിയുടെ ചികിത്സാധനസഹായത്തിന് ഓൺലൈനായി അപേക്ഷിക്കുമ്പോൾ എന്തൊക്കെ രേഖകളാണ് ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എത്ര പേർക്ക് എത്ര തുക ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) അപേക്ഷ അംഗീകരിച്ചാൽ എത്ര ദിവസത്തിനകം അനുവദിച്ച തുക കൈമാറാൻ കഴിയുന്നുണ്ട്; അപേക്ഷകരുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് തുക എത്തിക്കാൻ തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പദ്ധതി</u>

859. ശ്രീ.വി.ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പഠനമുറി പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകിയെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ ഇതിനകം എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയത്;

(ഡി) ഈ പദ്ധതി മൂലം പട്ടികജാതി പട്ടകവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠന നിലവാരത്തിൽ ഉണ്ടായിട്ടുള്ള ഉയർച്ച വിലയിരുത്തിയിട്ടുണ്ടോ. വിശദാംശം നൽകുമോ?

<u>പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മുഖേന ചികിത്സാ ധനസഹായം</u>

860. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ് നാളിതുവരെ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിന്നും പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മുഖേന ചികിത്സാ ധനസഹായത്തിനായി ഓൺലൈൻ വഴിയും അല്ലാതെയും എത്ര പേർക്ക് ധനസഹായം അനുവദിച്ചു; ഓരോരുത്തർക്കും അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിന്നും ധനസഹായത്തിനായി ഓൺലൈൻ വഴി അയച്ചിട്ടുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട് ;വിശദാംശം ലഭ്യമാക്കുമോ?

<u>വാമനപുരത്ത് അനുവദിച്ച കോർപ്പസ് ഫണ്ട് പദ്ധതികൾ</u>

861. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന് രണ്ടു വർഷം പൂർത്തിയാകുന്ന കാലയളവിൽ പട്ടികജാതി വകുപ്പ് മുഖേന വാമനപുരം നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് അനുവദിച്ച് അനുമതി കിട്ടിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ ; അവയുടെ പുരോഗതി റിപ്പോർട്ട് നല്കാമോ?

<u>വാൽസല്യനിധി പദ്ധതി</u>

862. **ശ്രീ.ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാൽസല്യനിധി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നാളിതുവരെ കൊണ്ടോട്ടി മണ്ഡലത്തിൽനിന്ന് എത്ര പേരെയാണ് വാൽസല്യനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് അറിയിക്കാമോ;

(സി) പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് വേണ്ടി കൊണ്ടോട്ടി മണ്ഡലത്തിൽ പ്രത്യേക അവബോധ പരിപാടികൾ സംഘടിപ്പിച്ചിരുന്നോ; എങ്കിൽ പരിപാടിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) എസ്.സി. പ്രൊമോട്ടർമാർക്ക് ഈ പദ്ധതിയിൽ എന്തെങ്കിലും പ്രത്യേക ചുമതലകൾ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി</u>

863. **ശ്രീ.സി.കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം (എസ്. സി.) പദ്ധതിയിൽ ഉൾപ്പെടുത്തിയ മാടക്കാംപൊയിൽ, കാരന്താട്, അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം (എസ്. ടി.), പട്ടുവയൽ, എയ്യൻകല്ല് എന്നിവിടങ്ങളിലെ പ്രവൃത്തി ഏത് വരെ ആയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണ് നൽകിയെതെന്ന് അറിക്കുമോ;

(സി) പ്രവൃത്തി പൂർത്തീകരിക്കാൻ കാലാവധി ഉണ്ടോ; ഉണ്ടെങ്കിൽ കാലാവധി എപ്പോഴാണ് കഴിയുന്നതെന്ന് വെളിപ്പെടുത്തുമോ ?

<u>വാത്സല്യനിധി പദ്ധതി</u>

864. **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പെൺകുട്ടികൾക്കായി ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തി വാത്സല്യനിധി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര ഭൂരഹിതഭവനരഹിതരും ഭവനരഹിതരും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്;

(സി) അവർക്കായി ഭൂമിയും ഭവനവും നൽകുന്നതിന് പട്ടികജാതി വകുപ്പ് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണോ ഇവർക്കായുള്ള ഭവനപദ്ധതി തയ്യാറാക്കിയിട്ടുള്ളത്; എങ്കിൽ 2017-18 ൽ എത്ര ഭവനരഹിതർക്ക് വീട് നൽകിയെന്ന് വ്യക്തമാക്കുമോ?

## വാത്സല്യനിധി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി

865. ശ്രീ.റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി നിയോജകമണ്ഡലത്തിൽ വാത്സല്യനിധി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് 01.04.2017 നുശേഷം ജനിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിവരശേഖരണം ഇതിനോടകം നടത്താൻ സാധിച്ചുവോ; വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതി നിലവിൽ വന്നതിനുശേഷം പ്രൊമോട്ടർമാർ വിവര ശേഖരണാർത്ഥം എത്ര തവണ ഫീൽഡുവർക്ക് നടത്തിയെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വാത്സല്യനിധിയിൽ അംഗങ്ങളായ കുട്ടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

866. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏഴോം ഗ്രാമപഞ്ചായത്തിലെ വെടിവെപ്പുംചാൽ പട്ടികജാതി കോളനിയുടെ എസ്റ്റിമേറ്റ്, നിർവ്വഹണ ഏജൻസി മുഖേന നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടെ നിർമ്മാണ പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

## പെരിന്തൽമണ്ണ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

867. ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വകുപ്പ് മുഖേന പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2018-19 വർഷത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത മണ്ഡലത്തിൽ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതെന്ന് വകുപ്പ് കണ്ടെത്തിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

നേമം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമപദ്ധതി

868. ശ്രീ.ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തികവർഷത്തിൽ അംബേദ്കർ ഗ്രാമപദ്ധതിയിൽ നേമം നിയോജക മണ്ഡലത്തിലെ ഏതെല്ലാം എസ്.സി കോളനികളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2017-18 സാമ്പത്തികവർഷത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന എസ്.സി കോളനികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഗദ്ദിക സാംസ്കാരികോത്സവം

869. ശ്രീ.സി.കൃഷ്ണൻ

,, എം. മുകേഷ്

,, എ. പ്രദീപ്കുമാർ

,, പി.കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യം നിന്നുകൊണ്ടിരിക്കുന്ന ഗോത്ര സംസ്കൃതിയും പാരമ്പര്യവും കാത്തുസൂക്ഷിക്കുന്നതിനും ഈ വിഭാഗങ്ങളുടെ പരമ്പരാഗത ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുമായി സംഘടിപ്പിച്ചുവരുന്ന ഗദ്ദിക എന്ന പേരിലുള്ള സാംസ്കാരികോത്സവം ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് നടത്തി വരുന്നത് എന്ന് അറിയിക്കുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് ഇതിനകം പ്രസ്തുത സാംസ്കാരിക മേള സംഘടിപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മേളകളിൽ എത്ര കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ടെന്ന വിശദാംശം ലഭ്യമാണോ;

(ഡി) നിരവധി ഗോത്രവിഭാഗ കൂട്ടായ്മകൾക്കും സംരംഭകർക്കും അവരുടെ സഹകരണ സ്ഥാപനങ്ങൾക്കും വലിയ സാമ്പത്തിക ആശ്വാസം ലഭിക്കുന്ന ഇത്തരം മേളകൾ കൂടുതൽ പ്രദേശങ്ങളിൽ സംഘടിപ്പിക്കുവാനും മേളകളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

സാമൂഹ്യ പഠനമുറി പദ്ധതി

870. ശ്രീ.ഇ.പി.ജയരാജൻ

,, ബി.ഡി. ദേവസ്സി

,, കെ. ആൻസലൻ

ശ്രീമതി.വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പട്ടികവർഗ്ഗ കോളനികളിൽ നടപ്പാക്കി വരുന്ന സാമൂഹ്യ പഠനമുറി പദ്ധതി പ്രകാരം എന്തെല്ലാം പഠന സൗകര്യങ്ങളാണ് പഠിതാക്കൾക്കായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളെ ഇൻസ്ട്രക്ടർമാരായി നിയോഗിക്കുമ്പോൾ തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കുമെന്നതിനാൽ സാമൂഹ്യ പഠനമുറി പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

## ആദിവാസി ക്ഷേമപദ്ധതികൾ

871. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം ആദിവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ വിശദമാക്കാമോ; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ആശിക്കും ഭൂമി ആദിവാസിക്കു സ്വന്തം പദ്ധതി

872. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശിക്കും ഭൂമി ആദിവാസിക്കു സ്വന്തം എന്ന സംസ്ഥാന സർക്കാർ പദ്ധതി എപ്പോഴാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം ഓരോ കുടുംബത്തിനും എത്ര സ്ഥലമാണ് നൽകുന്നതെന്നും മാനദണ്ഡങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം എത്ര പേരിൽനിന്ന് അപേക്ഷകൾ ലഭിച്ചു എന്നും പ്രസ്തുത അപേക്ഷകരിൽ എത്രപേർക്ക് സ്ഥലം നൽകിയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

## ഭൂരഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങൾ

873. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങൾ എത്രയാണ് എന്നതിന്റെ കണക്ക് വകുപ്പിന്റെ കൈവശമുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) ഭൂരഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ചികിത്സാ ധനസഹായം

874. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള രണ്ടു വർഷ കാലയളവിൽ പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ചികിത്സാ പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിലെ ഒൻപതു പഞ്ചായത്തുകളുടെ പരിധിക്കുള്ളിൽ എത്ര പേർക്ക് എത്ര രൂപ ധനസഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ അടങ്ങിയ പട്ടിക നൽകാമോ?

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ്

875. ശ്രീ.ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി സംസ്ഥാന സർവ്വീസിൽ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എസ്.എസ്.എൽ.സി. മുതൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ ഡേറ്റാ ബാങ്ക് വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിന് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പഠനം പൂർത്തിയാക്കുവാൻ സാധിക്കാത്ത പട്ടിക ഗോത്ര വർഗ്ഗത്തിൽപ്പെട്ടവർക്ക് ഉപജീവനം ഉറപ്പിക്കുവാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ക്ഷേമപദ്ധതികൾ കാര്യക്ഷമമാക്കാൻ നടപടി

876. ശ്രീ.റോഷി അഗസ്റ്റിൻ
,, പി.ജെ.ജോസഫ്

,, മോൻസ് ജോസഫ്

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ പദ്ധതി നടത്തിപ്പുകൾ കാര്യക്ഷമമല്ല എന്ന പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ആദിവാസി വിഭാഗങ്ങൾക്കായി വൻ തുക ചെലവഴിക്കുമ്പോഴും പോഷകാഹാരവും കുടിവെള്ളവും ആവശ്യത്തിന് ലഭിക്കാത്ത അവസ്ഥയ്ക്ക് പരിഹാരം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ആദിവാസി ഊരുകളിൽ ആരോഗ്യസേവനങ്ങൾ നൽകുന്നതിനായി മെഡിക്കൽ സംഘം സന്ദർശിക്കാതിരിക്കുന്നതും വേണ്ടത്ര വൈദ്യസഹായം ലഭ്യമാക്കാത്തതും ഡോക്ടർമാരുടെയും ആശാവർക്കർമാരുടെയും സേവനം ലഭ്യമാക്കാത്തതും സംബന്ധിച്ച പരാതികൾക്ക് പരിഹാരം ഉണ്ടാക്കുവാൻ പട്ടികവർഗ്ഗക്ഷേമ വകുപ്പ് നടപടികൾ സ്വീകരിക്കുമോ;

(ഡി) ആദിവാസികൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള സർക്കാർ പദ്ധതികളിൽ ക്രമക്കേട് ഒഴിവാക്കുന്നതിനും പുറത്ത് നിന്നുള്ളവർ ആദിവാസികളെ ചൂഷണം ചെയ്യുന്നത് തടയാനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പദ്ധതികൾ</u>

877. ശ്രീ.സി. ദിവാകരൻ

ശ്രീമതി ഇ.എസ്.ബിജിമോൾ

,, ഗീതാ ഗോപി

ശ്രീ.എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗക്കാരായ വിദ്യാർത്ഥികൾക്ക് സഹായവും പ്രോത്സാഹനവും നല്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ ലഭിക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് എന്തൊക്കെ പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രശസ്ത വിദേശ സർവ്വകലാശാലകളിൽ യോഗ്യത നേടുന്ന പട്ടികവർഗ്ഗത്തിലെ വിദ്യാർത്ഥികളുടെ പഠനച്ചെലവ് വഹിക്കുന്നതിന് സർക്കാർ തയ്യാറാകുമോ;വിശദമാക്കുമോ?

<u>ആദിവാസികൾക്ക് പോലീസിലും എക്സൈസിലും നിയമനം</u>

878. ശ്രീ.ഐ.സി.ബാലകൃഷ്ണൻ

,, വി.പി.സജീന്ദ്രൻ

,, എം. വിൻസെന്റ്

,, റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ

പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കളെ പോലീസിലും എക്സൈസിലും പ്രത്യേക ഉത്തരവിലൂടെ നിയമിക്കുമെന്ന തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുവരെ എത്രപേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) നിയമനം ലഭിച്ച ആദിവാസികൾ ബോണ്ട് നൽകണമെന്ന വ്യവസ്ഥയുണ്ടോ; എങ്കിൽ എത്ര തുകയുള്ള ബോണ്ടാണ് നൽകേണ്ടത്;

(ഡി) സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യം ഹാജരാക്കണമെന്ന വ്യവസ്ഥ ആദിവാസി വിഭാഗങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുമെന്നതിനാൽ പ്രസ്തുത തീരുമാനം പിൻവലിക്കുമോ?

<u>വിദ്യാലയങ്ങളിൽനിന്ന് ആദിവാസി കുട്ടികളുടെ കൊഴിഞ്ഞു പോക്ക്</u>

879. **ശ്രീ.പി.ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളിൽ നിന്നും ആദിവാസി കുട്ടികൾ പഠനം ഇടയ്ക്ക് വച്ച് ഉപേക്ഷിച്ച് പോകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ബി) ഇവരുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനായി ഗോത്ര ബന്ധു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ഈ പദ്ധതി ആവിഷ്കരിച്ച ശേഷം ആദിവാസി കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ഡി) പഠനം ഉപേക്ഷിച്ച ആദിവാസി കുട്ടികളെ പുതിയ അദ്ധ്യയന വർഷം സ്കൂളുകളിൽ തിരികെ എത്തിക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(ഇ) ഏത് വിഭാഗത്തിലുള്ള ആദിവാസി കുട്ടികളുടെ കൂട്ടത്തിലാണ് കൂടുതൽ കൊഴിഞ്ഞ് പോക്കെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഭാഗത്തിലെ കുട്ടികൾക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് അവരെ സ്കൂളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>പട്ടികവർഗ്ഗവിഭാഗത്തിലെ പെൺകുട്ടികളുടെ ക്ഷേമത്തിന് പദ്ധതി</u>

880. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗവിഭാഗത്തിലെ പെൺകുട്ടികളുടെ സുരക്ഷക്കും ക്ഷേമത്തിനുമായി വാത്സല്യനിധി, ഗോത്രവാത്സല്യനിധി എന്നീ പേരുകളിൽ ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതിയിലേക്ക് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

എന്തെല്ലാമാണെന്നും അപേക്ഷിക്കേണ്ട വിധം എങ്ങനെ എന്നും വെളിപ്പെടുത്തുമോ?

<u>എസ്.സി./എസ്.ടി വിഭാഗങ്ങളുടെ ചികിത്സാ സഹായം</u>

881. ശ്രീ.വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എസ്.സി./എസ്.ടി വിഭാഗങ്ങളുടെ ചികിത്സാ സഹായമായി എത്ര രൂപയാണ് പട്ടികജാതി പട്ടിക വകുപ്പ് നാളിതുവരെ വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതു മാസം വരെയുള്ള അപേക്ഷയിലാണ് ഇതുവരെ തുക അനുവദിച്ച് വിതരണം പൂർത്തിയാക്കിയതെന്ന് വെളിപ്പെടുത്തുമോ;

(സി) മലപ്പുറം ജില്ലയിലെ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) പണം അനുവദിച്ച് ഉത്തരവ് ഇറങ്ങിയതിനുശേഷം തുക അർഹരായവർക്ക് ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>പട്ടികജാതി /പട്ടികവർഗ്ഗക്കാരുടെ ചികിത്സയ്ക്കായി നടപ്പിലാക്കുന്ന പദ്ധതികൾ</u>

882. ശ്രീ.എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/ പട്ടികവർഗ്ഗക്കാരുടെ ചികിത്സയ്ക്കായി നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഈ വിഭാഗക്കാർക്ക് ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ നൽകേണ്ടത് എങ്ങനെയാണെന്നും അതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ?

<u>പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പ് മുഖേനയുള്ള ചികിത്സാ സഹായം</u>

883. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിൽ നിന്നും 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പ് മുഖേനയുള്ള ചികിത്സാ സഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്കോരോരുത്തർക്കും എത്ര രൂപ വീതം ചികിത്സാ സഹായം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് കാലതാമസം

884. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചാലും അത് ലഭിക്കുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നുവെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ശ്രീമതി അമ്മാളു ബാലൻ, കല്ലിലുമ്പിൽ വീട്, വട്ടമന, കൊടുവായൂർ, തൃശ്ശൂർ എന്ന ആൾക്ക് 1.10.2017 -ലെ 3546/റ്റി ജി/എം.(എസ്.സി.എസ്.ടി,ബി.സി) 2017-നംപർ കത്ത് പ്രകാരം ചികിത്സാ സഹായമായി അനുവദിച്ച 15000 /- രൂപ നാളിതുവരെ ലഭിച്ചിട്ടില്ലായെന്നകാര്യം പരിശോധിക്കുമോ?

വയനാട്ടിൽ ഗോത്രവർഗ്ഗ നരവംശപഠന കേന്ദ്രം

885. ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആന്ത്രോപോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഗോത്രവർഗ്ഗ നരവംശപഠന കേന്ദ്രം വയനാട്ടിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) അരിവാൾ രോഗബാധിതരെക്കുറിച്ച് പ്രത്യേക പഠനം നടത്തുവാൻ ആന്ത്രോപോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ഉദ്ദേശിക്കുന്നതായി അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോട്ടക്കൽ നിയോജകമണ്ഡലത്തിൽ നിന്നും ചികിത്സാ സഹായത്തിനായി ലഭിച്ച അപേക്ഷകൾ

886. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ നിന്നും ചികിത്സാ സഹായത്തിനായി പട്ടിക ജാതി വികസന ഡയറക്ടറേറ്റിലും മലപ്പുറം ജില്ലാ ഓഫീസിലും സർക്കാരിലും ലഭിച്ച അപേക്ഷ / പരാതികളുടെ ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണം ഉത്തരവായിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഉത്തരവായ അപേക്ഷകളുടെ വിശദവിവരം ലഭ്യമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## പ്രീ- മെട്രിക് , പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യം

887. ശ്രീ.എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന പ്രീ- മെട്രിക്, പോസ്റ്റ്- മെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യം തുലോം പരിമിതമാണെന്നത് വസ്തുതയാണോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകളിൽ നിലവിൽ എത്ര കുട്ടികൾക്കാണ് താമസസൗകര്യം അനുവദിക്കുന്നത്; വിശദമാക്കുമോ;

(സി) പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രധാനപ്പെട്ട എല്ലാ നഗരങ്ങളിലും പെൺകുട്ടികൾക്ക് മാത്രമായി പ്രീ- മെട്രിക്/പോസ്റ്റ് -മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ അതിനുള്ള പദ്ധതികൾ ഏത് ഘട്ടത്തിലാണ്; എത്ര ഹോസ്റ്റലുകളാണ് നിർമ്മിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതിക്ക് കിഫ്ബിയിൽ നിന്നും എന്തെങ്കിലും ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളിൽ സോളാർ പാനലും, സി.സി.ടി.വി ക്യാമറയും സ്ഥാപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(എഫ്) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് യൂണിസെഫ് നൽകിയ മാർഗ്ഗ നിർദേശപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് പ്രസ്തുത ഹോസ്റ്റലുകളിൽ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ ?

## കടങ്ങൾ എഴുതിത്തള്ളുന്ന നടപടി

888. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ വിവിധ കടങ്ങൾ എഴുതി തള്ളുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര പേരുടെ കടങ്ങൾ എഴുതിത്തള്ളിയെന്നും അതിന് ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

## വായ്പകൾ എഴുതി തള്ളുന്ന പദ്ധതി

889. ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗക്കാർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതി തള്ളുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഈ വിഭാഗത്തിൽപ്പെട്ടവരുടെ എത്ര തുകയാണ് എഴുതി തള്ളിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) എഴുതി തള്ളിയ തുകയുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് വിശദമാക്കുമോ?

<u>ആദിവാസി കുടുംബങ്ങൾക്ക് ഭൂമിയുടെ കൈവശാവകാശ രേഖ</u>

890. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ആദിവാസി കുടുംബങ്ങൾക്ക് ഭൂമിയുടെ കൈവശാവകാശരേഖ നൽകിയെന്നു അറിയിക്കുമോ;

(ബി) എത്ര ആദിവാസി ഊരുകളെ മാതൃകാ ഊരുകളാക്കി മാറ്റിയെന്ന് വ്യക്തമാക്കാമോ?

<u>ബേഡഡുക്ക പഞ്ചായത്തിലെ എസ്.റ്റി .കോളനി</u>

891. ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക പഞ്ചായത്തിലെ ചെമ്പക്കാട് എസ്.റ്റി. കോളനിയിൽ എത്ര വീടുകളാണ് നിലവിലുള്ളത് ; ഇതിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നു; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിൽ വാസയോഗ്യമായ എത്ര വീടുകളാണ് ഉള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ കോളനിയിലെ കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ മുഖേന നൽകിയ ഹർജിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ആലത്തൂർ അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതി</u>

892. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് അംബേദ്കർ സ്വയംപര്യാപ്തഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പൂർത്തീകരിക്കാത്ത പദ്ധതികൾ എതൊക്കെയാണെന്നും ഇവ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കാമോ?

<u>സ്വയം പര്യാപ്ത ഗ്രാമം പദ്ധതി</u>

893. ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാനായി എത്ര കോളനികൾ തിരഞ്ഞെടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) നവീകരണ പ്രവൃത്തികൾ ഓരോന്നിന്റേയും നടത്തിപ്പിനായി ഏതൊക്കെ ഏജൻസികളെയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കോളനികളുടെ നവീകരണവുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടം വരെയായെന്ന് വിശദമാക്കാമോ?

<u>നെന്മാറ നിയോജക മണ്ഡലത്തിലെ നവീകരണ പ്രവർത്തനങ്ങൾ</u>

894. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം കോളനികളുടെ നവീകരണ പ്രവർത്തനമാണ് നെന്മാറ നിയോജകമണ്ഡലത്തിൽ നടക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഓരോ കോളനികളിലും നിലവിൽ നടത്തിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

<u>നെന്മാറ മണ്ഡലത്തിലെ പട്ടിക വർഗ്ഗ കോളനികൾ</u>

895. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ എത്ര പട്ടിക വർഗ്ഗ കോളനികളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത കോളനികളുടെ നവീകരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാകുന്നതെന്ന് വിശദമാക്കുമോ ?

<u>കോതമംഗലം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമപദ്ധതി</u>

896. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽപ്പെട്ട കോട്ടപ്പടി പഞ്ചായത്തിലെ മുണ്ടൂർ, കീരംപാറ പഞ്ചായത്തിലെ ഏറുപുറം എന്നീ എസ്.സി കോളനികളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന അംബേദ്കർ ഗ്രാമപദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ;

(ബി) ഇവിടെ നടപ്പിലാക്കാൻ പോകുന്ന സ്കീമുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കാലതാമസം ഒഴിവാക്കി സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>അംബേദ്കർ മാതൃക കോളനി പദ്ധതി</u>

897. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ നവീകരണത്തിനായി ആവിഷ്കരിച്ച അംബേദ്കർ മാതൃക കോളനി പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ തെരഞ്ഞെടുത്ത കോളനികളിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്; നിർവ്വഹണ ഏജൻസി എം.ഒ.യു പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായും ഗുണമേന്മയോടും കൂടി തീർക്കുന്നുവെന്ന് പരിശോധിക്കുന്നതിന് എന്ത് സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്;

(ഡി) ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് സഹിതം പ്രൊപ്പോസൽ ലഭിച്ച് അംഗീകാരം നൽകിയ എത്ര കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ ഇതിനകം പൂർത്തിയായി എന്ന് വ്യക്തമാക്കുമോ?

<u>കാസർഗോഡ് ജില്ലയിൽ മോഡൽ കോളനി വികസനം</u>

898. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്കായി അനുവദിച്ച മോഡൽ കോളനി വികസനത്തിനുള്ള ഒരു കോടി രൂപ എത്ര കോളനികൾക്കാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കോളനികളിൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) നാളിതുവരെ പണി ആരംഭിക്കാത്ത എത്ര കോളനികൾ ഉണ്ടെന്നും ഈ പണി ഏറ്റെടുത്ത ഏജൻസികൾ ഏതൊക്കെയാണെന്നും എന്നാണ് പണി ഏറ്റെടുത്തതെന്നും വ്യക്തമാക്കാമോ;

(ഡി) ഇത്ര മാസങ്ങൾക്കകം പണി പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>അംബേദ്കർ ഗ്രാമവികസന പദ്ധതി</u>

899. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ നായരമ്പലം ഐ.എച്ച്.ഡി.പി കോളനി, ചെറായി ഒ.എൽ.എച്ച് കോളനി എന്നിവിടങ്ങളിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി</u>

900. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം കോളനികളുടെ നവീകരണത്തിനാണ് പണം അനുവദിച്ചത്;

(ബി) കോളനികളുടെ നവീകരണത്തിനുള്ള വിശദമായ പദ്ധതിരേഖയ്ക്ക് വകുപ്പ് ഡയറക്ടറേറ്റ് പ്രവർത്തനാനുമതി നൽകിയത് എന്നാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ നാളിതുവരെയും ആരംഭിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

<u>ഇളംമ്പ്ലാശ്ശേരിക്കുടി-ഞണ്ടുകുളം റോഡ്</u>

901. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഇളംമ്പ്ലാശ്ശേരി ട്രൈബൽ സെറ്റിൽമെന്റ് കോളനിയിൽ നിന്നും ഞണ്ടുകുളം, കോട്ടക്കുന്ന് ട്രൈബൽ കോളനികളിലെ 50- ലധികം ആദിവാസി കുടുംബങ്ങളുടെ ഏക സഞ്ചാര പാതയായ ഇളംമ്പ്ലാശ്ശേരിക്കുടി-ഞണ്ടുകുളം റോഡിന്റെ നിർമ്മാണം നബാർഡ് സ്കീമിൽ

ഉൾപ്പെടുത്തി 2 കോടി രൂപയുടെ ടെണ്ടർ നടപടി സ്വീകരിച്ചിരുന്നത് വനം വകുപ്പിന്റെ ഇടപെടൽമൂലം നിർമ്മാണ ജോലി സ്തംഭിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണ ജോലിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) പുതുക്കിയ ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>പട്ടികവിഭാഗക്കാരെ മുഖ്യധാരയിൽ എത്തിക്കാനായുള്ള പ്രവർത്തനങ്ങൾ</u>

902. ശ്രീ.എസ്.ശർമ്മ
,, സി. കെ. ശശീന്ദ്രൻ
,, കെ.വി.വിജയദാസ്
,, ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഘപരിവാർ സംഘടനകളുടെ നേതൃത്വത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ജനാധിപത്യത്തിനും ഭരണഘടനാതത്വങ്ങൾക്കും ഭീഷണിയാകുംവിധം ദളിതർക്കെതിരെ ആക്രമണങ്ങൾ വർദ്ധിച്ചു വരുന്നതിലുള്ള ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കാൻ സാധിക്കുമോ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് പ്രത്യേക സംരക്ഷണം നൽകാനുള്ള നിയമത്തിന്റെ പ്രാധാന്യം അപ്രസക്തമാക്കുന്ന തരത്തിൽ സുപ്രീം കോടതി നടത്തിയ വിധി പ്രസ്താവത്തിനെതിരെ സംസ്ഥാനത്തിന് കേസിൽ കക്ഷി ചേർന്ന് ദളിത് താല്പര്യം സംരക്ഷിക്കാൻ സാധിക്കുമോ എന്ന് പരിശോധിച്ചിരുന്നോ;

(സി) സുപ്രീം കോടതി വിധിയെ തുടർന്ന് ആശങ്കയിലായ പട്ടികജാതിക്കാർ നടത്തിയ ജനകീയ പ്രക്ഷോഭങ്ങളെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൂരമായി നേരിട്ടതിനെതിരെ കേന്ദ്ര സർക്കാരിനെ പ്രതിഷേധം അറിയിക്കുമോ;

(ഡി) പട്ടികജാതി പട്ടിക വർഗക്കാരെ വികസന ക്ഷേമ പദ്ധതികളിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാനായി സംസ്ഥാനത്ത് നടത്തി വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

<u>**1989-**ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമവും ഭേദഗതികളും</u>

903. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1989-ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമവും 2015 ൽ കൂടുതൽ ശക്തമായ അതിന്റെ ഭേദഗതികളും ഉണ്ടെങ്കിലും ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ എണ്ണം ഓരോവർഷവും കൂടി വരുന്ന കാര്യം പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ;

(ബി) ഈ വിഭാഗത്തിൽപ്പെടുന്നവർക്കെതിരെ നടന്ന അതിക്രമങ്ങളെക്കുറിച്ചുള്ള കേസ്സുകൾക്ക് കുറ്റപത്രം നൽകിയെങ്കിലും ശിക്ഷിക്കപ്പെടുന്നത് പകുതിയോളം മാത്രമേയുള്ളൂ എന്ന കാര്യം പരിശോധിക്കുമോ;

(സി) 2010 മുതലുള്ള ഇത്തരം കേസ്സുകളുടെ എണ്ണത്തെക്കുറിച്ച് വിശദമായ വിവരം ലഭ്യമാക്കുമോ?

<u>വെങ്ങര ഐ.ടി.ഐ.</u>

904. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനു കീഴിൽ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ മാടായി വെങ്ങരയിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.യിൽ ഇപ്പോൾ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവിടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 310 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിനാൽ കൂടുതൽ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് വിദ്യാഭ്യാസാനുകൂല്യം</u>

905. **ശ്രീ.ഹൈബി ഈഡൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക്, വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) നിലവിൽ പ്രസ്തുത വിദ്യാഭ്യാസാനുകൂല്യത്തിനായി ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കാതെ എത്ര അപേക്ഷകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ?

<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വിദേശപഠനം</u>

906. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികൾക്ക് വിദേശപഠനത്തിന് അനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികൾക്ക് വിദേശപഠനത്തിന് അനുമതി നിഷേധിച്ചിട്ടുണ്ട്; കാരണ സഹിതം വ്യക്തമാക്കാമോ;

(സി) 2018 ജനുവരി 1നു ശേഷം വിദേശപഠനത്തിനുവേണ്ടി എത്ര കുട്ടികൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ; പ്രസ്തുത അപേക്ഷകളിൽ എന്ത് തീരുമാനം എടുത്തിട്ടുണ്ട് ; അപേക്ഷ നൽകിയ കുട്ടികളുടെ പേര്,

അഡ്രസ്സ്, വിദ്യാഭ്യാസ യോഗ്യത എന്നിവ വിശദമാക്കാമോ?

<u>നവചേതന പദ്ധതി</u>

907. ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളിലെ അവശേഷിക്കുന്ന നിരക്ഷരത ഇല്ലാതാക്കാനും പാതിവഴിയിൽ പഠനം മുടങ്ങിയവർക്ക് തുടർപഠനം ഒരുക്കാനും ലക്ഷ്യമിടുന്ന നവചേതന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പട്ടികജാതി വിഭാഗത്തിന്റെ നിലവിലെ സാക്ഷരതാനിരക്ക് എത്രയാണ് ; ഈ പദ്ധതി വഴി സാക്ഷരതാ നിരക്ക് എത്രശതമാനമായി ഉയർത്താൻ കഴിയുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ;

(സി) പദ്ധതിയുടെ ഭാഗമായി എത്ര സാക്ഷരതാകേന്ദ്രങ്ങളാണ് തുടങ്ങാൻ ആലോചിക്കുന്നത്; ഇതിനായി കോളനികളെ നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ കോളനികളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡവും പുതിയ കോളനികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമവും വിശദമാക്കാമോ?

<u>ആദിവാസി കുട്ടികൾക്ക് തുടർ വിദ്യാഭ്യാസം</u>

908. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാന്തര മേഖലയിൽ താമസിക്കുന്ന ആദിവാസികളുടെ മക്കൾ സെക്കണ്ടറി/ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തോടെ പഠനം നിർത്തുന്ന സ്ഥിതി വിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കുട്ടികൾക്ക് തുടർ വിദ്യാഭ്യാസം നൽകുന്നതിനുവേണ്ട പുതിയ പദ്ധതികൾ എന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ;

(സി) കോതമംഗലം മണ്ഡലത്തിലെ പതിനാറോളം ട്രൈബൽ സെറ്റിൽമെന്റുകളിൽ ഇപ്രകാരം പഠനം നിർത്തിയ കുട്ടികളുടെ വിവര ശേഖരണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ;

(ഡി) പൊതുവിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള ഗുണകരമായ മാറ്റം ആദിവാസി മേഖലയിൽ ഫലപ്രാപ്തിയിലെത്തിക്കുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇപ്രകാരം കോതമംഗലം മണ്ഡലത്തിലെ ആദിവാസി സെറ്റിൽമെന്റുകളിൽ ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

<u>കൊടക്കാട് മോഡൽ റസിഡൻഷ്യൽ ഹൈസ്കൂളിൽ പ്ലസ് ടു ബാച്ച് അനുവദിക്കാൻ നടപടി</u>

909. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കൊടക്കാട് പ്രവർത്തിക്കുന്ന പട്ടികജാതി വിഭാഗങ്ങൾക്കായുള്ള മോഡൽ റസിഡൻഷ്യൽ ഹൈസ്കൂളിൽ പ്ലസ് 2 ബാച്ച് അനുവദിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എസ്.സി. വിഭാഗത്തിന് പ്രസ്തുത ജില്ലയിലുള്ള ഏക വിദ്യാലയത്തിൽ നിന്നും എസ്.എസ്.എൽ.സി. ആദ്യ ബാച്ച് പുറത്തിറങ്ങി വർഷങ്ങൾ കഴിഞ്ഞിട്ടും പശ്ചാത്തല സൗകര്യങ്ങൾ ഏറെയുള്ള സ്ഥാപനത്തിൽ ഈ വർഷമെങ്കിലും പ്ലസ് ടു കോഴ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

## പട്ടിജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദേശ പഠനത്തിന് ധനസഹായം

910. ശ്രീ.വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ഉപരിപഠനം നടത്തുന്നതിന് അതതു വകുപ്പുകളിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നുണ്ടോ; ഇതിനുള്ള നിബന്ധനകൾ എന്തൊക്കെയാണ്; ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ലഭ്യമാക്കാമോ;

(ബി) ഇത്തരം ധനസഹായ അപേക്ഷകൾ തീർപ്പാക്കുന്നതിന് വകുപ്പ് ജീവനക്കാർ കാലതാമസം വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം കാലതാമസം വരുത്തുന്നത് നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ?

## പട്ടികജാതി /പട്ടികവർഗ വകുപ്പ് വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന സാമ്പത്തിക സഹായം

911. ശ്രീ.എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ വകുപ്പ് അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് കൊടുക്കുന്ന സാമ്പത്തിക സഹായം സമയബന്ധിതമായി വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന് വേണ്ടി എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികളുടെ പഠനനിലവാരം

912. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികളുടെ പഠനനിലവാരം സംബന്ധിച്ച് നടത്തിയ സർവ്വേകളുടെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകൾ എന്തൊക്കെയാണ്;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പട്ടികവർഗ്ഗവിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച സാമൂഹ്യ പഠനമുറി പദ്ധതി വിജയപ്രദമാണോ;

(ഡി) ഗോത്ര ബന്ധു പദ്ധതിയും ഗോത്ര സാരഥി പദ്ധതിയും ഇവരുടെ പഠന നിലവാരം ഉയർത്തുന്നതിന് എത്ര മാത്രം സഹായകമായി എന്ന് വെളിപ്പെടുത്തുമോ;

(ഇ) പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>മൂവാറ്റുപുഴ ആയവനയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ</u>

913. ശ്രീ.എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ആയവനയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

<u>ആദിവാസികൾക്കും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വേണ്ടി സാക്ഷരതാ പരിപാടികൾ</u>

914. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വേണ്ടി സാക്ഷരതാ പരിപാടികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും, ഈ വിഭാഗങ്ങൾക്കിടയിൽ നിരക്ഷരരുടെ എണ്ണം വർദ്ധിക്കുന്ന കാര്യം പരിശോധിക്കുമോ;

(ബി) സംസ്ഥാന സാക്ഷരത മിഷന്റെ തുല്യതാപരിപാടി ആദിവാസികൾക്കിടയിൽ നടക്കുന്നുവെങ്കിലും ഇൻസ്ട്രക്ടർമാർ പലപ്പോഴും ആദിവാസി വിഭാഗത്തിൽ നിന്നല്ലാത്തവരായതിനാൽ ഉദ്ദേശിച്ച ഫലം കാണുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ നേതൃത്വത്തിൽ ആദിവാസി സാക്ഷരതാ പരിപാടി ശക്തമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മാവേലിക്കര മോഡൽ റസിഡൻഷ്യൽ ഐ. ടി. ഐ.

915. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള ഐ. ടി. ഐ. മോഡൽ റസിഡൻഷ്യൽ ഐ. ടി. ഐ. ആയി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീ മെട്രിക് ഹോസ്റ്റൽ നിർമ്മാണം

916. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിലൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ ;

(ബി) ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ആദിവാസികൾക്ക് നിയമനം

917. ശ്രീ.കെ.എൻ.എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കുള്ള പ്രത്യേക സർക്കാർ നിയമനത്തിന് നിയമന ഉത്തരവ് നൽകിത്തുടങ്ങിയിട്ടുണ്ടോ; എങ്കിൽ, ജില്ലാടിസ്ഥാനത്തിൽ നിയമനം നൽകിയവരുടെ എണ്ണം അറിയിക്കാമോ;

(ബി) ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിലും കായിക ക്ഷമതാ പരീക്ഷകളിലും എന്തെങ്കിലും ഇളവുകൾ പ്രസ്തുത വിഭാഗക്കാർക്ക് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പരിശീലനത്തിനു പ്രവേശിക്കുന്നതിനായി 52000/- രൂപയുടെ ബോണ്ട് നൽകണമെന്ന വ്യവസ്ഥ കാരണം അവർ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കാമോ?

ബി.ഇ.ഒ തസ്തിക പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I ആയി ഉയർത്താൻ നടപടി

918. ശ്രീ.എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 15,000 നു മുകളിൽ പട്ടികജാതി ജനസംഖ്യ ഉള്ള ബ്ലോക്കുകളിലെ ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ (BEO) തസ്തിക പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I ആയി ഉയർത്തിയിട്ടുണ്ടോ;എങ്കിൽ സംസ്ഥാനത്ത് എത്ര ബ്ലോക്കുകളിലാണ് ഇത്തരത്തിൽ ഉയർത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) 15,000 നു മുകളിൽ പട്ടികജാതി ജനസംഖ്യയുള്ള എത്ര ബ്ലോക്കുകളിലെ തസ്തിക ഇനി ഉയർത്താനുണ്ടെന്നും അതിലെ കാലതാമസം എന്താണെന്നും അറിയിക്കാമോ;

(സി) മുഴുവൻ ബ്ലോക്കിലെയും ബ്ലോക്ക് എക്സ്റ്റൻഷൻ ഓഫീസർ(BEO) തസ്തിക ഗ്രേഡ്-I ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>മണലൂർ മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗം</u>

919. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 എന്നീ വർഷങ്ങളിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് മണലൂർ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും അടങ്കൽ തുകയും സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>നേമം മണ്ഡലത്തിലെ എസ്.സി കോർപ്പസ് ഫണ്ട് പ്രവൃത്തികൾ</u>

920. ശ്രീ.ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ നേമം നിയോജകമണ്ഡലത്തിൽ എസ്.സി. കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്നതിനായി അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

<u>കൊല്ലം ജില്ലാ ആഫീസിലേക്ക് അനുവദിച്ച കോർപ്പസ് ഫണ്ട്</u>

921. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ട് ഇനത്തിൽ 2017-18 വർഷത്തിൽ കൊല്ലം ജില്ലാ പട്ടികജാതി വികസന ആഫീസിലേക്ക് ഫണ്ട് അനുവദിച്ചിരുന്നോ;എങ്കിൽ എത്ര തുകയാണ് അനുവദിച്ചത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) ആരുടെയെല്ലാം ശുപാർശകൾ പ്രകാരമാണ് പ്രസ്തുത പദ്ധതികൾ പരിഗണിക്കപ്പെട്ടത് എന്ന് വിശദമാക്കുമോ?

<u>വാമനപുരം മണ്ഡലത്തിന് അനുവദിച്ച കോർപ്പസ് ഫണ്ട്</u>

922. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള രണ്ടു വർഷ കാലയളവിൽ പട്ടികവർഗ്ഗ വകുപ്പ് മുഖേന വാമനപുരം നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിന്മേൽ അനുമതി ലഭിച്ച പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ പുരോഗതിയും വിശദമാക്കാമോ?

<u>കോർപ്പസ് ഫണ്ടിലുൾപ്പെടുത്തിയ കാട്ടാക്കട മണ്ഡലത്തിലെ പ്രവൃത്തികൾ</u>

923. ശ്രീ.ഐ.ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17, 2017-18 വർഷങ്ങളിലായി കോർപ്പസ് ഫണ്ടിലുൾപ്പെടുത്തിയ കാട്ടാക്കട മണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിലായി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ആഗ്രഹിക്കുന്ന സ്കൂളിലും കോഴ്സുകൾക്കും ആദിവാസി വിഭാഗത്തിലെ കുട്ടികൾക്ക് പ്രവേശനം</u>

924. ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന സ്കൂളിലും കോഴ്സുകൾക്കും പ്രവേശനം ഉറപ്പാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പുമായി ധാരണയിൽ എത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>കിടത്തി ചികിത്സാകേന്ദ്രം</u>

925. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി, പട്ടികജാതി, തോട്ടം തൊഴിലാളികൾ കൂടുതലുള്ള അതിരപ്പിള്ളി പഞ്ചായത്തിൽ ആരോഗ്യ വകുപ്പുമായി സഹകരിച്ച് പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ ഫണ്ടുപയോഗിച്ച് ഒരു കിടത്തി ചികിത്സാകേന്ദ്രം അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കോങ്ങാട് മണ്ഡലത്തിലെ വർക്കുകൾ

926. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട് മണ്ഡലത്തിൽ എസ്.സി / എസ്.ടി വകുപ്പുകളുടെ ഭാഗമായി എത്ര വർക്കുകളാണ് നടപ്പിലാക്കിയിട്ടുള്ളത്; ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദവിവരം നൽകുമോ;

(ബി) ഇതിൽ പൂർത്തീകരിച്ച വർക്കുകളുടേയും നിർമ്മാണ നിർവ്വഹണ ഘട്ടത്തിലിരിക്കുന്നതിന്റെയും ഇനിയും നിർമ്മാണം ആരംഭിയ്ക്കാത്തതിന്റെയും വിശദവിവരങ്ങൾ നൽകുമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥലം വാങ്ങി വീട്ടു വെയ്ക്കാൻ പദ്ധതി

927. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ദരിദ്ര കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വെയ്ക്കാൻ സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ധനസഹായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഉൾപ്പെടുത്തി കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത്/നഗരസഭ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി ലഭ്യമാക്കാമോ;

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ചെങ്ങറ സമരക്കാർക്ക് ഭൂമി

928. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. ആർ. നാരായണൻ സഹകരണ പുനരധിവാസ വെൽഫയർ സൊസൈറ്റിയുടെ കീഴിൽ ചെങ്ങറ സമരക്കാർക്ക് കാസർഗോഡ് ജില്ലയിൽ ഭൂമി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ എവിടെ എപ്പോൾ എത്ര പേർക്ക് എത്ര സെന്റ് വീതം ഭൂമി നൽകിയെന്ന് വ്യക്തമാക്കാമോ;

(സി) ഭൂമി അനുവദിച്ചവരിൽ പട്ടിക വിഭാഗക്കാരും മറ്റ് പിന്നോക്കക്കാരും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഭൂമി നൽകിയവർക്കെല്ലാം പട്ടയം കിട്ടിയിട്ടുണ്ടോ; ഇനി എത്ര പേർക്ക് പട്ടയം കിട്ടാൻ ബാക്കിയുണ്ട് ; വ്യക്തമാക്കാമോ?

<u>എന്റെ വീട് പദ്ധതി</u>

929. ശ്രീ.എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഭവനരഹിതർക്കായി പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 'എന്റെ വീട് 'പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ശതമാനം പലിശയ്ക്കാണ് തുക അനുവദിക്കുന്നത്;

(സി) 'ലൈഫ് ' പദ്ധതിയുടെ ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ പദ്ധതിയിൽ നിന്നും ധനസഹായം ലഭിക്കുമോ എന്ന് അറിയിക്കുമോ?

<u>പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ</u>

930. ശ്രീ.കെ.വി.അബ്ദുൾ ഖാദർ

,, വി. ജോയി

,, എ. എൻ. ഷംസീർ

,, ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) പ്രസ്തുത കോർപ്പറേഷന്റെ പ്രധാന വായ്പാ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോർപ്പറേഷൻ എത്ര കോടി രൂപയുടെ വായ്പ വിതരണം നടത്തിയിട്ടുണ്ട്;

(ഡി) പ്രസ്തുത കോർപ്പറേഷന് ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>നെയ്യാറ്റിൻകരയിൽ സംസ്ഥാന പിന്നോക്ക ക്ഷേമ കോർപ്പറേഷന്റെ മേഖലാ ഓഫീസ്</u>

931. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംസ്ഥാന പിന്നോക്ക ക്ഷേമ കോർപ്പറേഷന്റെ മേഖലാ ഓഫീസിനു വേണ്ടി എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന പിന്നോക്ക ക്ഷേമ കോർപ്പറേഷന്റെ മേഖലാ ഓഫീസ് അനുവദിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ പൊതു ഖജനാവിൽ നിന്നും ധനം വിനിയോഗിക്കേണ്ട സാഹചര്യം ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) മേഖലാ ഓഫീസ് എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>കേരള ലളിതകല അക്കാദമിയിലെ അക്കൗണ്ടന്റ് തസ്തിക</u>

932. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലളിതകല അക്കാദമിയിലെ അക്കൗണ്ടന്റ് തസ്തികയിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ;എങ്കിൽ ആരെയാണ് നിയമിച്ചത്;

(ബി) ഈ നിയമനം എപ്രകാരമാണ് നടത്തിയത്; പരീക്ഷവഴിയാണോ കൂടിക്കാഴ്ച വഴിയാണോ നിയമനം നടത്തിയത്;

(സി) നിയമനം ലഭിച്ചയാൾക്ക് മുൻപരിചയമോ പ്രവൃത്തിപരിചയമോ ഉണ്ടായിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ദേശീയ ചലച്ചിത്ര അവാർഡ് വിതരണം</u>

933. ശ്രീ.ചിറ്റയം ഗോപകുമാർ
,, ഇ.കെ.വിജയൻ
,, ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ചലച്ചിത്ര അവാർഡ് വിതരണച്ചടങ്ങിൽ ബഹുമാനപ്പെട്ട രാഷ്ട്രപതി എല്ലാ ജേതാക്കൾക്കും അവാർഡ് വിതരണം നടത്തുകയില്ലെന്ന് സംസ്ഥാന സർക്കാരിന് അറിയിപ്പ് ലഭിച്ചിരുന്നോ; വ്യക്തമാക്കുമോ;

(ബി) കാലാകാലങ്ങളായി ബഹുമാനപ്പെട്ട രാഷ്ട്രപതി വിതരണം ചെയ്തിരുന്ന അവാർഡ് നൽകുന്ന രീതി ഇത്തവണ അട്ടിമറിച്ചതിന് പിന്നിൽ ഏതെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടന്നിട്ടുണ്ടെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) അവാർഡ് ജേതാക്കളെ രണ്ട് തട്ടിലാക്കി കാണിക്കുന്ന ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വ്യക്തമാക്കുമോ?

<u>സാംസ്കാരിക രംഗത്ത് വനിതകളെ പ്രത്യേകമായി കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ</u>

934. **ശ്രീ.ഐ.ബി. സതീഷ് :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാംസ്കാരിക രംഗത്ത് വനിതകളെ പ്രത്യേകമായി കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ സാംസ്കാരിക വകുപ്പ് വഴി നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>നേമം നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ</u>

935. **ശ്രീ.ഒ. രാജഗോപാൽ :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇവയ്ക്കായി എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

<u>നാടൻ കലാരൂപങ്ങളുടെ സംരക്ഷണം</u>

936. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടൻകലകൾ തനതായ രീതിയിൽ സംരക്ഷിക്കപ്പെടുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നാടൻകലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഓരോ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>കലാകാരന്മാർക്കുള്ള പെൻഷൻ പദ്ധതി</u>

937. **ശ്രീ.ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരന്മാർക്ക് നൽകി വരുന്ന പെൻഷൻ പദ്ധതിയിൽ ഏതെല്ലാം കലാ മേഖലയിലുള്ളവരാണ് ഉൾപ്പെട്ടിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ഈ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ;

(സി) മലബാറിലെ സജീവ കലാരൂപമായ കോൽക്കളി കലാകാരന്മാർക്ക് പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ നൽകി വരുന്നുണ്ടോ;

(ഡി) എങ്കിൽ മലപ്പുറം ജില്ലയിൽ എത്ര കോൽക്കളി കലാകാരന്മാർ പെൻഷൻ വാങ്ങുന്നുണ്ടെന്നും ഇവരുടെ വിശദാംശങ്ങളും അറിയിക്കാമോ?

<u>പാർലമെന്ററി കാര്യവകുപ്പിന്റെ കുട്ടികൾക്കായുള്ള പരിപാടികൾ</u>

938. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിൽ പാർലമെന്ററി അവബോധം വർദ്ധിപ്പിക്കുന്നതിനായി നടത്തികൊണ്ടിരിക്കുന്ന വിവിധ പരിപാടികൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(ബി) പാർലമെന്ററികാര്യ വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന കുട്ടികൾക്കായുള്ള സെമിനാർ കോഴിക്കോട് ജില്ലയിൽ ഏതൊക്കെ സ്കൂളുകളിൽ നടന്നിട്ടുണ്ട് എന്നറിയിക്കാമോ?

<u>ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്</u>

939. ശ്രീ.എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് 2018-19 വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി ഇൻസ്റ്റിറ്റ്യൂട്ട് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നിലവിൽ രാഷ്ട്രീയവും, സാമൂഹികപരവുമായി പ്രാധാന്യമുള്ള ഏതെങ്കിലും വിഷയങ്ങളിൽ പഠനവും, ഗവേഷണവും നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിനെ പാർലമെന്ററി ഇൻഫർമേഷൻ ആന്റ് റിസർച്ച് സെന്ററായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്?

<u>ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ്</u>

940. ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തിരുവല്ലത്തുള്ള ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സിൽ ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ;

(ബി) എത്ര കോടിരൂപയാണ് പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളത്; വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്നതാണെന്നും പണം മുടക്കി ദ്രോഹം വരുത്തുന്നതാണെന്നുമുള്ള അടൂർ ഗോപാലകൃഷ്ണന്റെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സാധാരണ ആളുകൾക്ക് എത്തിച്ചേരുവാൻ അസൗകര്യമുള്ള തിരുവല്ലത്ത് ഫിലിം ഫെസ്റ്റിവൽ നടത്തിയാൽ സിനിമ കാണുവാൻ ആളില്ലാത്ത അവസ്ഥ വരുമെന്നും അത് ഫെസ്റ്റിവൽ തന്നെ നിന്നുപോകുന്നതിന് ഇടയാക്കുമെന്ന അഭിപ്രായം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ടാഗോർ തീയേറ്റർ വളപ്പിൽ ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാണോ; എങ്കിൽ തിരുവല്ലത്തിന് പകരം പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തുന്നതിന് തീരുമാനിക്കുമോ; വിശദമാക്കുമോ?

<u>സിനിമാ ടാക്കീസുകൾ</u>

941. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിനിമാ ടാക്കീസുകൾ ഗ്രാമീണ മേഖലയിലടക്കം തിരിച്ചുകൊണ്ടുവരുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ബി) 2016 മുതൽ എത്ര പുതിയ സിനിമാ തീയേറ്ററുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>കായംകുളം മൾട്ടിപ്ലക്സ് തീയറ്റർ നിർമ്മാണം</u>

942. ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളത്ത് അനുവദിച്ച മൾട്ടിപ്ലക്സ് തീയറ്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലുള്ള പുരോഗതി വിശദമാക്കുമോ?

<u>ചലച്ചിത്ര വികസന കോർപ്പറേഷൻ</u>

943. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചലച്ചിത്ര വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ; പുതിയ സിനിമാ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങൾ നല്കുന്നുവെന്ന്

വിശദമാക്കാമോ?

<u>സർക്കാർ വക സിനിമ തീയേറ്ററുകൾ</u>

944. ശ്രീ.വി.ടി.ബൽറാം

,, പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സർക്കാർ അധീനതയിൽ പുതുതായി സിനിമ തീയേറ്ററുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് കൂടുതൽ സ്ഥലങ്ങളിൽ സർക്കാർ അധീനതയിൽ പുതുതായി സിനിമ തീയേറ്ററുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>കുട്ടികളുടെ രാജ്യാന്തര ചലച്ചിത്രമേള</u>

945. ശ്രീ.കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കുട്ടികളുടെ രാജ്യാന്തര ചലച്ചിത്രമേളയിൽ കുട്ടികളായിട്ടുള്ള എത്ര ഡെലിഗേറ്റുകൾ പങ്കെടുത്തു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ചലച്ചിത്ര മേളയിൽ എത്ര ചിത്രങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഒറ്റപ്പാലത്ത് തിയേറ്റർ നിർമ്മാണം</u>

946. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് കെ .എസ്.എഫ് .ഡി .സി യുടെ കീഴിൽ സ്ഥാപിക്കുന്ന തിയേറ്റർ സമുച്ചയ നിർമ്മാണത്തിന്റെ ഡി .പി .ആർ തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സമർപ്പിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡി .പി .ആർ സർക്കാർ അംഗീകരിച്ചോ; അംഗീകരിച്ചു എങ്കിൽ മേൽ നടപടികൾ സ്വീകരിക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) തിയേറ്റർ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>നെയ്യാറ്റിൻകരയിലെ കെ.എസ്.എഫ്.ഡി.സി. തിയേറ്റർ</u>

947. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ കെ.എസ്.എഫ്.ഡി.സി. ആരംഭിക്കാൻ പോകുന്ന തിയേറ്ററിന്റെ ഡി.പി.ആർ. കിറ്റ്കോ പൂർത്തീകരിച്ച് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) നെയ്യാറ്റിൻകരയിൽ ആരംഭിക്കുന്ന കെ.എസ്.എഫ്.ഡി.സി. തിയേറ്ററിന് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.എഫ്.ഡി.സി. നെയ്യാറ്റിൻകരയിൽ ആരംഭിക്കുന്ന തിയേറ്ററിൽ എന്തൊക്കെ സൗകര്യങ്ങൾ ആണ് ഒരുക്കുന്നത് ; എത്ര പേർക്ക് ഇരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.എഫ്.ഡി.സി. തിയേറ്റർ ഏത് വർഷത്തിൽ പണിപൂർത്തീകരിച്ച് തുറന്നുനൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

<u>സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ</u>

948. ശ്രീ.വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായുള്ള സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യവും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അതിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണ്; പ്രസ്തുത ശുപാർശകൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ;വിശദാംശം ലഭ്യമാക്കുമോ?

<u>ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം</u>

949. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നടപ്പിലാക്കിയ ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനത്തിന്റെ വിശദമായ വിവരം ലഭ്യമാക്കാമോ;

(ബി) ഈ സംവിധാനം ഏതൊക്കെ സ്ഥലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>വനമേഖലയിലെ മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ</u>

950. ശ്രീ.മുല്ലക്കര രത്നാകരൻ

,, ആർ. രാമചന്ദ്രൻ

,, കെ. രാജൻ

,, വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ നടക്കുന്ന മണ്ണ്-ജല സംരക്ഷണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വനാതിർത്തിയിലുള്ള നദികൾ, കുളങ്ങൾ എന്നിവയുടെ സംരക്ഷണത്തിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വനമേഖലയിലെ ജലാശയങ്ങൾ വൃത്തിയാക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

## വനപരിപാലനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

951. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപരിപാലനത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ കാടുകളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

## പെരുമാൾമുടി കുന്നിൽ തമിഴ് നാടിന്റെ വനം കൈയ്യേറ്റം

952. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി - അഗളി ഫോറസ്റ്റ് റെയിഞ്ചിന് കീഴിലുള്ള മൂലങ്കൽ പെരുമാൾമുടി കുന്നിൽ തമിഴ്നാട് കേരള വനഭൂമി കൈയ്യേറിയെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## കോന്നി ഫയർ സ്റ്റേഷന് വനം വകുപ്പിന്റെ സ്ഥലം

953. ശ്രീ.അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഫയർ സ്റ്റേഷൻ നിർമ്മാണത്തിൽ വനം വകുപ്പിന്റെ കൈവശമുള്ള 40 സെന്റ് സ്ഥലം വിട്ടു കൊടുക്കുന്നതിൽ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 01.10.2014 ൽ അന്നത്തെ വനം വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ കൂടിയ യോഗത്തിലും 23.05.2017 ലെ വനം വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ കൂടിയ യോഗത്തിലും കൈക്കൊണ്ടിട്ടുള്ള തീരുമാനം നടപ്പാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ആയതു പരിഹരിക്കുന്നതിൽ നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈകൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ഡി) ഇതുസംബന്ധിച്ച നടപടികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ?

<u>ആദിവാസികൾക്ക് വനഭൂമിയിലുള്ള അവകാശം</u>

954. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് വനഭൂമിയിലുള്ള അവകാശം സംബന്ധിച്ച് സുപ്രീം കോടതിയിൽ നിലവിലുള്ള കേസിൽ മറുപടി ഫയൽ ചെയ്യാത്തത് സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) 2006ലെ നിയമത്തിന്റെ സാധുത ചോദ്യം ചെയ്ത് വൈൽഡ് ലൈഫ് ഫസ്റ്റ് എന്ന സംഘടന നൽകിയ ഹർജിയിൽ അടിയന്തരമായി മറുപടി നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് സുപ്രീം കോടതി നിർദ്ദേശിച്ച പിഴ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിലെ ലീഗൽ സർവ്വീസസ് കമ്മിറ്റിയിലേയ്ക്ക് ഒടുക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>വന ഭൂമി കൈയ്യേറ്റവുമായി ബന്ധപ്പെട്ട കേസുകൾ</u>

955. ശ്രീ.മുല്ലക്കര രത്നാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന ഭൂമി കൈയ്യേറ്റവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) എത്ര വന ഭൂമി നിയമപരമായി വീണ്ടെടുത്തുവെന്ന് വെളിപ്പെടുത്താമോ?

<u>മൂന്നാർ കുറിഞ്ഞി മല കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി</u>

956. ശ്രീ.പി.ടി. തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ വനം ഡിവിഷന്റെ കീഴിൽ വരുന്ന കുറിഞ്ഞി മല സങ്കേതത്തിൽ ഉൾപ്പെട്ട വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിലെ കൈയ്യേറ്റം പരിശോധിക്കുന്നതിന് സബ് കളക്ടറെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സെറ്റിൽമെന്റ് ഓഫീസർ നടപടി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;എങ്കിൽ എത്ര ഏക്കർ ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടെന്ന വ്യക്തമാക്കാമോ;

(സി) നീലക്കുറിഞ്ഞി ഉദ്യാനം സംരക്ഷിക്കുന്നതിനും അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന വിശദീകരിക്കുമോ?

<u>മണിയാറൻകുടി-ഉടുമ്പന്നൂർ റോഡ് പുനരുദ്ധാരണം</u>

957. ശ്രീ.റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാറൻകുടി-ഉടുമ്പന്നൂർ റോഡ് പുനരുദ്ധാരണം സംബന്ധിച്ച് അങ്ങയുടെ അധ്യക്ഷതയിൽ 25.05.2017-ൽ കൂടിയ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികൾ ഒരു വർഷം കഴിഞ്ഞിട്ടും നടപ്പാക്കാൻ കഴിഞ്ഞില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ ജോലികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ?

<u>കാവുകൾ സംരക്ഷിക്കുന്നതിന് ധനസഹായം</u>

958. ശ്രീ.ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലുള്ള കാവുകൾ സംരക്ഷിക്കുന്നതിനായി 2014 ജനുവരി മുതൽ 2018 ജനുവരി വരെയുള്ള കാലയളവിൽ വനം വകുപ്പ് എത്ര കാവുകൾക്ക് ധനസഹായം നൽകിയെന്ന് വ്യക്തമാക്കാമോ; ഓരോ കാവിനും നൽകിയ തുക എത്രയെന്ന് വിശദമാക്കാമോ;

(ബി) കാവ്,കുളം എന്നിവ സംരക്ഷിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും പദ്ധതി പ്രകാരമുള്ള ധനസഹായം എത്രയാണെന്നും വ്യക്തമാക്കാമോ?

<u>സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിനായി നടപ്പാക്കിയ പദ്ധതികൾ</u>

959. ശ്രീ.പി.വി. അൻവർ

,, ആന്റണി ജോൺ

,, സി.കെ. ഹരീന്ദ്രൻ

,, കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വനാതിർത്തികൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കാട്ടുതീ പടർന്നു പിടിച്ചാൽ അത് ഉപഗ്രഹ സഹായത്താൽ കണ്ടുപിടിക്കാൻ സാധിക്കുന്ന ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം നടപ്പിലായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രധാന വെല്ലുവിളിയായ ആശയവിനിമയ സംവിധാനങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് ഡിജിറ്റൽ വയർലെസ്സ് കമ്മ്യൂണിക്കേഷൻ നെറ്റ് വർക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഗ്രീൻഇൻഡ്യ മിഷൻ പ്രവർത്തനങ്ങൾ</u>

960. ശ്രീ.ഐ.ബി. സതീഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി - വനസംരക്ഷണത്തിന്റെ ഭാഗമായി ഗ്രീൻഇൻഡ്യ മിഷൻ കേരളത്തിൽ നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിനായി പദ്ധതി പ്രദേശത്തെ തെരഞ്ഞെടുക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ;

(സി) പദ്ധതി നടപ്പിലാക്കുന്ന രീതിയെ സംബന്ധിച്ച് വ്യക്തമാക്കാമോ?

<u>ബൈപ്പാസിനു വേണ്ടി മുറിച്ചു മാറ്റിയവയ്ക്ക് പകരം മരങ്ങൾ</u>

961. ശ്രീ.എം. വിൻസെന്റ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം-മുക്കോല ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് മരങ്ങൾ മുറിച്ചുമാറ്റിയതിന് പകരമായി എത്ര മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിനാണ് തീരുമാനം എടുത്തിട്ടുള്ളതെന്നും എത്ര മരങ്ങൾ വച്ച് പിടിപ്പിച്ചുവെന്നും അറിയിക്കുമോ;

(ബി) വിഴിഞ്ഞം നിർമ്മാണ പദ്ധതി പ്രദേശത്ത് മുറിക്കുന്ന മരങ്ങൾക്ക് പകരം വൃക്ഷതൈ വച്ച് പിടിപ്പിക്കുവാൻ വനം വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് പ്രസ്തുത മരങ്ങൾ വച്ച് പിടിപ്പിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ബൈപ്പാസ് നിർമ്മാണത്തിന് വേണ്ടി മുറിച്ച മരങ്ങൾക്ക് പകരം മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള സ്ഥലത്ത് തന്നെയാണോ പ്രസ്തുത മരങ്ങളും നടുന്നത് എന്ന് വ്യക്തമാക്കുമോ;?

<u>സോഷ്യൽ ഫോറസ്ട്രി വിഭാഗം</u>

962. ശ്രീ.വി.പി.സജീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഇടങ്ങളിൽ നിന്ന് സോഷ്യൽ ഫോറസ്ട്രി വിഭാഗം ഏറ്റെടുക്കുന്ന നാട്ടാന കൊമ്പുകൾ നിലവിൽ എവിടെയാണ് സൂക്ഷിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) അവ സൂക്ഷിക്കുന്നതിന് ഏതെങ്കിലും ഏകീകൃത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യമെന്താണെന്ന് വെളിപ്പെടുത്തുമോ?

<u>സോഷ്യൽ ഫോറസ്ട്രി പ്രവർത്തനങ്ങൾ</u>

963. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ജില്ലകളിൽ സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി വനവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്; ഏതൊക്കെ രീതിയിൽ എന്ന് വ്യക്തമാക്കുമോ;

(ബി) സോഷ്യൽ ഫോറസ്ട്രിയ്ക്ക് വേണ്ടി കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിയ്ക്കുന്നുണ്ടോ; എങ്കിൽ കഴിഞ്ഞ 2 വർഷം എത്ര തുക ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ?

(സി)

<u>പൊതുസ്ഥലങ്ങളിലെ മരം മുറിക്കുന്നതിനുള്ള നടപടികൾ</u>

964. **ശ്രീ.പി.വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിലെ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അനുവാദം നൽകേണ്ടത് ആരാണെന്നും ഇതിനായുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) മുറിച്ചുമാറ്റേണ്ട മരങ്ങളുടെ വില കണക്കാക്കുന്നതിന്റെ അടിസ്ഥാനമെന്താണ്; ഇങ്ങനെ കണക്കാക്കുന്ന തുക പലപ്പോഴും മാർക്കറ്റ് വിലയേക്കാളും ഉയർന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ കണക്കാക്കുന്ന ഉയർന്ന മരവിലയും 18% ജി. എസ്. റ്റി . യും ചേർത്ത തുകയ്ക്ക് ലേലം കൈകൊള്ളാൻ ആളില്ലാത്ത സാഹചര്യത്തിൽ മരം മുറിച്ചു മാറ്റുന്നതിനുള്ള തുടർനടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ?

<u>കേരള വനംവികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ</u>

965. **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിലുള്ള കേരള വനംവികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി ആരെയാണ് നിയമിച്ചിട്ടുള്ളത്;

(ബി) ചീഫ് കൺസർവേറ്റർ റാങ്കിലുള്ള ഉദ്യോഗസ്ഥന് പകരം ഡെപ്യൂട്ടി കൺസർവേറ്റർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ മാനേജിംഗ് ഡയറക്ടറായി നിയമിച്ച നടപടി കേരള ഹൈക്കോടതി റദ്ദ് ചെയ്തിട്ടുണ്ടോ;

(സി) നിയമനം കോടതി റദ്ദാക്കിയ ശേഷവും മാനേജിംഗ് ഡയറക്ടർ സ്ഥാനത്ത് നിലവിലുള്ള വ്യക്തി തുടരുന്നത് എന്ത് കൊണ്ടാണ്; വിശദമാക്കാമോ;

(ഡി) നിയമവിരുദ്ധമായി നിയമനം നേടിയ വ്യക്തിയെ മാനേജിംഗ് ഡയറക്ടർ സ്ഥാനത്ത് നിന്നും പുറത്താക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>വനസംരക്ഷണ സമിതി പ്രവർത്തകരുടെ വേതനം</u>

966. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലകളിൽ സേവനമനുഷ്ഠിക്കുന്ന വനസംരക്ഷണ സമിതി പ്രവർത്തകരുടെ വേതനം പുതുക്കി നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഉത്തരവിറക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വികരിക്കുമോ;

(സി) പുതുതായി നിശ്ചയിക്കുന്ന കൂലി നിരക്കുകൾ സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ?

<u>വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ സുരക്ഷക്ക് നടപടി</u>

967. **ശ്രീ.ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂരിലെ മാവോയിസ്റ്റ് വെടിവെപ്പിന് ശേഷം വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ സുരക്ഷക്കായി എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ബി) വന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഡ്യൂട്ടി ഓഫ് നൽകുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) മറയൂർ സാന്റൽ ഡിവിഷന്റെ കീഴിലുള്ള വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഡ്യൂട്ടി ഓഫ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ആദിവാസികൾക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി പ്രത്യേക നിയമനം</u>

968. **ശ്രീ.ഐ.സി.ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാശ്രിതരായ ആദിവാസി വിഭാഗത്തിൽപ്പെടുന്നവർക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി പ്രത്യേക നിയമനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എത്രപേർക്കാണ് ഇപ്രകാരം നിയമനം നൽകുന്നതെന്നും എന്നത്തേക്ക് നിയമനം നൽകാനാകുമെന്നും അറിയിക്കുമോ?

<u>വനശ്രീ മണൽ വിൽപ്പന</u>

969. **ശ്രീ.അബ്ദുൽ ഹമീദ് പി. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനശ്രീ മണൽ വിൽപ്പനയിൽ 2017 മുതൽ 2018 ഏപ്രിൽ വരെ ലഭിച്ച വരവ് എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്ര അളവ് മണലാണ് ഈ കാലയളവിൽ ഖനനം ചെയ്ത് വില്പന നടത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത മണൽ വില്പനയിൽ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

<u>സൃഷ്ടി സ്കോളർഷിപ്പ്</u>

970. **ശ്രീ.റോഷി അഗസ്റ്റിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് നൽകിവരുന്ന സൃഷ്ടി സ്കോളർഷിപ്പ് ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇടുക്കി നിയോജകമണ്ഡലത്തിൽ നിന്നും സൃഷ്ടി സ്കോളർഷിപ്പിനു വേണ്ടിയുള്ള അപേക്ഷ പരിഗണിക്കപ്പെടാതെ പോയതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി നടപ്പ സാമ്പത്തിക വർഷം എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയ അദ്ധ്യയന വർഷം മുതൽ പ്രസ്തുത സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിക്കുന്നതിനായി മുൻകൂട്ടി അറിയിപ്പ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>വനശ്രീ ഉൽപന്നങ്ങളുടെ വിറ്റു വരവ്</u>

971. ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ജൂൺ മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവിൽ വനശ്രീ ഉൽപന്നങ്ങളുടെ വിറ്റു വരവിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ വള്ളിക്കുന്നിൽ പ്രസ്തുത കാലയളവിൽ വനം വകുപ്പിന്റെ നേതൃത്വത്തിൽ നടന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>റെയിൽ ഫെൻസിംഗ്</u>

972. ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗശല്യം തടയുന്നതിന് മാനന്തവാടി മുനിസിപ്പാലിറ്റിയിലെ പയ്യമ്പള്ളി-കൂടൽകടവ് മേഖലയിൽ റെയിൽ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമായി എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ ധനസഹായം കിഫ്ബിയിൽ നിന്നാണോ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കിഫ്ബി ഡയറക്ടർ ബോർഡ് റെയിൽ ഫെൻസിംഗ് പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ?

<u>കാട്ടുതീ</u>

973. ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2017, 2018 വർഷങ്ങളിൽ ഏതൊക്കെ സ്ഥലങ്ങളിൽ കാട്ടുതീയുണ്ടായി എന്ന് വെളിപ്പെടുത്തുമോ;

(ബി) കാട്ടുതീ കാരണം മേൽപ്പറഞ്ഞ വർഷങ്ങളിൽ എത്ര ഹെക്ടർ വനം കത്തി നശിച്ചു എന്ന് വ്യക്തമാക്കുമോ?

### വനഭൂമിയും റവന്യൂ ഭൂമിയും തമ്മിൽ അതിർത്തി നിർണ്ണയം

974. ശ്രീ.പി.കെ.ബഷീർ
,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനഭൂമിയും റവന്യൂ ഭൂമിയും തമ്മിൽ അതിർത്തി നിർണ്ണയിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾ തമ്മിൽ സംയുക്ത വെരിഫിക്കേഷൻ നടത്തി ജണ്ടകെട്ടി വേർതിരിക്കാത്തത് മൂലം പല വില്ലേജുകളിലും കരം സ്വീകരിക്കുന്നില്ല എന്നതും പലയിടങ്ങളിലും പട്ടയം നല്കാൻ തടസ്സമാകുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യം പരിഹരിക്കുന്നതിനായി ,ജണ്ട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ഡീമാർക്കേഷൻ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ് മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) പ്രസ്തുത മൊഡ്യൂൾ അടിസ്ഥാനമാക്കി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; സംസ്ഥാനത്ത് പ്രസ്തുത പ്രശ്നങ്ങൾ ഏതെല്ലാം പ്രദേശങ്ങളിൽ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ?

### വന്യമൃഗങ്ങളുടെ ആക്രമണം മൂലം കാർഷിക നഷ്ടം

975. ശ്രീ.വി.ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണം മൂലം 2017-2018 കാലയളവിൽ സംഭവിച്ച കാർഷിക നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈയിനത്തിൽ നഷ്ടപരിഹാരമായി വിതരണം ചെയ്ത തുക എത്രയെന്നു വ്യക്തമാക്കാമോ;

(സി) വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം;വിശദാംശം വെളിപ്പെടുത്താമോ?

### കിഴക്കഞ്ചേരിയിൽ വൈദ്യുതി ലഭിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി

976. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ കിഴക്കഞ്ചേരി പഞ്ചായത്തിലെ ചൂരുപാറ-മണ്ണെണ്ണക്കയം - പ്രദേശത്തെ ഭവനങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിനായി വനം വകുപ്പിന്റെ അനുമതി ആവശ്യപ്പെട്ട് നൽകിയ ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ;

(ബി) പ്രദേശവാസികൾക്ക് ഉടൻ വൈദ്യുതി ലഭിക്കുന്നതിന് വനം വകുപ്പിന്റെ എൻ. ഒ. സി. വൈദ്യുതി വകുപ്പിന് എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

## <u>കോട്ടൂർ ആനപരിപാലന കേന്ദ്രം</u>

977. **ശ്രീ.കെ.എസ്.ശബരീനാഥൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ ആനപരിപാലന കേന്ദ്രം വികസിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) കോട്ടൂർ ആനപരിപാലന കേന്ദ്രം വികസിപ്പിക്കുന്നതിന് കിഫ്ബിയിൽ നിന്നും ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ എത്ര കോടി രൂപയുടെ പ്രോജക്ടാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഏത് ഏജൻസി വഴിയാണ് വിപുലീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് കേന്ദ്രമായി കോട്ടൂരിനെ വികസിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## <u>മനുഷ്യ- വന്യജീവി സംഘർഷം</u>

978. **ശ്രീ.സി. ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ- വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ജനവാസ മേഖലകളിൽ വന്യമൃഗങ്ങൾ എത്തിയാൽ ബന്ധപ്പെട്ടവരെ അറിയിക്കുന്നതിന് എസ്.എം.എസ്. വഴി മുന്നറിയിപ്പ് നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

## <u>വന്യജീവി ആക്രമണം</u>

979. **ശ്രീ.പി.കെ. ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ നാട്ടിലിറങ്ങി കാർഷിക വിളകൾ നശിപ്പിക്കുന്നതും മനുഷ്യ ജീവന് അപകടം ഉണ്ടാക്കുന്നതും തടയുവാൻ വനം വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ ആന/മാൻ/കുരങ്ങ്/മ്ലാവ്/കാട്ടുപന്നി/മുള്ളൻ പന്നി തുടങ്ങി വന്യജീവികൾ നടത്തിയ വിള നശീകരണം, വീടുനശീകരണം , മനുഷ്യർക്കെതിരെ നടത്തിയ ആക്രമണം , കൊലപ്പെടുത്തലുകൾ തുടങ്ങിയവ സംബന്ധിച്ച് എത്ര കേസുകൾ വനം വകുപ്പ് രജിസ്റ്റർ ചെയ്തു എന്ന് വ്യക്തമാക്കുമോ;

(സി) ഓരോ കേസ്സിലുമായി എത്ര തുകയുടെ നാശനഷ്ടമുണ്ടായി എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നാശ നഷ്ടത്തിന് വിധേയരായവരിൽ എത്രപേർക്ക് സഹായം നല്കി; എത്ര പേർക്ക് നല്കവാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>വാമനപുരം മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായവർ</u>

980. **ശ്രീ.ഡി.കെ. മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർ എത്രയാണ്; മരണമടഞ്ഞവർ എത്രയാണ്; വിശദവിവരങ്ങൾ നൽകാമോ;

(ബി) അതിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്;

(സി) ഇനി എത്ര പേർക്ക് ആനുകൂല്യം ലഭിക്കാനുണ്ട്; വിശദവിവരങ്ങൾ നൽകാമോ?

<u>വന്യമൃഗശല്യം കാരണം കാർഷിക വിളകൾക്കുണ്ടായ നാശം</u>

981. **ശ്രീ.സി. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വന്യമൃഗശല്യം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) വന്യമൃഗശല്യം കാരണം കാർഷിക വിളകൾക്കുണ്ടായ നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>വന്യജീവികളുടെ ആക്രമണത്തിന് നഷ്ടപരിഹാരം</u>

982. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന കാർഷിക വിള നാശത്തിന് ഏത് മാനദണ്ഡമനുസരിച്ചാണ് നഷ്ടപരിഹാരം നല്കി വരുന്നത്;

(ബി) പ്രസ്തുത നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് നൽകിവരുന്ന ധനസഹായം</u>

983. **ശ്രീ.പി.കെ.ബഷീർ**

**,, വി.കെ.ഇബ്രാഹിം കുഞ്ഞ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ കഴിയുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് വനം-വന്യജീവി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്ന/മരണമടയുന്നവരുടെ ആശ്രിതർക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ;എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം മലപ്പുറം ജില്ലയിൽ എത്രയാളുകൾക്ക് മേൽപ്പറഞ്ഞ വിധത്തിൽ ധനസഹായം നൽകിയിട്ടുണ്ട്;വിശദാംശം നൽകുമോ?

<u>വന്യമൃഗങ്ങളുടെ ഭീഷണി</u>

984. ശ്രീ.രാജു എബ്രഹാം

,, ഒ. ആർ. കേളു

,, ആന്റണി ജോൺ

,, ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിലും വാൽപ്പാറയിലും വയനാട്ടിലും കടുവ മനുഷ്യരെ കൊന്നു തിന്ന സംഭവങ്ങളുടെ പശ്ചാത്തലത്തിൽ വന്യമൃഗങ്ങൾ മനുഷ്യജീവന് ഭീഷണിയാകുന്നത് തടയാൻ വനം വകുപ്പ് സമഗ്രപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ;

(ബി) പ്രതിവർഷം ഉദ്ദേശം നൂറുപേർ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നുണ്ടെന്ന റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ വനപ്രദേശങ്ങളോട് ചേർന്നുള്ള പ്രദേശങ്ങളിൽ വസിക്കുന്നവർക്ക് സുരക്ഷയ്ക്കായി തോക്കുപയോഗിക്കാൻ അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ക്യാമറാ ട്രാപ്പ്,റെയിൽ ഫെൻസിംഗ്,എസ്.എം.എസ് അലെർട്ട് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ കാര്യക്ഷമമായി പ്രാവർത്തികമാക്കാൻ നടപടിയെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>മൃഗങ്ങളിലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ</u>

985. ശ്രീമതി ഇ.എസ്.ബിജിമോൾ

ശ്രീ.ഇ.കെ.വിജയൻ

,, കെ. രാജൻ

,, വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗങ്ങളിലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) മുഴുവൻ കന്നുകാലികൾക്കും കുളമ്പ് രോഗത്തിനെതിരെ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിന് പദ്ധതി നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(സി) കോഴി,താറാവ് തുടങ്ങിയ പക്ഷികൾക്ക് നൽകുന്ന പ്രതിരോധ കുത്തിവയ്പ്പുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കുത്തിവയ്പ്പ് എടുക്കുന്ന മൃഗങ്ങൾക്ക് ചെവിയിൽ ടാഗ് അടിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ നൂതന പദ്ധതികൾ

986. ശ്രീ.കെ.വി.വിജയദാസ്
,, എസ്.രാജേന്ദ്രൻ
,, മുരളി പെരുനെല്ലി
,, എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മൃഗാശുപത്രികളുടെ ശാക്തീകരണത്തിനും വികസനത്തിനുമായി സർക്കാർ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്;

(സി) മൃഗചികിത്സാ മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) മുഴുവൻ പശുക്കുട്ടികൾക്കും ശാസ്ത്രീയ പരിചരണം ലഭ്യമാക്കുന്നതിന് 'ഗോവർദ്ധിനി' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി

987. ശ്രീ.വി.ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതി പ്രകാരം എത്ര കന്നുകാലികളെ ഇൻഷ്വർ ചെയ്യുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ലക്ഷ്യം നേടുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്ക് നാഷണൽ ലൈവ് സ്റ്റോക്ക് മിഷൻ മുഖേന ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## ഫാമുകൾ ആരംഭിക്കുന്നതിനായുള്ള പദ്ധതികൾ

988. ശ്രീ.സി.കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആട്, കോഴി, പശു എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിനും ഫാമുകൾ ആരംഭിക്കുന്നതിനുമായി മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്നുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) പാറശ്ശാലയിലെ ആടുവളർത്തൽ കേന്ദ്രത്തിലെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## കോഴിവില

989. ശ്രീ.ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോഴിവില നിയന്ത്രിക്കുമെന്ന സർക്കാർ പ്രഖ്യാപനത്തിന് ശേഷവും യാതൊരു നിയന്ത്രണവുമില്ലാതെ ഇറച്ചിക്കോഴി വില വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില നിയന്ത്രിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശം നൽകുമോ;

(ഡി) തമിഴ് നാട്ടിലെ കോഴിക്കച്ചടവക്കാർ കോഴിവില നിശ്ചയിച്ച് അമിതലാഭം കൊയ്യുന്ന പ്രവണത ഇല്ലാതാക്കുന്നതിനും, ഹോർമോണില്ലാത്ത കോഴിയിറച്ചി ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കോഴിയിറച്ചിയുടെ വില വർദ്ധനവ്

990. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിയിറച്ചിയുടെ വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കോഴിയിറച്ചിയുടെ വില പിടിച്ച് നിർത്തുന്നതിനും, സർക്കാർ നിയന്ത്രണത്തിൽ കോഴിക്കടകൾ ആരംഭിക്കുന്നതിനും ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഏതൊക്കെ ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ?

## ഈവനിംഗ് വെറ്ററിനറി ക്ലിനിക്

991. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിൽ മൃഗസംരക്ഷണ വകുപ്പിന്റെ ഈവനിംഗ് ക്ലിനിക് പ്രവർത്തിക്കുന്നുണ്ടോ; ഏതെല്ലാം വെറ്ററിനറി ആശുപത്രികളിൽ ഈവനിംഗ് ക്ലിനിക് പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈവനിംഗ് ക്ലിനിക്കുകൾ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ;

(സി) എല്ലാ മൃഗാശുപത്രികളിലും ഈവനിംഗ് ക്ലിനിക് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

## കടുത്തുരുത്തി വെറ്ററിനറി പോളീക്ലിനിക്കിന്റെ പ്രവർത്തനം

992. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി വെറ്ററിനറി പോളീക്ലിനിക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച AHG2/9889/2013 എന്ന ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പോളീക്ലിനിക്കിനെ സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പുതിയ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഈ വർഷം സംസ്ഥാനത്ത് എത്ര വെറ്ററിനറി പോളീക്ലിനിക്കുകളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; അവ എവിടെയെല്ലാം എന്നറിയിക്കുമോ?

ഒല്ലൂരിലെ കെപ്‌കോ പദ്ധതികൾ

993. ശ്രീ.കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കെപ്‌കോ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഒല്ലൂർ നിയോജക മണ്ഡലത്തിൽ കെപ്‌കോ വഴി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഇറച്ചിക്കോഴി വളർത്തൽ പദ്ധതി

994. ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

,, മഞ്ഞളാംകുഴി അലി

,, അബ്ദുൽ ഹമീദ് പി.

,, എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയുള്ള കോഴിയിറച്ചിയുടെ വിപണനം വ്യാപിപ്പിക്കുവാൻ ലക്ഷ്യമിട്ടുള്ള കെപ്‌കോ-കുടുംബശ്രീ ഇറച്ചിക്കോഴി വളർത്തൽ പദ്ധതി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കെപ്‌കോയുടെ പ്രവർത്തനം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇറച്ചിക്കോഴി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ?

നിപ വൈറസ് വാഹകർ

995. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസിന്റെ വാഹകർ വവ്വാലുകൾ ആണെന്നുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ എത്ര മാത്രം വാസ്തവമുണ്ട് ; വിശദവിവരം നൽകുമോ;

(ബി) മൃഗസംരക്ഷണവകുപ്പ് ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) നിപ വൈറസുകളുടെ കാര്യത്തിൽ വാഹകർ എപ്പോഴും മൃഗങ്ങളാണോ; ഇത് സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ വിശദീകരണമെന്താണ്?

<u>കോന്നി ആനത്താവളത്തിലെ ആനയെ തിരികെ എത്തിക്കാൻ നടപടി</u>

996. ശ്രീ.അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ആനത്താവളത്തിൽ ഉണ്ടായിരുന്ന സോമൻ എന്ന ആനയെ മൂന്നാറിലെ കാപ്പുകാട് എന്ന സ്ഥലത്ത് കാട്ടാന ഇറങ്ങിയതുമായി ബന്ധപ്പെട്ട് കൊണ്ടുപോയിട്ടുണ്ടോ; എങ്കിൽ എന്നാണ് കൊണ്ടുപോയത്;

(ബി) പ്രസ്തുത ആനയെ നാളിതുവരെ തിരികെ കോന്നിയിൽ എത്തിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ആനയെ കോന്നിയിൽ തിരികെ എത്തിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. കത്തു നൽകിയിരുന്നോ; എങ്കിൽ എന്നാണ്;

(ഡി) ആയതിന്മേൽ നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ആനയെ കോന്നിയിൽ തിരികെ എത്തിക്കാൻ നിർദ്ദേശം നൽകുമോ?

<u>കോന്നി ആനത്താവളത്തിലെ ആനയെ മുതുമലയിലേക്കു മാറ്റാനുള്ള തീരുമാനം</u>

997. ശ്രീ.അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ആനത്താവളത്തിൽ നിലവിലുള്ള സുരേന്ദ്രൻ എന്ന ആനയെ തമിഴ്നാട്ടിലെ മുതുമല ആനക്യാമ്പിലേക്ക് മാറ്റുവാൻ സർക്കാർതലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ഈ ആനയെ മുതുമലയിലേക്ക് മാറ്റുന്നതിന്റെ ആവശ്യകത എന്തെന്ന് വെളിപ്പെടുത്തുമോ;

(സി) സർക്കാർതലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ലെങ്കിൽ ഇതിലേക്കായി നടപടികൾ ആരംഭിച്ചത് ആരാണെന്നു വെളിപ്പെടുത്തുമോ;

(ഡി) ഉദ്യോഗസ്ഥതലത്തിൽ നടത്തുന്ന നീക്കങ്ങൾ അവസാനിപ്പിച്ച് ആനയെ കോന്നിയിൽ നിലനിർത്താൻ ഉത്തരവ് നൽകുമോ?

<u>മൃഗങ്ങളിലൂടെയും പക്ഷികളിലൂടെയും പകരുന്ന രോഗങ്ങളെക്കുറിച്ച് ഗവേഷണം</u>

998. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് ബാധ സംസ്ഥാനത്ത് കണ്ടെത്തിയ സാഹചര്യത്തിൽ വൈറസിനെ പകർത്തുന്ന മൃഗങ്ങളെയും പക്ഷികളെയും നിയന്ത്രിക്കുന്നതിനും രോഗ പ്രതിരോധം ഉറപ്പുവരുത്തുന്നതിനും വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തെല്ലാം;

(ബി) മൃഗങ്ങളിലൂടെയും പക്ഷികളിലൂടെയും പകരുന്ന രോഗങ്ങളെക്കുറിച്ചും രോഗാണുക്കളെക്കുറിച്ചും ഗവേഷണം നടത്തി സമയബന്ധിതമായി റിപ്പോർട്ടുകൾ സമർപ്പിക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ക്ഷീരവികസന വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികൾ

999. ശ്രീ.റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷം ക്ഷീരവികസന വകുപ്പ് ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി 2017-2018 സാമ്പത്തികവർഷത്തിൽ ഇടുക്കി നിയോജകമണ്ഡലത്തിൽ ചെലവഴിച്ച 1817.075 ലക്ഷം രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കരുനാഗപ്പള്ളി മണ്ഡലത്തിലെ മിൽക്ക് ഷെഡ് പദ്ധതി

1000. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന മിൽക്ക് ഷെഡ് പദ്ധതി പ്രകാരം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഏത് പഞ്ചായത്തിനെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നു മുതൽ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ?

പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത

1001. ശ്രീ.വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ വഴി ശേഖരിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(ബി) പാൽ ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ സ്വയം പര്യാപ്തത നേടുന്നതിന് എന്തൊക്കെ നടപടികളാണ് നടപ്പിലാക്കി വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ആവശ്യമായതിന്റെ എത്ര ശതമാനം പാൽ ആണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതെന്ന്

വ്യക്തമാക്കുമോ?

<u>സംസ്ഥാനത്തെ ക്ഷീര ഉത്പാദനം</u>

1002. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനും എന്തൊക്കെ കർമ്മപദ്ധതികളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) കഴിഞ്ഞ 2 വർഷങ്ങൾ കൊണ്ട് ഈ മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞുവെന്നും ഇതു വഴി സംസ്ഥാനത്തിന്റെ പാലുൽപ്പാദനത്തിൽ എത്ര വർദ്ധനവ് ഉണ്ടായെന്നും വിശദമാക്കാമോ;

(സി) ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്നവർക്കായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ?

<u>സ്വയംപര്യാപ്ത ക്ഷീര കേരളം പദ്ധതി</u>

1003. ശ്രീ.ജോർജ് എം. തോമസ്

,, കെ.കുഞ്ഞിരാമൻ

,, യു. ആർ. പ്രദീപ്

,, ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൽ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വയംപര്യാപ്ത ക്ഷീരകേരളം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ലക്ഷ്യം നേടുന്നതിനുള്ള ഊർജിത നടപടികളുടെ ഫലമായി പാലുല്പാദനത്തിൽ തുടർച്ചയായ വർദ്ധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന് ആവശ്യമുള്ളതിന്റെ എത്ര ശതമാനം പാൽ ഇപ്പോൾ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ക്ഷീരോല്പാദന രംഗത്ത് പുതുതായി നടപ്പാക്കി വരുന്ന ക്ഷീരഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

<u>പാലുല്പാദനത്തിൽ സ്വയം പര്യാപ്തത</u>

1004. ശ്രീ.കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഒരു വർഷത്തിനുള്ളിൽ പാലുല്പാദനത്തിൽ സ്വയം പര്യാപ്തത നേടുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മിൽക്ക് ഷെഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്;

(സി) 2017-18ൽ പ്രഖ്യാപിച്ച ഗോസമൃദ്ധി പദ്ധതി പ്രകാരം എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കുന്നത് എന്നറിയിക്കാമോ;

(ഡി) അഞ്ചിൽ കൂടുതൽ കറവപ്പശുക്കളുള്ള ക്ഷീര കർഷകർക്ക് കറവ യന്ത്രം നൽകുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് നിലവിലെ പാലിന്റെ ആവശ്യകത എത്രയാണെന്നും അതിൽ ആഭ്യന്തര ഉല്പാദനം എത്രയാണെന്നും വെളിപ്പെടുത്തുമോ?

## പാലിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിന് പുതിയ സംവിധാനം

1005. **ശ്രീ.കെ.സുരേഷ് കുറുപ്പ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിന് പുതിയതായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ അത്തരം സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## കോഴിക്കോട് ഡയറി (മിൽമ) മാലിന്യ പ്രശ്നം

1006. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഡയറി (മിൽമ) മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് സ്വന്തം ചെലവിൽ സ്ഥലം ഏറ്റെടുക്കുന്നതിന് മിൽമ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിന് അനുമതി നൽകിക്കൊണ്ട് 08.11.2017-ന് സ. ഉ (സാധാ) നമ്പർ 130/2017 / ഡി.ഡി. യായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) എങ്കിൽ സ്ഥലം ഏറ്റെടുക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ;

(ഡി) സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

## ക്ഷീര കർഷകർക്ക് ക്ഷീര സംഘങ്ങളിൽ നിന്നും ലഭിക്കുന്ന തുക

1007. **ശ്രീ.എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്ക് ക്ഷീര സംഘങ്ങളിൽ നിന്ന് നൽകുന്ന തുക ബാങ്ക് വഴി നൽകുവാൻ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇത് മൂലം ക്ഷീര കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ക്ഷീര കർഷകർക്കുണ്ടാകുന്ന ആകസ്മിക നഷ്ടങ്ങൾക്കുള്ള ധനസഹായം</u>

1008. ശ്രീ.തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീര കർഷകർക്കുണ്ടാകുന്ന ആകസ്മിക നഷ്ടങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

<u>ക്ഷീരകർഷക ക്ഷേമം</u>

1009. ശ്രീ.അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പലരും കാലിവളർത്തലിൽ നിന്നും പിന്നോട്ട് പോകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ബി) കടക്കെണിയിലായ ക്ഷീരകർഷകർക്കുവേണ്ടി 2016-17-ൽ നടപ്പിലാക്കിയ കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം ഇതിനകം എത്ര പേർക്ക് ലഭിച്ചുവെന്ന് വിശദമാക്കാമോ;

(സി) കടാശ്വാസ പദ്ധതി കൂടുതൽ പേരിലേക്ക് വ്യാപിപ്പിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) ക്ഷീരകർഷകർക്ക് ഡയറി ഫാം ആധുനികവൽക്കരിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്നും 2017-18-ൽ ഈ പദ്ധതിയുടെ ആനുകൂല്യം എത്ര ക്ഷീരകർഷകർക്ക് അനുവദിച്ചുവെന്നും വിശദമാക്കാമോ?

<u>മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ പൂർത്തിയാക്കാൻ നടപടി</u>

1010. ശ്രീ.മഞ്ഞളാംകുഴി അലി

,, എം.ഉമ്മർ

,, വി.കെ.ഇബ്രാഹിം കുഞ്ഞ്

,, അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ നിർമ്മാണം മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>നാദാപുരം മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ</u>

1011. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിൽ മേജർ /മൈനർ ഇറിഗേഷൻ വകുപ്പുകൾ എസ്റ്റിമേറ്റ് തയ്യാറാക്കി തുക അനുവദിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കാമോ ?

ജല വിഭവ വകുപ്പ് ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

1012. ശ്രീ.കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല വിഭവ വകുപ്പ് 2016-17 , 2017 - 18 വർഷങ്ങളിലെ ബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളുടെ ലിസ്റ്റും ഇതിൽ ഭരണാനുമതി നല്കിയവ ടെണ്ടർ നടപടി പൂർത്തീകരിച്ചവ പണി തുടങ്ങിയവ പണി പൂർത്തീകരിച്ചവ ഒരു നടപടിയും കൈക്കൊള്ളാത്തവ എന്നിവയുടെ ക്രോഡീകരിച്ച ലിസ്റ്റും പ്രത്യേകം നൽകാമോ;

(ബി) ജല വിഭവ വകുപ്പ് 2016-17 , 2017 - 18 എന്നീ വർഷങ്ങളിൽ പ്ലാനിൽ പ്രഖ്യാപിച്ച പദ്ധതികളുടെ മൊത്തം തുകയെത്രയാണെന്ന് വകുപ്പ് തിരിച്ചും വർഷം തിരിച്ചും നൽകാമോ; പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ നടത്തിപ്പിന് മേൽനോട്ടം നല്കാൻ വകുപ്പിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ജലസേചന-കുടിവെള്ള പദ്ധതികൾ

1013. ശ്രീ.എ. പ്രദീപ്കുമാർ

,, എം. മുകേഷ്

,, കെ.വി.അബ്ദുൾ ഖാദർ

,, സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം കൊണ്ട് സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന ജലക്ഷാമത്തിന്റെയും വരൾച്ചയുടെയും പശ്ചാത്തലത്തിൽ പ്രശ്നപരിഹാരത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന ദീർഘകാല നടപടികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) ജലസേചന നയത്തിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന വൻകിട ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ടി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(ഡി) പാതിവഴിയിലായ കുടിവെള്ള പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ വേണ്ട ഇടപെടൽ നടത്തുമോ എന്ന് വ്യക്തമാക്കാമോ?

കുറത്തിമല കുടിവെള്ള പദ്ധതി

1014. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് 2016 - 17, 2017 - 18 കാലയളവിൽ ജലസേചനവകുപ്പിന്റെ വിവിധ വിഭാഗങ്ങൾ മുഖേന സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ ഭരണ സാങ്കേതിക അനുമതിയ്ക്ക് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കുറത്തിമല കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) നിലവിൽ ഈ കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

ജലസംരക്ഷണ പദ്ധതികൾ

1015. ശ്രീ.ആർ. രാജേഷ്
,, ഐ.ബി. സതീഷ്
,, കെ.ജെ. മാക്സി
,, കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹരിത കേരളം മിഷന്റെ ഭാഗമായുള്ള ജലസംരക്ഷണ പദ്ധതികളിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പ്രധാന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് നിലവിൽ പൂർത്തിയാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഏതെല്ലാം ജലസംരക്ഷണ പ്രവർത്തനങ്ങളാണ് കുടുംബശ്രീയുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) വരട്ടാർ പുനരുജ്ജീവന പദ്ധതിക്ക് സമാനമായ ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മോര്യകാപ്പ് ജലസേചന പദ്ധതി

1016. ശ്രീ.പി.കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽപ്പെട്ട മോര്യകാപ്പ് ജലസേചന പദ്ധതിയുടെ നിർമ്മാണ നടപടിക്രമങ്ങൾ എന്തെല്ലാമായി എന്ന് അറിയിക്കുമോ?

നദികളുടെ പുനരുദ്ധാരണം

1017. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ എത്ര നദികളെ പുനരുദ്ധാരണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട് ; ഇതിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഈ കാലയളവിൽ എത്ര പുഴകളുടെ പുനരുദ്ധാരണം ആരംഭിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ?

## കരമനയാർ പരിപാലന പദ്ധതി

1018. ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമനയാറ്റിലേക്ക് കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ഒഴുക്കിവിടുന്നത് മൂലമുണ്ടായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കരമനയാറ്റിന്റെ തീരത്ത് വലിയ ഫ്ളാറ്റുകൾ നിർമ്മിക്കുമ്പോൾ ഡ്രെയിനേജ് സംവിധാനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമായി നൽകുകയും അവ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ടോ;

(സി) 2013ൽ തുടങ്ങിയ കരമനയാർ പരിപാലന പദ്ധതിയുടെ ഭാഗമായി ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) കുടിവെള്ളസ്രോതസ്സായ കരമനയാറിനെ സംരക്ഷിക്കുന്നതിനും മാലിന്യമുക്തമാക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## തലസ്ഥാനത്തെ തോടുകളും ആറുകളും ശുചീകരിക്കുന്നതിന് നടപടി

1019. ശ്രീ.വി.എസ്.ശിവകുമാർ

,, കെ.മുരളീധരൻ

,, എം. വിൻസെന്റ്

,, കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് വിജയകരമായി നടപ്പിലാക്കിയ ഓപ്പറേഷൻ അനന്തയുടെ ഭാഗമായി നടത്തിയിരുന്ന ശുചീകരണ പ്രവർത്തനങ്ങൾ നിലച്ചതോടു കൂടി തലസ്ഥാന നഗരിയിലെ തോടുകളും ആറുകളും മാലിന്യവാഹിനികളായി മാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആമയിഴഞ്ചാൻ തോട്, പട്ടംതോട്, ഉള്ളൂർതോട്, പാർവ്വതീ പുത്തനാർ തുടങ്ങിയവ ശുചീകരിക്കാത്തത് മൂലം മാലിന്യം പെരുകി പകർച്ചവ്യാധികൾ പകരുന്നതും ജനജീവിതം ദുസ്സഹമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങൾ ഈ വർഷം നടത്താത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് പകർച്ചവ്യാധികൾ പടരുന്ന ഗുരുതരമായ സ്ഥിതിവിശേഷം പരിഗണിച്ച് മേല്പറഞ്ഞ തോടുകൾ അടിയന്തരമായി ശുചീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

### പുഴക്കരകളുടെ സംരക്ഷണം

1020. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലെടുപ്പും വെള്ളത്തിന്റെ കുത്തൊഴുക്കും കാരണം ഇടിഞ്ഞു നശിച്ചുകൊണ്ടിരിക്കുന്ന പുഴക്കരകൾ കെട്ടി സംരക്ഷിക്കുന്നതിന് ജലസേചന വകുപ്പ് മുഖേന പദ്ധതികൾ നിലവിലുണ്ടോ;

(ബി) റിവർ മാനേജ്മെന്റ് ഫണ്ട് മുഖേന പ്രവൃത്തികൾക്ക് അനുമതി നൽകുന്നത് നിർത്തിവെച്ചിട്ടുണ്ടോ; വിശദമാക്കാമോ?

### ഇന്റഗ്രേറ്റഡ് ഹോളിസ്റ്റിക് അപ്രോച്ച് ഫോർ റിജ്യുവനേഷൻ ഓഫ് റിവേഴ്സ്

1021. ശ്രീ.പി.കെ.ബഷീർ
,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന നദികളുടെ സംരക്ഷണത്തിനായി ഇന്റഗ്രേറ്റഡ് ഹോളിസ്റ്റിക് അപ്രോച്ച് ഫോർ റിജ്യുവനേഷൻ ഓഫ് റിവേഴ്സ് എന്ന മാർഗ്ഗനിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ സംസ്ഥാനത്തെ ഏതെല്ലാം നദികളുടെ സംരക്ഷണത്തിന്/വീണ്ടെടുപ്പിനാണ് ഈ പദ്ധതി പ്രകാരമുള്ള കാര്യങ്ങൾ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### നേമം മണ്ഡലത്തിലെ തോട് നവീകരണം

1022. ശ്രീ.ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോടുകളുടെ ആഴം കൂട്ടി നവീകരിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരവും പദ്ധതി പ്രകാരം ഏതെല്ലാം ജില്ലകളിൽ എത്ര തോടുകൾ നവീകരിച്ചുവെന്നുള്ള വിവരവും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നേമം നിയോജകമണ്ഡലത്തിൽ എത്ര തോടുകൾ നവീകരിച്ചിട്ടുണ്ടെന്നും ഇനിയും എത്ര തോടുകൾ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വിശദമാക്കാമോ ?

### പമ്പാ ഇറിഗേഷൻ പദ്ധതിയിലെ തകർച്ച നേരിടുന്ന കനാലുകൾ

1023. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാ ഇറിഗേഷൻ പദ്ധതിയിലെ തകർച്ച നേരിടുന്ന കനാലുകൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) യഥാസമയം അറ്റകുറ്റപ്പണി നടത്താത്തതിനാൽ കനാലിന്റെ വശങ്ങൾ തകർന്ന് വെള്ളം പുറത്തേക്ക് ഒഴുകുന്നത് തടയുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ചെല്ലാനം പഞ്ചായത്തിലെ വിജയം കനാൽ</u>

1024. **ശ്രീ.കെ.ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തെത്തുടർന്ന് ചെല്ലാനം പഞ്ചായത്തിലെ വിജയം കനാൽ അടഞ്ഞ് നീരൊഴുക്ക് തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നീരൊഴുക്ക് പുന:സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>കുണ്ടൂർ തോട് നവീകരണം</u>

1025. **ശ്രീ.പി.കെ.അബ്ദു റബ്ബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ 15 കോടി രൂപ കിഫ്ബി വഴി ചെലവഴിക്കുന്നതിന് വകയിരുത്തിയ തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണ പദ്ധതിയുടെ തുടർനടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തോട് നവീകരണം എന്നത്തേക്ക് യാഥാർത്ഥ്യമാകുമെന്ന് അറിയിക്കുമോ?

<u>ചീരക്കുഴി കനാലിലെ ചോർച്ച അടയ്ക്കുവാൻ നടപടി</u>

1026. **ശ്രീ.യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ചേലക്കര നിയോജക മണ്ഡലത്തിലെ ചീരക്കുഴി ഇറിഗേഷൻ പ്രോജക്ട് എന്നാണ് കമ്മീഷൻ ചെയ്തതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ മെയിൻ കനാലുകളുടെ നീളം എത്രയാണെന്നും ഇതിലൂടെ എത്ര ഏക്കർ നെൽക്കൃഷിക്ക് ജലം എത്തിക്കുവാൻ സാധിക്കുന്നുണ്ടെന്നും അറിയിക്കാമോ ;

(സി) പ്രസ്തുത കനാലുകളുടെ പല ഭാഗത്തും കാലപ്പഴക്കം കൊണ്ട് ചോർച്ച ഉണ്ടാകുകയും സ്പൗട്ടുകൾ പലതും ദ്രവിക്കുകയും ചെയ്തതുമൂലം വലിയ തോതിൽ ജലം നഷ്ടപ്പെടുന്നതു കണക്കിലെടുത്ത് കനാലിലെ ചോർച്ച അടയ്ക്കുന്നതിനാവശ്യമായ അറ്റകുറ്റപ്പണി നടത്തുന്നതിനും കേട്ടു വന്ന സ്പൗട്ടുകൾ മാറ്റി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

## ചാലക്കുടി മണ്ഡലത്തിലെ കനാൽപ്പാലങ്ങൾ

1027\. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ, ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള കനാൽപ്പാലങ്ങൾ പുതുക്കിപ്പണിയുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ സർക്കാർ അനുമതി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നും ഏതെല്ലാം കനാൽപ്പാലങ്ങളുടെ നിർമ്മാണത്തിന് അനുമതി നൽകുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത് എന്നും അറിയിക്കാമോ?

## ഡാമുകളിൽ നിന്ന് മണൽ വാരൽ

1028\. ശ്രീ.വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും അടിഞ്ഞുകൂടുന്ന മണൽ വാരി മാറ്റുന്നതിന് ഇപ്പോൾ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇമ്പ്രൂവ്മെന്റ് പ്രോഗ്രാം

1029\. ശ്രീ.കെ.എൻ.എ ഖാദർ
,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇമ്പ്രൂവ്മെന്റ് പ്രോഗ്രാം (ഡ്രിപ്പ്) പ്രകാരം കേരളത്തിൽ നടക്കുന്ന അണക്കെട്ടുകളുടെ സുരക്ഷാ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി എത്ര ഡാമുകളാണ് നവീകരിക്കുന്നതെന്നും ഇതിന്റെ പ്രവർത്തന ചുമതല ആർക്കാണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും ഇതിനായി എത്ര തുക കേന്ദ്ര ഫണ്ട് ലഭിച്ചുവെന്നും അറിയിക്കാമോ?

## ആനപ്പാറ പൊറ്റയിൽ ചെക്ക് ഡാം നിർമ്മാണം

1030\. ശ്രീ.ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടിലങ്ങാടി പഞ്ചായത്തിലെ ആനപ്പാറ പൊറ്റയിൽ കടവിന് സമീപം ചെക്ക് ഡാം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്;

വിശദമാക്കാമോ;

(ബി) ചെക്ക് ഡാം നിർമ്മാണം ത്വരിതഗതിയിൽ ആക്കുന്നതിന് വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിയ്ക്കുമോ?

ദേവികുളം മണ്ഡലത്തിലെ ജലസേചന പദ്ധതി

1031. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ അപ്പർചട്ട മൂന്നാർ, പട്ടിശ്ശേരി എന്നിവിടങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതാണെന്ന ജലവിഭവ വകുപ്പിന്റെ തീരുമാനം നടപ്പിലാക്കുന്നതിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ ചെക്ക് ഡാമുകളുടെ നിർമ്മാണ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇത് എപ്പോഴേയ്ക്ക് ആരംഭിക്കാനാകും എന്ന് അറിയിക്കുമോ?

ചെക്ക്ഡാമുകളുടെയും,റെഗുലേറ്റർ -കം -ബ്രിഡ്ജുകളുടെയും നിർമ്മാണം

1032. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും ചെക്ക്ഡാം നിർമ്മാണത്തിനും, റെഗുലേറ്റർ- കം -ബ്രിഡ്ജ് നിർമ്മാണത്തിനും ഭരണാനുമതി നൽകിയ തുകയുടെ വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരം ഭരണാനുമതി ലഭിച്ച എത്ര പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്; ഇവയുടെ വിശദാംശം നൽകുമോ?

കാട്ടാക്കട മംഗലയ്ക്കലിന് സമീപം കുളിക്കടവും റാമ്പും നിർമ്മാണം

1033. ശ്രീ.ഐ.ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ വലതുകര കനാൽ കടന്ന് പോകുന്ന കാട്ടാക്കട മംഗലയ്ക്കലിന് സമീപം കുളിക്കടവും റാമ്പും നിർമ്മിയ്ക്കുന്നതിനുള്ള പ്രവൃത്തിക്ക് ഭരണാനുമതിയും ടെണ്ടർ നടപടിയും പൂർത്തിയായിട്ടും പ്രവൃത്തി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിയ്ക്കുന്നതിനും പൂർത്തിയാക്കുന്നതിനും അടിയന്തര നടപടി സ്വീകരിയ്ക്കുമോ?

കിള്ളിയാറിൽ സംരക്ഷണഭിത്തി നിർമ്മാണം

1034. ശ്രീ.കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിള്ളിയാറിൽ വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തൊഴുവൻകോട് പാലം മുതൽ കാട്ടുവെട്ടി പാലം വരെയുള്ള ഭാഗങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കാത്തതിനാൽ മഴസമയത്ത് വെള്ളപ്പൊക്കം മൂലം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഇറിഗേഷൻ ചീഫ് എൻജിനീയർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സംരക്ഷണഭിത്തി നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

## വൈപ്പിൻ നിയോജക മണ്ഡലത്തിലെ പുലിമുട്ടുകൾ

1035. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ കടലാക്രമണഭീഷണിയുള്ള മുനമ്പം മുതൽ പുതുവൈപ്പ് വരെയുള്ള കടലോരത്ത് പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഇടങ്ങളിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കാമോ?

## അണിയിലിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് നടപടി

1036. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ അണിയിലിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## കടൽഭിത്തി നിർമ്മാണം

1037. ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ മേഖലയിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് പഠനം നടത്തുന്നതിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത ഏജൻസി പഠനം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

## കടൽഭിത്തി നിർമ്മാണം

1038. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണ ഭീഷണി രൂക്ഷമായ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ തകർന്ന കടൽഭിത്തി പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര പ്രവൃത്തികൾക്ക് എത്ര രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്; ഇതിന്റെ വിശദാംശം നൽകാമോ;

(ബി) മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ തകർന്ന കടൽഭിത്തി പുനർനിർമ്മിക്കുന്നതിനും പുതിയ കടൽഭിത്തിയും പുലിമുട്ടും നിർമ്മിക്കുന്നതിനും എത്ര എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

കടലാക്രമണത്തിൽ നിന്ന് സംരക്ഷണം

1039. ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ ശക്തമായ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ കടൽഭിത്തികൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കടലാക്രമണം രൂക്ഷമാകുന്ന ജൂൺ-ജൂലൈ മാസങ്ങളിൽ തീരദേശവാസികളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

തലശ്ശേരിയിലെ ചൊക്ലി റെഗുലേറ്റർ കം ബ്രിഡ്ജ്

1040. ശ്രീ.എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന തലശ്ശേരി നിയോജക മണ്ഡലത്തിലെ പ്രവൃത്തിയായ ചൊക്ലി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ അവശേഷിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

വള്ളിക്കുന്ന് മണ്ഡലത്തിലെ റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം

1041. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽപ്പെട്ട റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് ഐ.ഡി.ആർ.ബി.യിൽ നിലവിലുള്ള ഡിസൈനിങ്ങ് സംബന്ധിച്ച ഫയലിൽ തീർപ്പ് കല്പിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

ജലസേചന വകുപ്പിലെ എസ്.എൽ.ആർ. വിഭാഗം ജീവനക്കാർ

1042. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ 16/1/2013 ൽ എസ്.എൽ.ആർ. തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരെ വർക്കർ ഗ്രേഡ് 2 ആയി ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ;

(ബി) എസ്.എൽ.ആർ,ആയി വർഷങ്ങളായി ജോലി ചെയ്യുന്ന ജീവനക്കാർ ആനുകൂല്യങ്ങളൊന്നും ലഭിക്കാതെ പിരിയുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ; ഇവർക്ക് മിനിമം പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ;

(സി) ഈ വിഭാഗം ജീവനക്കാരെ ഒഴിവുള്ള പാർടൈം സ്വീപ്പർ തസ്തികയിലേക്ക് മാറ്റി നിയമിക്കാൻ നടപടി കൈക്കൊള്ളാമോ;

(ഡി) എസ്.എൽ.ആർ, ആയി വിരമിച്ച ജീവനക്കാരുടെ ഒഴിവിലേക്ക് ഇപ്പോൾ ജോലിചെയ്യുന്ന എച്ച്.ആർ.വിഭാഗം ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നിയമനം നടത്തുമോ എന്നറിയിക്കാമോ?

വാട്ടർ അതോറിറ്റിയിലെ പെൻഷൻ പരിഷ്കരണം

1043. ശ്രീ.എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിലെ പെൻഷൻകാർക്ക് പെൻഷൻ പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) വാട്ടർ അതോറിറ്റിയിലെ പെൻഷൻകാർക്ക് സംസ്ഥാന സർക്കാർ പെൻഷൻകാർക്ക് അനുവദിച്ച രീതിയിൽ പെൻഷൻ കുടിശ്ശിക നൽകാത്തത് എന്തുകൊണ്ടാണ്;

(സി) പെൻഷൻ കുടിശ്ശിക വാട്ടർ അതോറിറ്റി ജീവനക്കാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ജലസേചനവകുപ്പിലെ എസ്.എൽ.ആർ.ജീവനക്കാരുടെ പെൻഷൻ

1044. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചനവകുപ്പിൽ പതിനഞ്ചും ഇരുപതും വർഷങ്ങളായി എസ്.എൽ.ആർ.ജീവനക്കാരായി ജോലി ചെയ്ത നിരവധി പേർക്ക് പെൻഷൻ ലഭിക്കാതെ ഗ്രാറ്റുവിറ്റി മാത്രം ലഭിച്ച് പിരിഞ്ഞുപോയിട്ടുള്ളതും

പ്രതിമാസ പെൻഷൻ ലഭിക്കാതെ കഷ്ടപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെരിയാർവാലി ഇറിഗേഷൻ പ്രൊജക്റ്റിന്റെ കീഴിൽ 28.01.1990 മുതൽ 01.09.2009 വരെ എസ്.എൽ.ആർ.ആയി ജോലിചെയ്ത് പിരിഞ്ഞു പോയ പി. വിനയൻ ഉൾപ്പെടെയുളളവർക്ക് കുറഞ്ഞ നിരക്കിൽ പെൻഷൻ നല്കുന്നതിനു വേണ്ടി നല്കിയിട്ടുളള അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

കണ്ണൂർ ജില്ലയിൽ മേജർ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

1045. ശ്രീ.സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മേജർ ഇറിഗേഷൻ വകുപ്പിന് കീഴിൽ കഴിഞ്ഞ വർഷം(2017-18) കണ്ണൂർ ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; ഓരോന്നും ഇനം തിരിച്ച് അനുവദിച്ച തുക അടക്കം വിശദമാക്കാമോ?

തണ്ണീർമുക്കം ബണ്ട്

1046. ശ്രീ.തോമസ് ചാണ്ടി **:** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട് പാക്കേജിൽ നിർമ്മിക്കുന്ന തണ്ണീർമുക്കം ബണ്ട് പൂർത്തീകരിച്ചോ ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നു വെളിപ്പെടുത്തുമോ?

വി.സി.ബി.പ്രവൃത്തിക്ക് അനുമതി

1047. ശ്രീ.സി.കൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കുണിയൻ പടിഞ്ഞാറ്റ തോടിന്റെ വി.സി.ബി. പ്രവൃത്തിക്ക് ടെക്നിക്കൽ അനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

നേമം മണ്ഡലത്തിലെ മേജർ/മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

1048. ശ്രീ.ഒ. രാജഗോപാൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷം നേമം നിയോജകമണ്ഡലത്തിൽ ഏതൊക്കെ മേജർ/മൈനർ പ്രവൃത്തികൾക്കാണ് ഇറിഗേഷൻ വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ചത്; വിശദമാക്കുമോ;

(ബി) ഈ പദ്ധതികൾക്ക് അനുവദിച്ച തുക, നിലവിലെ പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കുമോ?

നേമം മണ്ഡലത്തിൽ നിന്നും ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾ

1049. ശ്രീ.ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നേമം മണ്ഡലത്തിൽ നിന്നും മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വിഭാഗങ്ങൾ വഴി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഇവയുടെ നിലവിലുള്ള പുരോഗതി എന്താണെന്നും വിശദമാക്കാമോ?

<u>അരൂർ മണ്ഡലത്തിലെ ചന്തിരൂർ പുത്തൻ തോട് നവീകരണം</u>

1050. ശ്രീ.എ.എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 - 17 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ടിരുന്ന അരൂർ മണ്ഡലത്തിലെ ചന്തിരൂർ പുത്തൻ തോട് ആഴം കൂട്ടി കല്ല് കെട്ടി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ?

<u>തൃശ്ശൂർ ജില്ലയിലെ റഗുലേറ്ററുകളിൽ സ്ഥിരം ബണ്ടുകൾ</u>

1051. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഏനാമാക്കൽ, ഇടിയഞ്ചിറ, മുനയം എന്നീ റഗുലേറ്ററുകളിൽ റിംഗ് ബണ്ട് നിർമ്മാണത്തിനായി വർഷം തോറും തുക ചെലവഴിക്കുന്നത് ഒഴിവാക്കുന്നതിനും യഥാസമയം അറ്റകുറ്റപ്പണികൾ നടത്താൻ കഴിയാതെ വരുന്ന സമയങ്ങളിൽ ഉപ്പ വെള്ളം കയറി കൃഷി നശിക്കുകയും കടലിലേക്ക് മണ്ണ് ഒലിച്ചു പോകുകയും ചെയ്യുന്ന സാഹചര്യം ഇല്ലാതാക്കാനും സ്ഥിരം റിംഗ് ബണ്ട് സംവിധാനം ഏർപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) സ്ഥിരം സംവിധാനം എന്ന നിലയിൽ റബ്ബർ ബണ്ടുകൾ നിർമ്മിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

<u>ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ</u>

1052. ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(ബി) മാനന്തവാടി മുനിസിപ്പാലിറ്റിയിലെ പാലാക്കുളി പ്രദേശത്ത് ഏതെങ്കിലും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കാൻ ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ് എന്നറിയിക്കാമോ?

കണ്ണൂർ ജില്ലയിലെ പൂരക്കടവിൽ വിയർ കം ട്രാക്ടർ വേ

1053. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡിന്റെ ആർ. ഐ. ഡി. എഫ്- 23ൽ ഉൾപ്പെടുത്തി 381 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ പൂരക്കടവിൽ ഏര്യം പുഴക്ക് കുറുകെ വിയർ കം ട്രാക്ടർ വേ നിർമ്മിക്കുന്ന പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയും; വിശദാംശം നൽകുമോ?

നാദാപുരം മണ്ഡലത്തിലെ കുംമള്ളി -മുല്ലപ്പള്ളി കുടിവെള്ള പദ്ധതി

1054. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമ പഞ്ചായത്തിൽ ജലനിധിയുടെ കുംമള്ളി -മുല്ലപ്പള്ളി കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) പദ്ധതി എന്ന് കമ്മീഷൻ ചെയ്യുമെന്ന് അറിയിക്കാമോ; പദ്ധതിയിൽ എത്ര ഗുണഭോക്താക്കളുണ്ടെന്ന് വെളിപ്പെടുത്തുമോ?

വർക്കല മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ

1055. ശ്രീ.വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ മുഖേന എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ മേജർ ഇറിഗേഷൻ മുഖേന എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭരണാനുമതികളുടെ പകർപ്പ് ലഭ്യമാക്കുമോ?

ചിറ്റൂർ നിയോജകമണ്ഡലത്തിലെ പദ്ധതികൾ

1056. ശ്രീ.കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 ബജറ്റിൽ പ്രഖ്യാപിച്ചതും ഏരികളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ഹരിതകേരളം മിഷനിൽ ഉൾപ്പെടുത്തിയതുമായ വെങ്കലകയം, കുന്നുപിടരി, കമ്പാലത്തറ എന്നീ ഏരികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) 2017-2018 ബഡ്ജറ്റിൽ പ്രഖ്യാപിച്ച, കിഫ്ബിയിലൂടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന റെഗുലേറ്ററുകളിൽ ചിറ്റൂർ പുഴയ്ക്കു കുറുകെ നല്ലേപ്പിള്ളി പഞ്ചായത്തിൽ വളവുപാലത്ത് നിർമ്മിക്കുന്ന റെഗുലേറ്ററിന്റെയും

പെരുവമ്പ് പഞ്ചായത്തിൽ പാലതുള്ളി വടകരപ്പള്ളിയിൽ നിർമ്മിക്കുന്ന റെഗുലേറ്ററിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കുമോ?

തൃക്കാക്കര മുനിസിപ്പാലിറ്റി പൈപ്പ് ലൈൻ റോഡിൻെറ ശോചനീയാവസ്ഥ

1057. ശ്രീ.പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മുനിസിപ്പാലിറ്റിയിലൂടെ കടന്നു പോകുന്ന പൈപ്പ് ലൈൻ റോഡ് പൊട്ടിപൊളിഞ്ഞതിനാൽ കാൽനട യാത്രപോലും ബുദ്ധിമുട്ടാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റോഡിൻറെ തുടർച്ചയായി കൊച്ചിൻ കോർപ്പറേഷനിലും കളമശ്ശേരി മുനിസിപ്പാലിറ്റിയിലും പെട്ട ഭാഗങ്ങൾ ടാർ ചെയ്തു കഴിഞ്ഞതിനാൽ തൃക്കാക്കര മുനിസിപ്പാലിറ്റിയിലൂടെ കടന്നു പോകുന്ന ഭാഗങ്ങൾ വാട്ടർ അതോറിറ്റി ടാർ ചെയ്യുകയോ അല്ലെങ്കിൽ മുനിസിപ്പാലിറ്റി ഫണ്ട് എം.എൽ.എ, ഫണ്ട് എന്നിവ ഉപയോഗിച്ച് ടാർ ചെയ്യുന്നതിന് വാട്ടർ അതോറിറ്റി അനുമതി നൽകുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജിലെ ടോൾ പിരിവ്

1058. ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജിൽ കാലാവധി കഴിഞ്ഞിട്ടും ടോൾ പിരിവ് തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കവണക്കല്ലിൽ നിന്ന് ടോൾ പിരിവിലൂടെ നാളിതുവരെ ലഭിച്ച വരുമാനം വർഷം തിരിച്ച് അറിയിക്കാമോ;

(സി) ഈ ടോൾ പിരിവ് അവസാനിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിലെ കനാൽ റോഡ് നവീകരണം

1059. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ നടുവണ്ണൂർ, കോട്ടൂർ, ബാലുശ്ശേരി പഞ്ചായത്തുകളിൽ നിന്നും കനാൽ റോഡ് നവീകരണത്തിന്റെ അനുമതിയ്ക്കായി ഇറിഗേഷൻ വകുപ്പിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ റോഡുകൾ നവീകരിക്കുന്നതിനാണ് ഇനിയും അനുമതി നൽകിയിട്ടില്ലാത്തത് എന്നറിയിക്കാമോ;

(സി) കനാലിന് ഭീഷണിയില്ലാത്ത രീതിയിൽ റോഡുകൾ പരിഷ്കരിക്കുന്നതിനുള്ള അനുമതികൾ വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കാമോ?

സീതാർകുണ്ട് ഇറിഗേഷൻ പദ്ധതി

1060. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ സീതാർകുണ്ട് ഇറിഗേഷൻ പദ്ധതിയുടെ ആവശ്യകത സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) സീതാർകുണ്ട് ഇറിഗേഷൻ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സർവ്വെ നടപടികൾ തുടങ്ങിയിട്ടുണ്ടോ; സർവ്വെ നടപടികൾ പൂർത്തീകരിച്ച് എത്ര സമയത്തിനുള്ളിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഒതുക്കുങ്ങൽ-പൊന്മള കുടിവെള്ള പദ്ധതിക്കുള്ള വൈദ്യുതി കണക്ഷൻ

1061. ശ്രീ.കെ.എൻ.എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒതുക്കുങ്ങൽ-പൊന്മള കുടിവെള്ള പദ്ധതിക്കുള്ള വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നാളിതുവരെ വകുപ്പ് സ്വീകരിച്ച പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മലപ്പുറം പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 22.9.2016,7.8.2017,6.2.2018 എന്നീ തീയതികളിൽ എച്ച്.സി/1156/17 നമ്പർ കത്ത് പ്രകാരം വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനാവശ്യമായ തുക അടയ്ക്കണമെന്ന് അറിയിച്ചതിനുമേൽ വകുപ്പ് സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാമോ?

പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

1062. ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജലവിഭവ വകുപ്പ് വഴി പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2018-19 ൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണ്; അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതെന്ന് വകുപ്പ് കണ്ടെത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ടിന് ഭൂമി വിട്ടുകൊടുത്ത സ്ഥലമുടമകൾക്കുള്ള നഷ്ടപരിഹാരം

1063. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ടിന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ഭൂമി വിട്ടുകൊടുത്ത സ്ഥലമുടമകൾക്കുള്ള നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് എത്രപേരുടെ അപേക്ഷകൾ തീർപ്പാക്കാനുണ്ട് എന്നറിയിക്കാമോ;

(ബി) എൽ.എ.ആർ പ്രകാരം പ്രസ്തുത പദ്ധതിയുടെ നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് എത്രഅപേക്ഷകൾ സർക്കാരിലേക്ക് അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എത്രയെണ്ണം ചീഫ് എഞ്ചിനീയർക്ക് അയച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം ലഭിക്കാനുള്ള ശ്രീ. വാസുദേവൻപിള്ള, രവി, ചാണ്ടിമാത്യൂ ജോഷി മാത്യൂ എന്നിവരുടെ അപേക്ഷയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇവരുടെ ഫയൽ ഇപ്പോൾ ആരുടെ കൈകളിലാണെന്ന് അറിയിക്കാമോ;

(ഡി) എം.വി.ഐ.പി യുടെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുമായി ബന്ധപ്പെട്ട് ഫയൽ നമ്പർ MP1/178 /2017/ WR ,ഇ-ഫയൽ നം. 606299 ഫയലുകളിൽ ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

ആമയിഴഞ്ചാൻതോട്

1064. ശ്രീ.കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആമയിഴഞ്ചാൻതോട് വൃത്തിയാക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ആമയിഴഞ്ചാൻ തോട്ടിൽ അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യങ്ങളും ചെളിയും നീക്കം ചെയ്ത് തോട് വൃത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ശുചീകരിക്കുന്നതിനും പദ്ധതികൾ

1065. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴകളും തോടുകളും നീരുറവകളും ജലാശയങ്ങളും സംരക്ഷിക്കുന്നതിനും ശുചീകരിക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദമാക്കാമോ,

(ബി) സംസ്ഥാനത്തിന്റെ ഭൂഗർഭജല അളവ് വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ നല്കുമോ?

ഭൂഗർഭജല സംരക്ഷണം

1066. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ 80% കിണർ ജലവും മലീമസമാണെന്ന പരിസ്ഥിതി ധവളപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച ശുദ്ധജല സംരക്ഷണ നടപടികൾ എന്തൊക്കെയാണ്,

(ബി) സംസ്ഥാനത്ത് ഒട്ടനവധി കുടുംബങ്ങൾ കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്നവരായതിനാൽ ഇത്തരത്തിൽ ജലം മലിനപ്പെടുത്തുന്നത് പൊതുജനാരോഗ്യത്തിന് ഭീഷണിയാകുമെന്ന് കരുതുന്നുണ്ടോ,

(സി) എങ്കിൽ ഭൂഗർഭജല സംരക്ഷണത്തിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കാമോ?

ഭൂജല വകുപ്പിലെ ജീവനക്കാർക്ക് പ്രത്യേക പെരുമാറ്റച്ചട്ടം

1067. ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ജോലി സംബന്ധിച്ച പൊതുവായ മാർഗ്ഗ നിർദ്ദേശം നിലവിലുള്ളപ്പോൾ ഭൂജല വകുപ്പിലെ ഡയറക്ടർ ഉൾപ്പെടെ എല്ലാ ജീവനക്കാർക്കുമായി പ്രത്യേക പെരുമാറ്റച്ചട്ടം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നു;

(ബി) ഇപ്പോൾ പുറപ്പെടുവിച്ച പെരുമാറ്റച്ചട്ടത്തിലെ പ്രധാന നിർദ്ദേശങ്ങളെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഭൂജലവകുപ്പിൽ ഫിൽട്ടർ പോയിന്റ്, കുഴൽക്കിണർ എന്നിവയ്ക്ക് ലഭിച്ച അപേക്ഷകളിൽ തീരുമാനമെടുക്കാതെ കെട്ടിക്കിടക്കുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകളിൽ അടിയന്തര തീരുമാനം എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലാ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ സ്വകാര്യ ഏജൻസികൾക്ക് ജീവനക്കാർ മറിച്ചുകൊടുക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തുമോ?

കേരള വാട്ടർ അതോറിറ്റി അറ്റകുറ്റപ്പണികൾക്കും മറ്റും ചെലവഴിച്ച തുക

1068. ശ്രീ.പി.കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി പുതിയ പദ്ധതികളുടെ നടത്തിപ്പിനും സ്കീമുകളുടെ അറ്റകുറ്റപ്പണികൾക്കും പമ്പ് ഹൗസ് നവീകരണം ഉൾപ്പെടെ കെമിക്കൽസിന്റെ ഉപയോഗത്തിനുമായി കഴിഞ്ഞ 5 വർഷകാലയളവിൽ ഓരോ വർഷവും ചെലവാക്കി വരുന്ന തുക എത്ര, വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ 5 വർഷ കാലയളവിൽ ഓരോ വർഷവും കേരള വാട്ടർ അതോറിറ്റിയ്ക്ക് പിരിഞ്ഞു കിട്ടേണ്ട തുക എത്ര, എത്ര തുക പിരിച്ചെടുത്തു, ഇക്കാലയളവിൽ എഴുതിത്തള്ളിയ തുക എത്ര; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇക്കാലയളവിൽ കേരള വാട്ടർ അതോറിറ്റി കരാറുകാർക്കും വൈദ്യുതി ബോർഡിനും നൽകുവാനുള്ള തുക വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) റോഡ് കട്ടിംഗ്/റെയിൽവേ മുറിക്കൽ എന്നിവയ്ക്കായി കഴിഞ്ഞ 5 വർഷകാലയളവിലെ ഓരോ വർഷവും ചെലവാക്കി വരുന്ന തുക എത്ര എന്നും വ്യക്തമാക്കുമോ;

(ഇ) റോഡ് കട്ടിംഗ്/റെയിൽവെ മുറിക്കലിനും റെയിൽവേയുടെ മുകളിലൂടെ പൈപ്പിടലിനുമായി അനുമതി ലഭ്യമാകാത്ത പ്രവൃത്തികൾ ഏതെല്ലാം; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;സ്ഥിരം സംവിധാനം

എന്ന നിലയിൽ റബ്ബർ ബണ്ടുകൾ നിർമ്മിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

## ജലവിഭവ വകുപ്പിലെ കേന്ദ്രാവിഷ്കൃതപദ്ധതികൾ

1069. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പിൽ എത്ര കേന്ദ്രാവിഷ്കൃത പദ്ധതികളുണ്ടെന്നും അവ ഏതൊക്കെയെന്നും വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പ്രസ്തുത പദ്ധതികൾക്കായി കേന്ദ്രത്തിൽ നിന്ന് എത്ര തുക ധനസഹായം ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## വാട്ടർ അതേറിറ്റിയിലെ ഇ-ഗവേണൻസ് മാസ്റ്റർപ്ലാൻ

1070. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ ഇ-ഗവേണൻസ് മാസ്റ്റർപ്ലാനിൽ ഇ.ആർ.പി. നടപ്പാക്കണമെന്ന ശുപാർശയുണ്ടോ;

(ബി) വാട്ടർ അതോറിറ്റിയിൽ ഇ.ആർ.പി. നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

## ജലസംരക്ഷണ നടപടികൾ

1071. ശ്രീ.കെ.മുരളീധരൻ

,, അടൂർ പ്രകാശ്

,, എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജലത്തിന്റെ ലഭ്യത കുറഞ്ഞുവരുന്ന സാഹചര്യത്തിൽ എന്തൊക്കെ മുൻകരുതലുകളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ജലസേചന വകുപ്പ് പുന:സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) നിലവിലുള്ള ജലസേചന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ജല സംരക്ഷണത്തിന് മുൻതൂക്കം നൽകുന്നതിനുമുള്ള എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്?

## കുപ്പിവെള്ള പദ്ധതിയെ അട്ടിമറിക്കുന്നതിന് സ്വകാര്യ ലോബി

1072. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ കുപ്പിവെള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതിയെ അട്ടിമറിക്കുന്നതിനായി സ്വകാര്യ കുപ്പിവെള്ള ലോബി ശ്രമിക്കുന്നതായുള്ള റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(സി) ഈ നീക്കങ്ങളെ ചെറുത്തുകൊണ്ട് പദ്ധതിയുമായി സർക്കാർ മുന്നോട്ടു പോകുമോ; വിശദമാക്കാമോ;

(ഡി) ഈ പദ്ധതി എന്നുമുതൽ നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>സംസ്ഥാനത്തെ കിണറുകൾ</u>

1073. ശ്രീ.അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കിണറുകളിൽ കഴിഞ്ഞ 10 വർഷത്തിനിടെ ശരാശരി ജലലഭ്യതയിൽ കുറവു വന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് കണ്ടെത്തിയതെന്നും എത്ര ശതമാനം കിണറുകളിലാണ് ജല ലഭ്യതയിൽ കുറവ് കണ്ടെത്തിയതെന്നും വ്യക്തമാക്കുമോ;

(ബി) കിണറുകളിലെ ജലലഭ്യതയിൽ കുറവുണ്ടായതിന്റെ കാരണം കണ്ടെത്തുകയും പരിഹാര മാർഗ്ഗങ്ങൾ ആരായുകയും ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി പ്രകാരമുള്ള പദ്ധതികൾ</u>

1074. ശ്രീ.കെ. കൃഷ്ണൻകുട്ടി

,, സി.കെ.നാണു

,, കോവൂർ കുഞ്ഞുമോൻ

,, കെ.ബി.ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി പ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ജില്ല അടിസ്ഥാനത്തിൽ നല്കാമോ;

(ബി) ഈ സാമ്പത്തിക വർഷം ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി എത്ര കോടി രൂപയാണ് കേന്ദ്രത്തിൽ നിന്നും പ്രതീക്ഷിക്കുന്നത്?

<u>അരുവിക്കര കുപ്പിവെള്ള പ്ലാന്റ്</u>

1075. ശ്രീ.കെ.എസ്.ശബരീനാഥൻ

,, സണ്ണി ജോസഫ്

,, കെ.മുരളീധരൻ

,, വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കരയിൽ സർക്കാർ ഉടമസ്ഥതയിൽ കുപ്പിവെള്ള പ്ലാന്റ് സ്ഥാപിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് തീരുമാനം എടുത്തിരുന്നോ;

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്ലാന്റിനായി ഇതുവരെ എന്ത് തുക ചെലവഴിച്ചു;

(സി) ജല അതോറിറ്റി ജല ശുദ്ധീകരണം, കുടിവെള്ളവിതരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ മതിയെന്നും കുപ്പിവെള്ള വിപണിയിൽ ഇറങ്ങേണ്ടതില്ലായെന്നുമുള്ള നിർദ്ദേശം ജലവിഭവ വകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള സാഹചര്യമെന്തായിരുന്നു; വിശദമാക്കാമോ;

(ഡി) അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കത്ത് പുറത്ത് വന്നതിന് പിന്നാലെ ജല അതോറിറ്റി മാനേജിംഗ് ഡയറക്ടറെ മാറ്റിയത് സർക്കാരിന്റെ കുപ്പിവെള്ള പദ്ധതിയെ അട്ടിമറിക്കുവാനും സ്വകാര്യ കുപ്പിവെള്ള ലോബിയെ സഹായിക്കുവാനുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സ്വകാര്യ കുപ്പിവെള്ള ലോബിയെ സഹായിക്കുന്നതാണ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിലപാട് എന്നതിനാൽ തീരുമാനം പുന:പരിശോധിക്കുമോ; വ്യക്തമാക്കാമോ?

## മൂർക്കനാട് കുടിവെള്ള പദ്ധതി

1076. ശ്രീ.ടി.എ.അഹമ്മദ് കബീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം മൂർക്കനാട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പ് ലൈൻ നീട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ ;

(സി) 2018-19 സാമ്പത്തിക വർഷത്തെ കേരള വാട്ടർ അതോറിറ്റിയുടെ സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് മങ്കട നിയോജകമണ്ഡലത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദമാക്കാമോ?

## കുപ്പിവെള്ളപദ്ധതി

1077. ശ്രീ.സി.മമ്മൂട്ടി
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ.പി.കെ.അബ്ദു റബ്ബ്
,, ടി. വി. ഇബ്രാഹിം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി കുപ്പിവെള്ള വിതരണത്തിനായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കുപ്പിവെള്ള പ്ലാന്റിന്റെ പുതുക്കിയ അടങ്കൽ തുകയ്ക്ക് വാട്ടർ അതോറിറ്റി അനുമതി തേടിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) കുപ്പിവെള്ളപദ്ധതി ആവശ്യമില്ലെന്ന് വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടുണ്ടോ;എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തീരുമാനം പുന:പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

പൊതു കുടിവെള്ള സ്രോതസ്സുകളുടെ ഗുണനിലവാര പരിശോധന

1078. ശ്രീ.ഇ.കെ.വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ 'നിപ'വൈറസ് ഭീതിയുള്ള സാഹചര്യത്തിൽ പൊതു കുടിവെള്ള സ്രോതസ്സുകൾ പരിശോധിക്കാൻ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ജലനിധി പദ്ധതികൾ

1079. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാംഘട്ടത്തിൽ എത്ര പദ്ധതികളുണ്ട്; ഇവയിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ;

(ബി) ഇവയിൽ എത്രയെണ്ണത്തിനാണ് ഭൂഗർഭജലസ്രോതസ്സുകൾ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എത്ര പദ്ധതികൾക്ക് വാട്ടർ അതോറിറ്റി പദ്ധതികളിൽ നിന്ന് ജലമെടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ഹില്ലി അക്വാ കുപ്പിവെള്ളം

1080. ശ്രീ.കെ.എൻ.എ ഖാദർ

,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റി ഹില്ലി അക്വാ എന്ന പേരിൽ വിപണിയിൽ ഇറക്കുന്ന കുപ്പിവെള്ളത്തിന്റെ ഉല്പാദനച്ചെലവ് എത്രയാണെന്നും ഇത് എത്ര രൂപക്കാണ് വിതരണക്കാർക്ക് നൽകുന്നതെന്നും ഇതിൻമേൽ മറ്റെന്തെങ്കിലും സെസ്സ് ചുമത്തുന്നുണ്ടോയെന്നും വിശദമാക്കാമോ;

(ബി) വിപണിയിൽ ഈ കുപ്പിവെള്ളം എത്ര രൂപക്കാണ് ലഭ്യമാക്കുന്നതെന്നും ,വിതരണക്കാർക്ക് നൽകുന്നതിൽ നിന്നും ഉയർന്ന വില ഉപഭോക്താവ് കൊടുക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാനാകുമോയെന്നും വ്യക്തമാക്കാമോ;

(സി) അരുവിക്കര കുപ്പിവെള്ള പ്ലാന്റിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും ഇത് എന്നത്തേക്ക് പ്രവർത്തനം തുടങ്ങാനാകുമെന്നും വ്യക്തമാക്കാമോ?

പൈപ്പ് പൊട്ടി കുടിവെള്ളം പാഴായി പോകുന്നതിൽ ഉദ്യോഗസ്ഥർ വരുത്തുന്ന വീഴ്ച

1081. ശ്രീ.വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധയിടങ്ങളിൽ കടുത്ത വേനൽക്കാലത്തു പോലും പൈപ്പ് പൊട്ടി കുടിവെള്ളം പാഴായി പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നം പരിഹരിക്കാതെ നീണ്ടുപോകുന്നതിൽ ഉദ്യോഗസ്ഥർ വരുത്തുന്ന വീഴ്ച വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;വിശദാംശം ലഭ്യമാക്കുമോ;

(ഡി) കുടിവെള്ള വിതരണത്തിന് അത്യാധുനിക ഉപകരണങ്ങളും സാങ്കേതിക വിദ്യയും ഉപയോഗിക്കുന്നതിനും അഴിമതി കാട്ടുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സർക്കാർ ശ്രദ്ധിക്കുമോ?

ചേലക്കര നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം

1082. ശ്രീ.യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതിനായി വാട്ടർ അതോറിറ്റി പ്രോജക്ട് വിഭാഗം ഡി. പി ആർ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള നിർമ്മാണം

1083. ശ്രീ.റ്റി.വി.രാജേഷ്

,, ജോൺ ഫെർണാണ്ടസ്

,, ഐ.ബി. സതീഷ്

,, എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം പൂർണ്ണതോതിൽ ശുദ്ധീകരിച്ചതാണോ എന്ന് വ്യക്തമാക്കാമോ;

(ബി) തലസ്ഥാന നഗരിയിൽ ഉൾപ്പടെ കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശരിയായ രീതിയിൽ ശുദ്ധീകരിക്കപ്പെടുന്നില്ലെന്ന നിഗമനത്തിൽ സ്വകാര്യ കുടിവെള്ള വില്പനക്കാർ ജാറുകളിൽ വിതരണം ചെയ്യുന്ന വെള്ളം ഉപയോഗിക്കേണ്ടി വരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കുടിവെള്ള ശുദ്ധീകരണ പ്ലാന്റുകൾ കാര്യക്ഷമമാക്കാൻ നടപടി

സ്വീകരിക്കുമോ;

(സി) വില്പനക്കാർ കുപ്പിവെള്ളം വളരെ ഉയർന്ന വിലയ്ക്ക് വിറ്റഴിച്ച് സാധാരണക്കാരെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കാൻ വാട്ടർ അതോറിറ്റി ശുദ്ധമായ കുടിവെള്ളം കുപ്പിയിലാക്കി ന്യായവിലയ്ക്ക് വിൽക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) അരുവിക്കരയിലെ കുപ്പിവെള്ള നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; പ്രസ്തുത പദ്ധതി ഉപേക്ഷിയ്ക്കുകയുണ്ടായോ; എങ്കിൽ കാരണം അറിയിക്കാമോ?

<u>അയിരൂർ-കാഞ്ഞിറ്റുകര, പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതികൾ</u>

1084. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിരൂർ-കാഞ്ഞിറ്റുകര, പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതിയും ഓരോ പദ്ധതിക്കായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ;

(ബി) അയിരൂർ-കാഞ്ഞിറ്റുകര പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഉള്ളതെന്നും ഇത് എന്ന് പൂർത്തീകരിക്കാനാകുമെന്നും ഒന്നാം ഘട്ടത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും വിശദമാക്കാമോ;

(സി) പെരുനാട്-അത്തിക്കയം പദ്ധതിയുടെ എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്നും എന്ന് നിർമ്മാണം പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ?

<u>ഇടക്കൊച്ചി കുടിവെള്ള പദ്ധതി</u>

1085. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ടാങ്ക് നിർമ്മാണത്തിനായി അമൃത് പദ്ധതിയിൽ നിന്നും അനുവദിച്ച ആറ് കോടി രൂപയുടെ ടെണ്ടർ നടപടികളുടെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>കാലപ്പഴക്കം ചെന്ന കുടിവെള്ള പൈപ്പുകൾ മാറ്റുന്ന പ്രവൃത്തി</u>

1086. ശ്രീ.പി.കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടിയിൽ കാലപ്പഴക്കംചെന്ന കുടിവെള്ള പൈപ്പുകൾ മാറ്റുന്ന പ്രവൃത്തിയുടെ പുരോഗതി ഏത് വരെയായി;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് അറിയിക്കാമോ?

## പള്ളിക്കൽ കുടിവെള്ള പദ്ധതി

1087. **ശ്രീ.വി. ജോയി :** താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലെ പള്ളിക്കൽ കുടിവെള്ള പദ്ധതിക്ക് വേണ്ടി സർവ്വേ നടപടികൾ പൂർത്തിയാക്കി ഡ്രായിംഗ് തയ്യാറാക്കിയിട്ടുള്ളതിൽ വിതരണ പൈപ്പിന്റെ ഡിസൈൻ പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## നെടുമങ്ങാട് മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

1088. **ശ്രീ.സി. ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജലവിഭവ വകുപ്പ് മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

## ഒതുക്കുങ്ങൽ- പൊന്മള കുടിവെള്ള പദ്ധതി

1089. **ശ്രീ.കെ.എൻ.എ ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒതുക്കുങ്ങൽ- പൊന്മള കുടിവെള്ള പദ്ധതിയുടെ പൈപ്പുലൈനുകൾ സ്ഥാപിക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പൈപ്പുലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾക്കായി റോഡ് കട്ടിംങ്ങിന് ഡെപ്പോസിറ്റ് ചെയ്യേണ്ട തുക മുഴുവൻ അടച്ചിട്ടുണ്ടോ; ഇപ്രകാരം അടയ്ക്കേണ്ട തുക എത്രയാണെന്ന് വിശദമാക്കാമോ;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് ട്രാൻസ്ഫോമറും മറ്റും സ്ഥാപിക്കുന്നതിനായി തുക അടച്ചിട്ടുണ്ടോ; ആയതിന്റെ വിവരങ്ങൾ കൂടി വിശദമാക്കാമോ?

## മുടങ്ങികിടക്കുന്ന കുടിവെള്ള പദ്ധതികൾ

1090. **ശ്രീ.പി.വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുടങ്ങികിടക്കുന്ന കുടിവെള്ള പദ്ധതികൾ പ്രവർത്തന യോഗ്യമാക്കുന്നതിനും പൈപ്പ് ലൈൻ നീട്ടുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ ;

(ബി) കേരള വാട്ടർ അതോറിറ്റി വഴി ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമോ;

(സി) കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്ന കാര്യം ആലോചിക്കുമോ ?

ജലാശയങ്ങൾ സംരക്ഷിക്കുന്നതിന് നടപടി

1091. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികൾ, തോടുകൾ, കുളങ്ങൾ, കിണറുകൾ, തടാകങ്ങൾ എന്നിവ മലിനമാക്കുന്നത് തടയുന്നതിനും സംരക്ഷിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വിശദമാക്കാമോ;

(ബി) ഒറ്റപ്പാലം മണ്ഡലത്തിലെ പൊതുകുളങ്ങളും പൊതുകിണറുകളും ഉൾപ്പെടെയുള്ള ജലാശയങ്ങളുടെ വിവരശേഖരണം നടത്തി രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വകാര്യ,പൊതു കിണറുകൾ, കുളങ്ങൾ, മറ്റ് ജല സ്രോതസ്സുകൾ എന്നിവ റീ ചാർജ്ജ് ചെയ്യുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

കേരള വാട്ടർ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്ത കരാറുകാർ

1092. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ കരാറുകാരായി രജിസ്റ്റർ ചെയ്യാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) രജിസ്റ്റർ ചെയ്ത കരാറുകാരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം പ്രവൃത്തികളാണ് ഇവർ ഏറ്റെടുത്ത് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം കരാറുകൾക്ക് കുടിശ്ശികയായി എത്ര രൂപ നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) എത്രകാലമായി ഈ കുടിശ്ശിക ബാക്കിയുണ്ടെന്നും എപ്പോൾ കൊടുത്തുതീർക്കാനാകുമെന്നും വ്യക്തമാക്കുമോ?

വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ

1093. ശ്രീമതി.വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ എന്ന പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) എത്ര പ്രോജക്ടുകൾ പദ്ധതിയുടെ പരിഗണനയ്ക്ക് വന്നു എന്നും അതിൽ എത്ര എണ്ണം അംഗീകരിച്ചു എന്നും എത്ര എണ്ണം പൂർത്തിയായി എന്നും വ്യക്തമാക്കാമോ;

(സി) അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ

1094. ശ്രീമതി.വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയാണെന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഏറ്റവുമധികം വാട്ടർ കണക്ഷനുകൾ ഉള്ള സെക്ഷൻ ഓഫീസ് ഏതാണെന്നും അതിൽ എത്ര കണക്ഷൻ ഉണ്ടെന്നും അറിയിക്കുമോ;

(സി) പതിനായിരത്തിൽ അധികം വാട്ടർ കണക്ഷനുകൾ ഉള്ള എത്ര സെക്ഷൻ ഓഫീസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

<u>സ്മാർട്ട് വാട്ടർ മീറ്റർ</u>

1095. ശ്രീ.അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന കേരള വാട്ടർ അതോറിറ്റിയുടെ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് വാട്ടർ മീറ്റർ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏത് കമ്പനിയിൽ നിന്നുമാണ് സ്മാർട്ട് മീറ്റർ വാങ്ങുന്നതെന്നും ഇത് നടപ്പിലാക്കുന്നത് മൂലമുള്ള പ്രയോജനം എന്താണെന്നും വെളിപ്പെടുത്തുമോ;

(സി) സ്മാർട്ട് വാട്ടർ മീറ്റർ പദ്ധതി നടപ്പിലാക്കുന്നതോടെ മീറ്റർ റീഡർ തസ്തിക ഇല്ലാതാകുമോ; എങ്കിൽ അധികമായി വരുന്ന പ്രസ്തുത ജീവനക്കാരുടെ സേവനം എപ്രകാരം ഉപയോഗിക്കുവാനാണ് വാട്ടർ അതോറിറ്റി തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

<u>കോന്നി മണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതികൾ</u>

1096. ശ്രീ.അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമാടം ശുദ്ധ ജല വിതരണ പദ്ധതി, കോന്നി മെഡിക്കൽ കോളേജിനായുള്ള ശുദ്ധജല വിതരണ പദ്ധതി, സീതത്തോട്-നിലയ്ക്കൽ കുടിവെള്ള പദ്ധതി, നിലവിൽ ശുദ്ധീകരണ ശാലകളില്ലാത്ത മൈലപ്ര, മലയാലപ്പുഴ, ചിറ്റാർ, കോന്നി, അരുവാപ്പുലം, തണ്ണിത്തോട്, ഏനാദിമംഗലം എന്നിവിടങ്ങളിലും ജലവിതരണ പദ്ധതികളില്ലാത്ത കലഞ്ഞൂർ പഞ്ചായത്തിലും ശുദ്ധജലം എത്തിക്കുന്നതിനായി നാളിതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) നാളിതുവരെ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മേൽപറഞ്ഞ പദ്ധതികളും പ്രവൃത്തികളും സംബന്ധിച്ച് 30.1.2018-ന് വാട്ടർ അതോറിറ്റി മനേജിംഗ് ഡയറക്ടറുടെ ചേമ്പറിൽ കൂടിയ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളിൽ ഏതെല്ലാം നാളിതുവരെ നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവയിൽ ഓരോന്നിന്റെയും നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ഇ) ഇവയുടെ പൂർത്തികരണത്തിന് അടിയന്തര നിർദ്ദേശം നൽകുമോ?

## കുളിമാട് പമ്പിംഗ് സ്റ്റേഷൻ

1097\. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുളിമാട് പമ്പിംഗ് സ്റ്റേഷനിൽ അധികമായുള്ള പ്രവർത്തനശേഷി ഉപയോഗിച്ച് പ്രവർത്തനരഹിതമായിക്കിടക്കുന്ന എൻ.സി.പി.സി. പദ്ധതിയിൽ വെള്ളം ലഭ്യമാക്കാൻ ചാത്തമംഗലം ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ഇതിനാവശ്യമായ ചെലവ് വഹിയ്ക്കാമെന്ന് ഗ്രാമപഞ്ചായത്ത് സമ്മതിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമോ?

## ഷൊർണ്ണൂർ നഗരസഭയിലെ കുടിവെള്ള പദ്ധതികൾ

1098\. ശ്രീ.പി.കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നഗരസഭയിൽ കേരള ജല അതോറിറ്റി പണി പൂർത്തിയാക്കാനുള്ള മേച്ചിലാത്ത്കുന്ന് കുടിവെള്ള പദ്ധതി, പന്തലാട്ടുപറമ്പ് കുടിവെള്ളപദ്ധതി, പി.വി.ജെ.ബി. കോളനി പൈപ്പ് തുടങ്ങി വാർഡ് 6,13,30 എന്നിവിടങ്ങളിലെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ, 118 എസ്.സി. കുടുംബങ്ങൾക്കുള്ള കുടിവെള്ള പദ്ധതി, പഴനിപ്പറമ്പ് പദ്ധതി ,മുല്ലയ്ക്കൽ കോളനി പൈപ്പ് ലൈൻ തുടങ്ങിയവയുടെ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ,എപ്പോൾ പൂർത്തീകരിയ്ക്കുവാൻ കഴിയുന്ന വിധത്തിലാണ് പ്രവർത്തനങ്ങൾ നടന്നുവരുന്നത് എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ജില്ലാ പഞ്ചായത്ത് ഡിപ്പോസിറ്റ് പദ്ധതിയായ പോണാട് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണ് ;എപ്പോൾ പൂർത്തികരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ;

(സി) വെള്ളിനേഴി ഗ്രാമപഞ്ചായത്ത് ഡിപ്പോസിറ്റുവർക്കിന്റെ നിലവിലെ അവസ്ഥ എന്താണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഡി) ജലസേചന വകുപ്പ് അനങ്ങനടി പഞ്ചായത്ത് കടിശ്ശീരിത്തോട് അറ്റകുറ്റപ്പണി, കാറൽമണ്ണ ലിഫ്റ്റ് ഇറിഗേഷൻ അടിയന്തിര നവീകരണം, പാണിയംകുളം ത്രാങ്ങാലി എൽ.ഐ.സ്കീം അടിയന്തിര നവീകരണം എന്നീ പ്രവൃത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കുമോ?

## വാട്ടർ അതോറിറ്റി സ്ഥലം മാറ്റ മാനദണ്ഡങ്ങൾ

1099\. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവ് അനുസരിച്ചുള്ള സ്ഥലം മാറ്റ മാനദണ്ഡങ്ങളും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ സ്ഥലം മാറ്റ മാനദണ്ഡങ്ങളും തമ്മിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടോയെന്ന്

വ്യക്തമാക്കാമോ;

(ബി) എങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കാമോ?

<u>വാട്ടർ അതോറിറ്റിയിലെ പ്ലമ്പർമാർ</u>

1100. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ എത്ര പ്ലമ്പർമാരുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ പ്ലമ്പർമാർ വാട്ടർ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്തവരാണോ എന്നും ഇവർക്കു വേതനം ആരാണു നൽകുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്ലമ്പർമാരായി രജിസ്റ്റർ ചെയ്യാനുള്ള മാനദണ്ഡങ്ങളും ഇവർക്കു വേണ്ട യോഗ്യതകളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഒരിക്കൽ രജിസ്റ്റർ ചെയ്ത പ്ലമ്പർക്ക് എത്രകാലം ജോലി ചെയ്യാമെന്ന് വ്യക്തമാക്കാമോ;

(ഇ) വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട അറ്റകുറ്റ പ്രവൃത്തികൾ വാട്ടർ അതോറിറ്റിയുടെ ലൈസൻസുള്ള പ്ലമ്പർമാരെകൊണ്ട്തന്നെ ചെയ്യിപ്പിക്കണമെന്ന നിയമമുണ്ടോ; വ്യക്തമാക്കാമോ;

(എഫ്) വാട്ടർ അതോറിറ്റിയുമായി ഒരു ബന്ധവുമില്ലാത്ത ചില പ്ലമ്പർമാർ ഇത്തരം അറ്റകുറ്റ പ്രവൃത്തികൾ പലയിടങ്ങളിലും ചെയ്യുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അനുവദനീയമാണോ; വ്യക്തമാക്കാമോ?

<u>കണ്ണൂർ തേർമല-വളവുകരി ഭാഗത്ത് റഗുലേറ്റർ-കം-ബ്രിഡ്ജ്</u>

1101. ശ്രീ.കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തേർമല-വളവുകരി ഭാഗത്ത് റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് ഭരണാനുമതി നൽകിയോ; വ്യക്തമാക്കുമോ;

(ബി) ഇതിന് എത്ര കോടി രൂപയുടെ ചെലവാണ് കണക്കാക്കുന്നത്; അറിയിക്കുമോ;

(സി) ഇതിന്റെ പ്രവൃത്തികൾ ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

<u>നീലേശ്വരം പാലായി വളവിൽ നിർമ്മിക്കുന്ന റെഗുലേറ്റർ- കം- ബ്രിഡ്ജിന്റെ ടെൻഡർ</u>

1102. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായി വളവിൽ നിർമ്മിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ടെൻഡർ നടപടികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട ഫയൽ നടപടികളിൽ വലിയ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റെഗുലേറ്ററിന്റെ ടെക്നിക്കൽ വർക്കുകൾ ടെൻഡർ ചെയ്ത് പണി ആരംഭിച്ചിട്ടും സിവിൽ വർക്കുകളുടെ

ടെൻഡർ പൂർത്തീകരിക്കാൻ വൈകുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

<u>കിഫ്ബിയിൽ സമർപ്പിച്ച കുടിവെള്ള പദ്ധതി പ്രൊപ്പോസൽ</u>

1103\. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിമ്പിളിയം-എടയൂർ കുടിവെള്ള പദ്ധതിയുടെ പ്രൊപ്പോസലും കുറ്റിപ്പുറം-കങ്കക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രൊപ്പോസലും കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ; അനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കുറ്റിപ്പുറം-കങ്കക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ വിശദമായ പ്രോജെക്ട് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ രണ്ടു പ്രവൃത്തികളും കിഫ്ബിയിൽ സമർപ്പിച്ച് അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>കടലുണ്ടിപ്പുഴയിൽ ആർ.സി.ബി.നിർമ്മാണം</u>

1104\. ശ്രീ.ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മങ്കട നിയോജക മണ്ഡലത്തിലെ മോദിക്കയത്ത് കടലുണ്ടിപ്പുഴയിൽ ആർ.സി.ബി. നിർമ്മിക്കുന്നതിന് അനുവദിച്ച 70 കോടി നൽകിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കെ.ഐ.ഐ.ഡി.സി. തയ്യാറാക്കിയ ഡി.പി.ആർ. കിഫ്ബി ബോർഡ് അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) ഫണ്ട് അനുവദിക്കുന്നതിന് സംബന്ധിച്ച നടപടികൾ വേഗത്തിൽ പൂർത്തികരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>മുക്കം മേജർ കുടിവെള്ള പദ്ധതി</u>

1105\. ശ്രീ.ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി, കുന്ദമംഗലം, കൊടുവള്ളി അസംബ്ലി നിയോജക മണ്ഡലങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാനായി ആവിഷ്കരിക്കുന്ന മുക്കം മേജർ കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ;

(ബി) പദ്ധതിക്ക് എന്ന് ഭരണാനുമതി നൽകാൻ കഴിയുമെന്നും, ആദ്യഘട്ട കമ്മീഷനിംഗ് എന്ന് നടത്താൻ കഴിയുമെന്നും വ്യക്തമാക്കുമോ?

<u>കരിച്ച കുടിവെള്ള പദ്ധതി</u>

1106. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി -യുടെ കോങ്ങാട് മണ്ഡലത്തിനായി അനുവദിച്ച കരിച്ച കുടിവെള്ള പദ്ധതി ഭരണാനുമതിയ്ക്കായി നാളിതുവരെ കിഫ്ബി യ്ക്ക് സമർപ്പിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഡി പി ആർ തയ്യാറാക്കുന്നതിന് ജീവനക്കാരില്ലെന്ന കെ ഡബ്ല്യു എ യുടെ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ വസ്തുതയുണ്ടോ;എങ്കിൽ വിശദവിവരം നൽകുമോ;

(സി) പദ്ധതി പ്രഖ്യാപിച്ചിട്ട് 2 വർഷം കഴിഞ്ഞിട്ടും ഭരണാനുമതി ലഭിക്കാത്ത സാഹചര്യത്തിൽ അടിയന്തിരമായി കിഫ്ബി യ്ക്ക് ഡി പി ആർ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>മാതൃർ തഴവയൽ പ്രദേശത്ത് ഉപ്പുവെള്ളം</u>

1107. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ മാതൃർ തഴവയൽ പ്രദേശത്ത് ഉപ്പുവെള്ളം കയറി പാടങ്ങളിലും കരപ്രദേശങ്ങളിലും ഉള്ള കൃഷി നശിക്കുന്നതും കിണറുകളിലെ ജലത്തിൽ ഉപ്പുവെള്ളം കലർന്ന് കുടിവെള്ളം ഉപയോഗയോഗ്യമല്ലാതാകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇവിടെ ചീപ്പ് നിർമ്മിച്ച് ഷട്ടറുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയത് സംബന്ധിച്ച പ്രവൃത്തിയുടെ ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>കോന്നി മണ്ഡലത്തിലെ കുടിവെള്ള വിതരണ പദ്ധതി</u>

1108. ശ്രീ.അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിലെ കുടിവെള്ള വിതരണ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി 30.01.2018-ൽ യോഗം ചേർന്നിരുന്നോ ; എങ്കിൽ പ്രസ്തുത യോഗത്തിൽ ആരെല്ലാം പങ്കെടുത്തുവെന്ന് വ്യക്തമാക്കാമോ; ;

(ബി) പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളിൽ ഏതെല്ലാം നടപ്പിലാക്കുന്നതിന് നിലവിൽ നടപടികൾ കൈക്കൊണ്ടുവെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ;

(സി) യോഗ തീരുമാനങ്ങളിൽ നാളിതുവരെ യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) 30.01.2018-ൽ കൂടിയ യോഗത്തിൽ കൈക്കൊണ്ട എല്ലാ തീരുമാനങ്ങളുടെയും നിലവിലെ സ്ഥിതി വിശദീകരിക്കുമോ ;

(ഇ) യോഗത്തിൽ കൈക്കൊണ്ട തീരുമാനം അടിയന്തരമായി പൂർത്തീകരിക്കുവാൻ നിർദ്ദേശം നൽകുമോ ?

<u>പാവറട്ടി , മുല്ലശ്ശേരി ശുദ്ധജല വിതരണ പദ്ധതികൾ</u>

1109. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി-മുല്ലശ്ശേരി ശുദ്ധജല വിതരണ പദ്ധതികൾക്കായി പാവറട്ടി പഞ്ചായത്തിലും മുല്ലശ്ശേരി പഞ്ചായത്തിലും ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ;

(ബി) ഈ പദ്ധതികളുടെ പൈപ്പിടൽ ജോലികൾ നടന്നുവരുന്ന സാഹചര്യത്തിൽ ജലസംഭരണികളുടെ നിർമ്മാണം ഉടൻ ആരംഭിച്ച് പദ്ധതി പ്രാവർത്തികമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ചീക്കോട് ജലനിധി കുടിവെള്ള പദ്ധതി

1110. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചീക്കോട് ജലനിധി കുടിവെള്ള പദ്ധതിയിൽ പള്ളിക്കൽ ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പള്ളിക്കൽ ഗ്രാമപഞ്ചായത്തിനാവശ്യമായ കുടിവെള്ളം പുളിക്കൽ വലിയപറമ്പിലെ ജലസംഭരണിയിൽ ശേഖരിക്കുന്നുണ്ടോ;

(സി) പ്രസ്തുത ജലസംഭരണിയിൽ നിന്നും കുടിവെള്ളം പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലേക്ക് എത്തിക്കുന്നതിന് വിതരണ ലൈൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം വെളിപ്പെടുത്തുമോ?

തൊടുപുഴ മണ്ഡലത്തിലെ കുടിവെള്ള വിതരണം

1111. ശ്രീ.പി.ജെ.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ നിയോജക മണ്ഡലത്തിലെ മുട്ടം, കരിങ്കുന്നം, കുമാരമംഗലം ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള വിതരണ പദ്ധതികൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ നടപ്പാക്കുന്നതിന് തടസ്സം നേരിട്ടിട്ടുണ്ടോ; എങ്കിൽ ഇതിൽ ഉൾപ്പെട്ട പ്രവൃത്തികൾ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

കൂടരഞ്ഞി പ്രകൃതിദത്ത ശുദ്ധജലവിതരണ പദ്ധതി

1112. ശ്രീ.ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെയും പരിസരപ്രദേശങ്ങളിലെയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി വിഭാവനം ചെയ്യുന്ന കൂടരഞ്ഞി പ്രകൃതിദത്ത ശുദ്ധജലവിതരണ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത്

വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ മതിപ്പ ചെലവ് എത്രയാണെന്നും എന്നത്തേക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>തലശ്ശേരി- കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി</u>

1113. ശ്രീ.എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ കിഫ്ബിയിൽ തുക വകയിരുത്തിയ തലശ്ശേരി കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ ആണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

<u>കല്ലക്കയം കുടിവെള്ള പദ്ധതി</u>

1114. ശ്രീ.പി.കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കല്ലക്കയം കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തികരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>വൈപ്പിൻ മണ്ഡലത്തിലെ ഓവർഹെഡ് ടാങ്കുകളുടെ നിർമ്മാണം</u>

1115. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ 'ജിഡ' കുടിവെള്ളപദ്ധതിയുടെ ഭാഗമായ മുരിക്കുപാടം, ഞാറക്കൽ ഓവർഹെഡ് ടാങ്കുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണങ്ങൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

<u>എലവഞ്ചേരി, പല്ലശ്ശന കുടിവെള്ള പദ്ധതികൾ</u>

1116. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച എലവഞ്ചേരി, പല്ലശ്ശന കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ ;

(ബി) അടിയന്തര പ്രാധാന്യമുള്ള ഈ പദ്ധതികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ ?

## പൊഴിയൂർ (കാരോട്), അതിയന്നൂർ കുടിവെള്ളപദ്ധതികൾ

1117. **ശ്രീ.കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സംസ്ഥാന ബഡ്ജറ്റിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലേക്ക് അനുവദിച്ച പൊഴിയൂർ (കാരോട്), അതിയന്നൂർ കുടിവെള്ളപദ്ധതികളുടെ ഡി. പി. ആർ ,വാട്ടർ അതോറിറ്റി കിഫ്ബിയിൽ സമർപ്പിച്ചോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് എത്ര കോടി രൂപയാണ് കിഫ്ബി അനുവദിക്കേണ്ടത് എന്ന് അറിയിക്കുമോ;

(സി) പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2018 ഡിസംബർ മാസത്തിന് മുൻപ് ആരംഭിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

## പട്ടികജാതി കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രവൃത്തികൾ

1118. **ശ്രീ.വി. ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിലെ തെറ്റിക്കുളം ബൂസ്റ്റർ പമ്പ് ഹൗസിൽ നിന്നും ചെമ്മരുതി പഞ്ചായത്തിലെ ടാങ്കിലേക്ക് 3.50 മീറ്റർ വ്യാസമുള്ള ഡി.ഐ.കെ 9പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന് ലഭിച്ച ഭരണാനുമതിയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പട്ടികജാതി കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിനായി ലഭിച്ച 98.13 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കുമോ;

(സി) എം.എൽ.എ ഫണ്ട് വിനിയോഗിച്ച് പൈപ്പ് ലൈൻ നീട്ടുന്നതിന് തെരഞ്ഞെടുത്ത പ്രദേശങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

## അമ്പലപ്പാറ,തച്ചനാട്ടുകര കുടിവെള്ള പദ്ധതി

1119. **ശ്രീ.പി. ഉണ്ണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പാറ,തച്ചനാട്ടുകര കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തന പുരോഗതിയും വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) അമ്പലപ്പാറ, തച്ചനാട്ടുകര പദ്ധതികളിലെ ഓരോന്നിന്റേയും അടങ്കൽ തുക എത്രയെന്നും നാളിതുവരെ ഓരോ പദ്ധതിക്കും എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ?

## കുന്നത്തുകാൽ കുടിവെള്ള പദ്ധതി

1120. **ശ്രീ.സി.കെ. ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുകാൽ കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നേക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം അടിയന്തരമായി പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ജല വിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുവാൻ നടപടി

1121. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പാലം, മൂന്നിയൂർ, ചേലേമ്പ്ര ഗ്രാമ പഞ്ചായത്തുകളിലേക്കുള്ള എ.ആർ ഡബ്ല്യു.എസ് (ARWS) പദ്ധതി പ്രകാരമുള്ള ജലവിതരണ പൈപ്പുകളും പമ്പിങ്ങ് മെയിനും കാലപ്പഴക്കം കൊണ്ട് പൊട്ടി ജലനഷ്ടമുണ്ടാകുന്നത് തടയുന്നതിനായി ടി പൈപ്പുകൾ മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനങ്ങളിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജല വിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

## കവ്വായി കായലിലെ വികസന പ്രവർത്തനങ്ങൾ

1122. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല വിഭവവകുപ്പിനു കീഴിലുള്ള ഐ.ഡി. ആർ. ബി. -യിൽ ഡി.പി.ആർ.തയ്യാറാക്കാൻ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടൂറിസം മേഖലയായ മലബാർ പ്രദേശത്തെ കവ്വായി കായലിലും അനുബന്ധ കേന്ദ്രങ്ങളിലും നടത്താൻ തീരുമാനിച്ച വികസന പ്രവർത്തനങ്ങൾ ഇതുമൂലം തടസ്സപ്പെട്ടുവരുന്നത് പരിഹരിക്കാൻ ജലവിഭവ വകുപ്പ് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിൽ കുപ്പിവെള്ളനിർമ്മാണ പ്ലാന്റ്

1123. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പിന് എവിടെയെല്ലാം നിലവിൽ കുപ്പിവെള്ളനിർമ്മാണ പ്ലാന്റുകളുണ്ട്; പ്ലാന്റിലെ പ്രതിദിന ഉൽപ്പാദനം സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്തുമോ;

(ബി) ജലവിഭവ വകുപ്പ് അരുവിക്കരയിൽ സ്ഥാപിക്കുന്ന കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്ലാന്റിൽ നിന്നും കുപ്പിവെള്ളം വിപണിയിൽ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണവും വിപണിയിൽ കുപ്പിവെള്ളം എത്തിക്കുന്നതിന് സ്വീകരിച്ചു വരുന്നന്ന നടപടികളും വിശദമാക്കുമോ?

<u>വാട്ടർ അതോറിറ്റിയുടെ ബാൻഡിക്കൂട്ട് റോബോട്ടുകൾ</u>

1124. ശ്രീമതി.വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി ബാൻഡിക്കൂട്ട് റോബോട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര രൂപ നിർമ്മാതാക്കൾക്ക് നൽകിയിട്ടുണ്ട്; മറ്റെന്തെല്ലാം സൗകര്യങ്ങളാണ് നിർമ്മാതാക്കൾക്ക് നൽകിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ബി) വാട്ടർ അതോറിറ്റിക്ക് ആകെ എത്ര ബാൻഡിക്കൂട്ട് റോബോട്ടുകൾ ഉണ്ട്; സംസ്ഥാനത്ത് ആകെയുള്ള മാൻഹോളുകൾ വൃത്തിയാക്കാൻ എത്ര എണ്ണം വേണ്ടി വരും;

(സി) റോബട്ടിനെ പ്രവർത്തിപ്പിക്കാൻ എത്ര വാട്ടർ അതോറിറ്റി ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ബാൻഡിക്കൂട്ട് ഇപ്പോൾ പ്രവർത്തനക്ഷമമാണോ ; ഇതിന്റെ അറ്റകുറ്റപ്പണികൾ ആരുടെ ഉത്തരവാദിത്വമാണ്; ഇതിനായി കൂടുതൽ പണം നൽകാൻ വ്യവസ്ഥയുണ്ടോ എന്നറിയിക്കാമോ?

<u>സ്ത്രീ തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ</u>

1125. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽശാലകളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പല സ്ഥാപനങ്ങളിലും ലഭ്യമാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽശാലകളിൽ സ്ത്രീ തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

1126. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര കുടുംബങ്ങൾ അംഗങ്ങളായി ചേർന്നിട്ടുണ്ട്;

(ബി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി സേവനം ലഭ്യമാക്കുന്ന ചില സ്വകാര്യ ആശുപത്രികൾ രോഗികളെ ചൂഷണം ചെയ്ത് ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം ക്രമക്കേടുകൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## തൊഴിൽ മേഖലകളിലെ കരാർ വ്യവസ്ഥ

1127. ശ്രീ.കെ. കൃഷ്ണൻകുട്ടി

,, സി.കെ.നാണു

,, കോവൂർ കുഞ്ഞുമോൻ

,, കെ.ബി.ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായസൗഹൃദം എന്ന പേരിൽ കേന്ദ്ര സർക്കാർ സ്ഥിരം തൊഴിൽ സ്വഭാവമുള്ള തൊഴിൽ മേഖലകളിൽ പോലും കരാർ വ്യവസ്ഥ കൊണ്ട് വരുന്നതിൽ ഈ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(ബി) ഇതിനായി കരാർ തൊഴിലാളി നിയമവും വ്യവസായ-തൊഴിൽ ചട്ടവും ഭേദഗതി ചെയ്യുന്നത് നമ്മുടെ തൊഴിൽ മേഖലയെയും തൊഴിലാളികളെയും ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാട് വിശദമാക്കുമോ?

## നോക്കു കൂലി നിരോധനം

1128. ശ്രീ.വി.ഡി.സതീശൻ

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

,, റോജി എം. ജോൺ

,, വി.ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തൊഴിൽ മേഖലയിൽ നിലനിന്നിരുന്ന നോക്കുകൂലി ഔദ്യോഗികമായി നിർത്തലാക്കിയിട്ടുണ്ടോ;

(ബി) ചില മേഖലകളിൽ തൊഴിലാളികളെ വിതരണം ചെയ്യുവാനുള്ള അവകാശം തൊഴിലാളി സംഘടനകൾ ഏറ്റെടുക്കുന്ന രീതി നിരോധിച്ചത് പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(സി) നോക്കുകൂലി നിരോധിച്ച കാര്യത്തിൽ തൊഴിലാളി യൂണിയനുകളുടെ സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ;

(ഡി) ഗാർഹിക ആവശ്യങ്ങൾക്കും കാർഷികാവശ്യങ്ങൾക്കുമുള്ള കയറ്റിറക്കിന് ഇഷ്ടമുള്ള തൊഴിലാളികളെ നിയോഗിക്കുന്നത് തടയരുതെന്ന നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ഇ) പൊതു സമൂഹത്തിന് തൊഴിലാളികളോടുള്ള സമീപനത്തിൽ കാലോചിതമായ മാറ്റം കൊണ്ടുവരുന്നതിനും ജോലി ചെയ്യുന്ന തൊഴിലാളിക്ക് അന്തസ്സോടെ ജീവിക്കുന്നതിനുള്ള വേതനം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

## വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ്

1129. ശ്രീ.ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ടോ;

(ബി) ഗ്രേഡിംഗിന് നിശ്ചയിച്ചിരുന്ന പൊതുമാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു;

(സി) മികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ആരംഭിച്ച ഈ പദ്ധതിക്ക് വേണ്ടത്ര പ്രതികരണം ലഭിക്കാതെ പോയത് എന്തുകൊണ്ടാണ്; ഇതിനകം എത്ര അപേക്ഷകളാണ് ലഭിച്ചത്:

(ഡി) വ്യവസായ വാണിജ്യ മേഖലകളിൽ നിന്നും ഇതിന് പ്രതീക്ഷിച്ച പ്രതികരണം ലഭിക്കാത്ത സാഹചര്യത്തിൽ നടപടിക്രമങ്ങൾ കർശനമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>സ്ത്രീകൾ ജോലിചെയ്യുന്ന തൊഴിൽശാലകളിൽ ക്രഷുകൾ</u>

1130. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾ ജോലിചെയ്യുന്ന തൊഴിൽശാലകളിൽ കുട്ടികളെ പരിപാലിക്കുന്നതിനായി ക്രഷുകൾ സ്ഥാപിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ ;

(ബി) ഇത്തരത്തിൽ ക്രഷുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>നോക്കുകൂലി നിരോധന നിയമം</u>

1131. ശ്രീ.കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലി നിരോധന നിയമം നോക്കുകുത്തിയാക്കുന്ന രീതിയിൽ തൊഴിലാളി സംഘടനകൾ ഇടപെടൽ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃതമായി നോക്കുകൂലി വാങ്ങുന്നവർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

<u>സ്ത്രീകൾക്ക് പുരുഷൻമാരെക്കാൾ കുറഞ്ഞ കൂലി</u>

1132. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് പുരുഷൻമാരെക്കാൾ കുറഞ്ഞ കൂലി നൽകുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവണത ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ?

## അടൽ പെൻഷൻ യോജന

1133. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകളിൽ എത്ര വിധം പെൻഷൻ പദ്ധതികൾ നിലവിലുണ്ട്; ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി അടൽ പെൻഷൻ യോജന നടപ്പിലാക്കുന്നതിന് സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) അടൽ പെൻഷൻ യോജന നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്നോ പെൻഷൻ ഫണ്ട് റഗുലേറ്ററി ആന്റ് ഡവലപ്പ്മെന്റ് അതോറിറ്റി (പി.എഫ്.ആർ.ഡി.എ.) യിൽ നിന്നോ ഔദ്യോഗിക കത്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## തൊഴിലാളി ക്ഷേമ പദ്ധതികൾ

1134. ശ്രീ.സി.കൃഷ്ണൻ
,, എം. നൗഷാദ്
,, വി. കെ. സി. മമ്മത് കോയ
,, എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലി സമ്പ്രദായം അവസാനിപ്പിച്ചതോടൊപ്പം തൊഴിലാളികൾ ചെയ്യുന്ന ജോലിക്ക് ന്യായമായ വേതനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) തൊഴിൽ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകി തൊഴിലാളി സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ നടത്തി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(സി) തൊഴിലാളി ക്ഷേമ പദ്ധതികൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനും വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവരുടെ സേവന വേതന വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ?

## നവജീവൻ പദ്ധതി

1135. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിക്കാത്ത 50-65 പ്രായ പരിധിയിൽ ഉള്ള എത്ര പേരുണ്ട്;വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇവർക്കായി തയ്യാറാക്കിയിട്ടുള്ള നവജീവൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(സി) നവജീവൻ പദ്ധതി സംബന്ധിച്ച മാർഗരേഖ തയ്യാറാക്കിയിട്ടുണ്ടോ ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## നവജീവൻ പദ്ധതി

1136. ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ള നവജീവൻ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നവജീവൻ പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ?

## തൊഴിൽനയം

1137. ശ്രീ.മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽനയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നിബന്ധനകളാണ് പ്രധാനമായും ഈ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) സംസ്ഥാനത്തെ തൊഴിൽ നിയമങ്ങളിൽ കാലോചിതമായ പരിഷ്കാരം വരുത്തുന്നതിന് ആലോചനയുണ്ടോ; എങ്കിൽ ഏതെല്ലാം തൊഴിൽ നിയമങ്ങളിലാണ് പരിഷ്കരണം നടത്താൻ ആലോചിക്കുന്നത്;

(സി) തൊഴിൽ മേഖലയിൽ പുതിയതായി ഏതെങ്കിലും തരത്തിലുള്ള നിയമനിർമ്മാണം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## തൊഴിലാളികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച നൂതന പദ്ധതികൾ

1138. ശ്രീ.എസ്.ശർമ്മ

,, എം. നൗഷാദ്

,, വി. കെ. സി. മമ്മത് കോയ

,, എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തൊഴിലാളികളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഏതെല്ലാം തൊഴിൽ മേഖലകളിലാണ് അടിസ്ഥാന ശമ്പളം പുതുക്കി നൽകിയത്; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം തൊഴിൽ മേഖലകളാണ് മിനിമം വേതന നിയമത്തിന്റെ പരിധിയിൽ വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) തൊഴിലാളികൾക്ക് മിനിമം വേതനം നിഷേധിക്കുന്ന തൊഴിലുടമകൾക്കെതിരെ എന്തെല്ലാം ശിക്ഷാനടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

## സർക്കാരിന്റെ തൊഴിൽ നയം

1139. **ശ്രീ.സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(സി) അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക -അനദ്ധ്യാപക ജീവനക്കാർക്ക് മിനിമം വേതനം നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകൾ സംയോജിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;എങ്കിൽ ഏതൊക്കെ ക്ഷേമനിധി ബോർഡുകളാണ് അപ്രകാരം സംയോജിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

1140. **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർക്കുള്ള ആനുകൂല്യം കാലോചിതമായി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) സമാന സ്വഭാവത്തിലുള്ള ബോർഡുകളുടെ പ്രവർത്തനം സംയോജിപ്പിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ഡി) നിലവിലുള്ള എല്ലാ ബോർഡുകൾക്കും വേണ്ടി പൊതുവായ ഒരു സോഫ്റ്റ് വെയർ രൂപകല്പന ചെയ്യുന്നതിനുള്ള തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ?

## കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള വിവാഹ ധനസഹായം

1141. **ശ്രീ.ജോൺ ഫെർണാണ്ടസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും, വാഹന ഉടമയുടെ വിഹിതം തൊഴിലാളിയുടെ പേരിൽ അടയ്ക്കാത്തത് കാരണം എറണാകുളം പള്ളുരുത്തി പെരുമ്പടപ്പ് 20/2990A നമ്പർ വീട്ടിൽ ക്രിസോസ്റ്റം ഫെർണാണ്ടസിന്റെ മകളുടെ വിവാഹധനസഹായത്തിനായി ടിയാൻ സമർപ്പിച്ച അപേക്ഷ നിരസിച്ചത് സംബന്ധിച്ച് സമർപ്പിച്ച പരാതി(E/2424419/2018) യിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ?

## സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം

1142. ശ്രീ.അൻവർ സാദത്ത്

,, വി.ടി.ബൽറാം

,, ഹൈബി ഈഡൻ

,, കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെയും ജീവനക്കാരുടെയും മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ അടിസ്ഥാന ശമ്പളം എത്രയായി നിജപ്പെടുത്തണമെന്നായിരുന്നു സുപ്രീംകോടതി നിയോഗിച്ച കമ്മിറ്റിയുടെ ശിപാർശ;

(സി) മിനിമം വേതനം പുതുക്കി നിശ്ചയിച്ചത് സുപ്രീംകോടതി നിയോഗിച്ച ഈ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണോ; അല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) മിനിമം വേതന ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് ഹോസ്പിറ്റൽ മാനേജ്മെന്റുകൾ സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ടോ; പ്രസ്തുത ഹർജി കോടതി പരിഗണിച്ചിട്ടുണ്ടോ;

(ഇ) നിശ്ചയിച്ച മിനിമം വേതനം നഴ്സുമാർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ അടിയന്തര നടപടി കൈക്കൊള്ളുമോ എന്ന് അറിയിക്കുമോ?

## അസംഘടിത മേഖലയിലെ തൊഴിലാളികൾ നേരിടുന്ന ചൂഷണം

1143. ശ്രീ.വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ചൂഷണം നേരിടുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് സ്വകാര്യമേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്കുള്ള വേതനം ബാങ്ക് വഴി നൽകുന്നതിനുള്ള നടപടിയെ തൊഴിലുടമകൾ കോടതിയിൽ ചോദ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് ഇതിനെതിരെ തൊഴിലുടമകൾ നീങ്ങിയത്;വ്യക്തമാക്കാമോ;

(സി) വസ്ത്രവിപണന മേഖലയിൽ പ്രവർത്തിക്കുന്ന സെയിൽസ് മാൻ/സെയിൽസ് ഗേൾ എന്നിവർക്ക് ഇടവേളകളിൽ ഇരിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനായി കേരള ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തൊഴിൽ ചൂഷണം സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ സത്വരനടപടി സ്വീകരിക്കാറുണ്ടോ;നിയമ ലംഘനം നടത്തിയ എത്ര സ്ഥാപന ഉടമകൾക്കെതിരെ 2018-ൽ നിയമനടപടി സ്വീകരിച്ചു എന്നറിയിക്കാമോ?

## മരം കയറ്റ തൊഴിലാളികൾക്ക് സഹായ പദ്ധതി

1144. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂലിക്കോ പ്രതിഫലത്തിനോ വേണ്ടി മരംകയറ്റ തൊഴിൽ ചെയ്യുന്നവർക്ക് തൊഴിലിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടം മൂലം മരണം സംഭവിക്കുകയോ സ്ഥായിയായ അവശത സംഭവിക്കുകയോ ചെയ്യുകയാണെങ്കിൽ സഹായ ധനം നൽകുന്ന പദ്ധതി നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകാമോ;

(സി) മരം മുറിക്കുമ്പോൾ താഴേക്ക് വീണ എത്ര പേർക്ക് ആശ്വാസധനം നൽകാൻ ബാക്കിയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) മരത്തിൽ നിന്ന് വീണു മരിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായം വിതരണം ചെയ്യാൻ ബാക്കിയുണ്ടോ എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>മിനിമം കൂലി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ</u>

1145. ശ്രീ.കെ.സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച മിനിമം കൂലി നയം നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് നോക്കുകൂലി വാങ്ങിയ എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കേസ്സുകളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഇതര സംസ്ഥാന തൊഴിലാളികളുടെ സുരക്ഷിതത്വം</u>

1146. ശ്രീ.എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാന തൊഴിലാളികളുടെ വാസ സ്ഥലത്തും തൊഴിലിടത്തും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ്</u>

1147. ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിനുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇതുപ്രകാരം നാളിതുവരെ എത്ര ഇതര സംസ്ഥാന തൊഴിലാളികളുടെ വിശദാംശം രജിസ്റ്റർ ചെയ്യുവാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന രജിസ്ട്രേഷൻ നടപടികളോട് ഇതര സംസ്ഥാന തൊഴിലാളികൾ സഹകരിക്കാത്തത് എന്തുകൊണ്ടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) രജിസ്റ്റർ ചെയ്യാത്ത തൊഴിലാളികൾക്ക് ജോലി നൽകുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ്</u>

1148. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ലേബർ ക്യാമ്പുകളിൽ ക്രമമായ ഇടവേളകളിൽ ആരോഗ്യ പരിശോധന നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) പ്രസ്തുത നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ ആയവ നടപ്പിലാക്കുന്നതിനും മേൽനോട്ടം നടത്തുന്നതിനുമുള്ള സംവിധാനങ്ങൾ സംസ്ഥാനത്തുടനീളം ഏർപ്പെടുത്തുമോ എന്നറിയിക്കാമോ?

<u>ആവാസ് പദ്ധതി</u>

1149. **ശ്രീ.സി. ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതരസംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കിയിട്ടുള്ള ആവാസ് പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പദ്ധതി നടപ്പിലാക്കിയ ശേഷം നാളിതുവരെയായി എത്ര തൊഴിലാളികൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ആവാസ് പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

<u>ഇതരസംസ്ഥാന തൊഴിലാളികൾ</u>

1150. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഇതരസംസ്ഥാന തൊഴിലാളികൾ തൊഴിൽ വകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇതരസംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണ് ; വിശദമാക്കാമോ;

(സി) ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഏതൊക്കെ ജില്ലകളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ

ഇടങ്ങിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഇതരസംസ്ഥാന തൊഴിലാളികൾക്കായി ക്ഷേമ പദ്ധതികൾ

1151. ശ്രീ.വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതരസംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതരസംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട് തൊഴിലുടമ പാലിക്കേണ്ട നിബന്ധനകൾ എന്തൊക്കെയാണ്;

(സി) ഇതര സംസ്ഥാന തൊഴിലാളികളെ വാടക വീടുകളിൽ താമസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിലേയ്ക്കാവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

**1986** ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം

1152. ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986 ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമം സംസ്ഥാനത്ത് കർശനമായി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള 14 വയസ്സിൽ താഴെയുള്ള കുട്ടികൾ സംസ്ഥാനത്തെ ഹോട്ടലുകളിലും പലഹാര നിർമ്മാണ സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബാലവേലക്കെതിരെ പ്രചരണപരിപാടികൾ സംഘടിപ്പിക്കുന്നതിനും, നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് നടപടി

1153. ശ്രീ.എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(ബി) സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ ഇവർക്ക് ചികിത്സ ലഭ്യമാക്കുന്നതിനായി സ്വകാര്യ ആശുപത്രികളുമായി എന്തൊക്കെ കരാറുകളാണ് ഉണ്ടാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഇ.എസ്.ഐ.യുടെ കീഴിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഇ.എസ്.ഐ. നിയമം

1154. ശ്രീ.എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയതായി ഏതെങ്കിലും വില്ലേജുകൾ ഇ.എസ്.ഐ. നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്ത്നിലവിൽ എത്ര വില്ലേജുകളാണ് ഇ.എസ്.ഐ. നിയമത്തിന്റെ പരിധിയിൽ വരുന്നത്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് ആകെ എത്ര തൊഴിലാളികളാണ് ഇ.എസ്.ഐ. നിയമത്തിന്റെ പരിധിയിൽ വരുന്നത്; മേഖല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ?

ഒഡേപെക് വഴി വിദേശ രാജ്യങ്ങളിലെ ജോലി

1155. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒഡേപെക് വഴി വിദേശ രാജ്യങ്ങളിലെ ജോലിക്കായി എത്ര പേർക്ക് അവസരം ലഭിച്ചു എന്ന് അറിയിക്കുമോ;

(ബി) ഒഡേപെകിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് അറിയിക്കുമോ;

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ?

നോക്കുകൂലി നിരോധനം

1156. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോക്കുകൂലി നിരോധിച്ചതിനു ശേഷം റിപ്പോർട്ട് ചെയ്തിട്ടുള്ള നോക്കുകൂലി കേസുകളെത്ര;

(ബി) ഈ കേസുകളിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) നോക്കുകൂലിക്കെതിരായി ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പരാതി ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ പരാതിയിന്മേൽ സ്വീകരിച്ച നടപടികളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

രാത്രികാലത്ത് പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾ

1157. ശ്രീ.എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രികാലത്ത് വാണിജ്യസ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ അനുവദിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഈ നിർദ്ദേശം നടപ്പാക്കുന്നത് സംബന്ധിച്ച് കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ;

(ബി) നിലവിൽ രാത്രികാലത്ത് തുറന്ന് പ്രവർത്തിക്കുന്ന ചെറുകിട മെഡിക്കൽ സ്റ്റോറുകൾ, ടീ ഷോപ്പുകൾ എന്നിവയ്ക്ക് നേരെ പോലീസ് നിരന്തരമായ ഭീഷണി മുഴക്കുന്നു എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങൾക്ക് സംരക്ഷണം നൽകാൻ നിയമഭേദഗതി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

## തൊഴിൽ നൈപുണ്യ വികസനം

1158. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കൾക്ക് തൊഴിൽ നൈപുണ്യം നൽകുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതികൾ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം പദ്ധതി

1159. ശ്രീ.കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വളർത്തുന്നതിന് ഉതകുന്ന സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പരിശീലനം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ അടങ്ങുന്ന ഡേറ്റാ ബാങ്ക് തൊഴിൽദാതാക്കൾക്ക് നേരിട്ട് ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ പദ്ധതിയിലൂടെ ഇതുവരെ എത്രപേർക്ക് ഇതിനകം തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

## സ്കിൽ മിഷന്റെ പ്രവർത്തനം

1160. ശ്രീ.കെ. കൃഷ്ണൻകുട്ടി
,, സി.കെ.നാണു
,, കോവൂർ കുഞ്ഞുമോൻ
,, കെ.ബി.ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കിൽ മിഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിർദ്ദേശം എന്തായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) ഇതിലേക്കായി രൂപീകരിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ സ്ഥാപനങ്ങൾ വഴി ഉദ്യോഗാർത്ഥികൾക്ക് ഏതൊക്കെ തരത്തിലുള്ള സേവനമാണ് ഉദ്ദേശിക്കുന്നതെന്നും ഇതുവരെ എത്രപേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) കരകൗശല മേഖലയിലും മറ്റ് പരമ്പരാഗത തൊഴിൽ മേഖലയിലും വൈദഗ്ദ്ധ്യ വികസനത്തിനായി പദ്ധതിയുണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

<u>സ്ത്രീകളുടെ തൊഴിൽ നൈപുണ്യവികസനത്തിനായുള്ള പദ്ധതികൾ</u>

1161. ശ്രീ.ഐ.ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്ത്രീകളുടെ തൊഴിൽ നൈപുണ്യവികസനത്തിനായി സംസ്ഥാനത്ത് പ്രത്യേക സംവിധാനങ്ങളോ പദ്ധതികളോ നിലവിലുണ്ടോ;എങ്കിൽ ഏതെല്ലാമാണ്; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ. ടി. ഐ.</u>

1162. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്തെ കരിമ്പുഴ കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ. ടി. ഐ. നവീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) പ്രസ്തുത ഐ. ടി. ഐ.യ്ക്ക് സ്വന്തമായി ഭൂമി ലഭ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഐ.ടി.ഐ.കളുടെ നവീകരണം</u>

1163. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് എത്ര പുതിയ ഐ.ടി.ഐ. കൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഐ.ടി.ഐ. കളാണ് കിഫ്ബി മുഖേന നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഐ.ടി.ഐ.യുടെ നവീകരണത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഐ.ടി.ഐ.കളിലെ കോഴ്സുകൾ</u>

1164. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയകാല തൊഴിൽ സാഹചര്യങ്ങളും സാദ്ധ്യതകളും പരിഗണിച്ച് ഐ.ടി.ഐ.കളിലെ കോഴ്സുകൾ പുനസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ആവശ്യമായ സ്ഥലസൗകര്യമുള്ള ഐ.ടി.ഐ.കളിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ചാത്തമംഗലം ഗവൺമെന്റ് ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

<u>റാന്നി സർക്കാർ ഐ.ടി.ഐ.</u>

1165. ശ്രീ.രാജു എബ്രഹാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി സർക്കാർ ഐ.ടി.ഐ. പ്രവർത്തനം ആരംഭിച്ചതെന്നാണെന്നും ഏതൊക്കെ കോഴ്സുകളാണ് ഇവിടെ ഉള്ളതെന്നും നിലവിൽ ഐ.ടി.ഐ. പ്രവർത്തിക്കുന്നത് എവിടെയാണെന്നും വിശദമാക്കാമോ;

(ബി) റാന്നി സർക്കാർ ഐ.ടി.ഐ. യ്ക്കായി ഉതിമൂടിലെ സ്ഥലം ഏറ്റെടുത്തിട്ടുണ്ടെങ്കിൽ എന്നാണ് സ്ഥലം ഏറ്റെടുത്തതെന്നും എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുത്തതെന്നും വിശദമാക്കാമോ;

(സി) റാന്നി സർക്കാർ ഐ.ടി.ഐ. യ്ക്കായി പുതിയ കെട്ടിടം നിർമ്മിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടെങ്കിൽ അതെന്താണെന്നും തടസ്സം നീക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

<u>വാഴക്കാട് ഐ.ടി.ഐ</u>

1166. ശ്രീ.ടി. വി. ഇബ്രാഹിം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര ഐ.ടി.ഐ.കൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ വാഴക്കാട്ട് ഐ.ടി.ഐ. ആരംഭിക്കുന്നതിന് വേണ്ടി മുൻസർക്കാർ അനുമതി നൽകിയിട്ടും ഇത് വരെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) വാഴക്കാട് ഗ്രാമപഞ്ചായത്ത് പ്രസ്തുത ഐ.ടി.ഐ.ക്ക് സ്ഥലം വിട്ടുനൽകാൻ സന്നദ്ധത അറിയിക്കുകയും തദ്ദേശ സ്വയം ഭരണവകുപ്പ് അതിന് അംഗീകാരം നൽകുകയും ചെയ്തിട്ടും കോഴ്സുകൾ അനുവദിച്ച് ഐ.ടി.ഐ. പ്രവർത്തനം ുടങ്ങുന്നതിനുള്ള തടസ്സം എന്തെന്ന് അറിയിക്കാമോ?

<u>കൽപ്പറ്റ ഗവ. ഐ.ടി.ഐ</u>

1167. ശ്രീ.സി. കെ. ശശീന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ ഗവ.ഐ.ടി.ഐ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>കാസർഗോഡ് മോഡൽ ഐ.ടി.ഐ.</u>

1168. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കയ്യൂരിൽ പ്രവർത്തിക്കുന്ന മോഡൽ ഐ.ടി.ഐ. അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഐ.ടി.ഐ.യിൽ പുതുതായി ഏതൊക്കെ കോഴ്സുകളാണ് ഇതിന്റെ ഭാഗമായി ഏർപ്പെടുത്താൻ പോകുന്നതെന്ന് വ്യക്തമാക്കാമോ?

<u>മൂവാറ്റുപുഴ ആരക്കുഴ ഗവൺമെന്റ് ഐ.ടി.ഐ-യിലെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

1169. ശ്രീ.എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ആരക്കുഴ ഗവൺമെന്റ് ഐ.ടി.ഐ -യിൽ നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ. യുടെ നിർമ്മാണം പൂർത്തിയാകുന്ന മുറക്ക് പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടെങ്കിൽ ഏതൊക്കെ കോഴ്സുകളാണ് അനുവദിക്കുന്നതെന്ന് വിശദമാക്കാമോ?

<u>തിരുവമ്പാടി ഗവൺമെന്റ് ഐ.ടി.ഐ.ക്ക് സ്വന്തമായി കെട്ടിടം</u>

1170. ശ്രീ.ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി ഗവൺമെന്റ് ഐ.ടി.ഐ ക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിക്ക് എന്ന് ഭരണാനുമതി നൽകാനാവുമെന്ന് വ്യക്തമാക്കുമോ?

<u>ധനുവച്ചപുരം ഗവൺമെന്റ് ഐ.റ്റി.ഐ</u>

1171. ശ്രീ.സി.കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഐ.റ്റി.ഐ.-കളെയാണ് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത് ;ഇതിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന വിവരം ലഭ്യമാക്കാമോ ;

(ബി) ധനുവച്ചപുരം ഗവൺമെന്റ് ഐ.റ്റി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുവേണ്ട നടപടിക്രമങ്ങൾ പൂർത്തിയായോ ;എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന ഈ ഐ.റ്റി.ഐ.-യിൽ, പുതുതായി എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കുന്നതെന്ന് വിശദമാക്കാമോ?

<u>കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ</u>

1172. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവിടെ ഐ.ടി.ഐ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

<u>ചിത്തിരപുരത്ത് ഐ.ടി.ഐ.</u>

1173. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവികുളം നിയോജകമണ്ഡലത്തിലെ ചിത്തിരപുരത്ത് ഐ.ടി.ഐ.ആരംഭിക്കുന്നതിനുള്ള ഏതെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>നിലമ്പൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം</u>

1174. ശ്രീ.പി.വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലമ്പൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്ര ആളുകൾക്ക് നിയമനം നൽകിയിട്ടുണ്ട്; വകുപ്പ് തിരിച്ച് പട്ടിക ലഭ്യമാക്കാമോ; ഇതിൽ എത്ര പേർക്കാണ് സ്ഥിര നിയമനം ലഭിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) നിലമ്പൂർ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഭിന്നശേഷി സൗഹൃദമായല്ല നിർമ്മിച്ചിരിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ലഹരി ഉൽപ്പന്നങ്ങളുടെ കടത്ത് തടയാൻ നടപടി</u>

1175. ശ്രീ.ടി.എ.അഹമ്മദ് കബീർ

,, എൻ .എ.നെല്ലിക്കുന്ന്

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ.സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചാവ് ഉൾപ്പെടെയുള്ള നിരോധിത ലഹരി ഉൽപ്പന്നങ്ങളുടെ കടത്ത് വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം പിടിക്കപ്പെടുന്നവർക്ക് നിസ്സാര പിഴശിക്ഷ മാത്രമാണ് എക്സൈസ് വകുപ്പിന് ചുമത്താൻ കഴിയു എന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം മേൽ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ലഹരി വിരുദ്ധ ക്ലബ്ബുകൾ</u>

1176. **ശ്രീ.റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളെ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ക്ലബ്ബുകളുടെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) മികച്ച പ്രവർത്തനം നടത്തുന്ന ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>മദ്യ ഉപഭോഗത്തെക്കുറിച്ചു ഡോ. വിജയകുമാറിന്റെ നേതൃത്വത്തിൽ നടത്തിയ പഠനം</u>

T 1177. **ശ്രീ.വി.ടി.ബൽറാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭ സബ്ജക്റ്റ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കേരള ആൾക്കഹോളിക്കൽ സ്റ്റഡിയെന്ന ഒരു പഠനം ഡോ. വിജയകുമാറിന്റെ നേതൃത്വത്തിൽ നടത്തിയിരുന്നോ; പ്രസ്തുത പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്;

(ബി) ഈ പഠനങ്ങൾക്ക് ശേഷവും സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം കൂടുന്നതും കൂടുതൽ ജനങ്ങൾ മദ്യപരാകുന്നതും നമ്മുടെ ആരോഗ്യരംഗത്തെ എപ്രകാരം ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്;

(സി) മദ്യപാനത്തിന്റെ വിവിധ സാമൂഹിക, ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് സമഗ്രവും വിശദവുമായ പഠനം നടത്തുന്നതിനും നമ്മുടെ സമൂഹത്തെ ഈ വിപത്തിൽ നിന്നും കരകയറ്റുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>എക്സൈസ് വകുപ്പ് പിടിച്ചെടുത്ത വസ്തുക്കൾ</u>

1178. **ശ്രീ.പി.കെ. ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എക്സൈസ് വകുപ്പ് മറ്റു വകുപ്പുകളുമായി സഹകരിച്ച് എത്ര തുകയുടെ മൂല്യമുള്ള ലഹരി വസ്തുക്കൾ,കുഴൽപ്പണം ,സ്വർണ്ണം,വെള്ളി,മദ്യം, വാഹനങ്ങൾ എന്നിവ പിടികൂടിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പിടിച്ചെടുത്ത വാഹനങ്ങളുടെയും തൊണ്ടി സാധനങ്ങളുടെയും സൂക്ഷിപ്പുകാർ ആരെല്ലാമെന്നും, ഇവ ഉപയോഗപ്രദമായി സർക്കാരിനു മുതൽക്കൂട്ടാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ;

(സി) ഇക്കാലയളവിൽ ഇപ്രകാരം എത്ര തുക സർക്കാരിനു മുതൽ കൂട്ടാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ;

(ഡി) ആയതിനു നിലവിലെ നിയമവ്യവസ്ഥ പര്യാപ്തമാണോ എന്നും ഇല്ലെങ്കിൽ ഇവ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ശേഷം സർക്കാരിന് മുതൽ കൂട്ടാൻ വേണ്ട നിയമനിർമ്മാണം നടത്തുമോ എന്നും വ്യക്തമാക്കാമോ ?

<u>പുതിയ മദ്യനയം മൂലം സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളും,വരുമാന വർദ്ധനവും</u>

1179. **ശ്രീ.കെ. കൃഷ്ണൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മദ്യനയം മൂലം 2018 ഏപ്രിൽ 31 വരെ അധികമായി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ;

(ബി) 2017-18 സാമ്പത്തിക വർഷം മുൻ വർഷങ്ങളെ അപേക്ഷിച്ച് റവന്യൂ വരുമാനത്തിൽ ഉണ്ടായ വർദ്ധനവ് എത്രയെന്ന് വിശദമാക്കാമോ; ബിവറേജസ് കോർപ്പറേഷന്റെ വ്യാപാരത്തിൽ ഉണ്ടായ വർദ്ധനവ് വ്യക്തമാക്കാമോ?

<u>മദ്യ നയം</u>

1180. **ശ്രീ.വി. അബ്ദുറഹിമാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സ്വീകരിച്ച മദ്യ നയം എത്രത്തോളം ഫലപ്രദമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) മദ്യവർജ്ജനവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദവിവരങ്ങൾ നൽകുമോ;

(സി) മദ്യവർജ്ജന സന്ദേശം ജനങ്ങളിലെത്തിക്കുന്നതിനും ഈ നയം വിജയിപ്പിക്കുന്നതിനുമായി ഭാവിയിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ; വിശദാംശം നൽകുമോ?

<u>ആദിവാസി വിഭാഗങ്ങൾക്കിടയിലുള്ള മദ്യാസക്തി</u>

1181. **ശ്രീ.സി. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി വിഭാഗങ്ങൾക്കിടയിലുള്ള മദ്യാസക്തി കുറച്ചുകൊണ്ടുവരുന്നതിന് എന്തെങ്കിലും കർമ്മപരിപാടികൾ ആലോചനയിലുണ്ടോ; വിശദമാക്കാമോ?

## പുതിയ ബാർ ലൈസൻസ്

1182. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ 2018 മേയ് വരെ സംസ്ഥാനത്ത് പുതിയ എത്ര ബാറുകൾക്ക് ലൈസൻസ് നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) ബാർ ലൈസൻസിനുവേണ്ടി എത്ര അപേക്ഷകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ?

## പുതിയ ബാറുകൾ

1183. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ ബാറുകൾ അനുവദിച്ചിട്ടുണ്ട്; അവ ഏതെല്ലാമാണെന്നുള്ള വിശദവിവരം നൽകുമോ;

(ബി) പുതിയ ബാറുകൾ അനുവദിച്ചിട്ടുണ്ടെങ്കിൽ അവ അനുവദിക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് കൂടി വിശദീകരിക്കുമോ?

## വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കൾ ലഭ്യമാകുന്നത് തടയാൻ നടപടി

1184. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് ലഹരി, പുകയില ഉല്പന്നങ്ങൾ കൂടുതൽ ലഭ്യമാകുന്നതായ സാഹചര്യത്തിൽ ആയത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഇതര സംസ്ഥാനത്തു നിന്നുമാണ് ഈ ലഹരി വസ്തുക്കൾ കേരളത്തിൽ എത്തുന്നത് എന്നതിനാൽ അതിർത്തി ചെക്ക്പോസ്റ്റുകളിൽ പരിശോധന കർശനമാക്കി ലഹരി വസ്തുക്കളുടെ കടത്ത് തുടക്കത്തിൽ തന്നെ അവസാനിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ലഹരി മരുന്ന് കേസുകൾ

1185. ശ്രീ.അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017, 2018 വർഷങ്ങളിൽ ലഹരി മരുന്ന് കേസുകളിൽ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം എത്ര പേർക്ക് ശിക്ഷ നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) സ്കൂളുകൾക്ക് സമീപം പുകയില ഉല്പനങ്ങൾ വില്ക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ദൂരപരിധി എത്രയാണെന്നറിയിക്കുമോ; പ്രസ്തുത ദൂരപരിധി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

## വ്യാജമദ്യം കുടിച്ച് മരിച്ച സംഭവം

1186. ശ്രീ.അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങപ്പ ജിനെക്കുംതറ മരമൂല കോളനി നിവാസി ഗോപി എന്ന ആദിവാസി കോട്ടത്തറയിലെ കള്ളുഷാപ്പിൽ നിന്നും വ്യാജമദ്യം കുടിച്ചത് കാരണം മരണപ്പെട്ട സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിക്കുമോ;

(ബി) പ്രസ്തുത ഷോപ്പിൽ വ്യാജമദ്യം വിൽക്കുന്നുവെന്ന പരാതി ഇതിന് മുമ്പ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ;

(സി) പ്രസ്തുത ഷോപ്പിന്റെ ലൈസൻസിക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) മരണമടഞ്ഞ ഗോപിയുടെ ആശ്രിതർക്ക് സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

## സ്കൂളുകളുടെ സമീപം ലഹരി പദാർത്ഥങ്ങൾ വിറ്റവർ

1187. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളുടെ സമീപം ലഹരി പദാർത്ഥങ്ങൾ സുലഭമായി ലഭ്യമാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്കൂളുകൾക്ക് സമീപം ലഹരി പദാർത്ഥം വിറ്റ എത്രപേരെ എക്സൈസ് ഉദ്യോഗസ്ഥർ പിടികൂടിയിട്ടുണ്ട്; ജില്ല തിരിച്ച് വിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) ലഹരി പദാർത്ഥങ്ങൾ വിറ്റതിന് അറസ്റ്റ് ചെയ്യപ്പെട്ടവർ തന്നെ തുച്ഛമായ പിഴ അടച്ച് പുറത്തു വന്നശേഷം വീണ്ടും ലഹരി കച്ചവടം നടത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രണ്ട് പ്രാവശ്യത്തിൽ കൂടുതൽ ലഹരികച്ചവടം നടത്തി പിടിയിലായവരുടെ പേരു വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

## മാനന്തവാടി തോൽപ്പെട്ടിയിലെ എക്സൈസ് ചെക്ക് പോസ്റ്റ്

1188. ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി തോൽപ്പെട്ടിയിൽ എക്സൈസ് വകുപ്പിന് സ്ഥിരം ചെക്ക് പോസ്റ്റ് ഇല്ലാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്ന തോൽപ്പെട്ടിയിലെ താൽക്കാലിക ചെക്ക് പോസ്റ്റ് ഒരു സ്ഥിരം സംവിധാനമാക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(സി) കേരള-കർണാടക അതിർത്തിയായ തോൽപ്പെട്ടിയിൽ ഉള്ള എക്സൈസ് വകുപ്പിന്റെ താൽക്കാലിക ചെക്ക് പോസ്റ്റിൽ കഴിഞ്ഞ വർഷം റിപ്പോർട്ട് ചെയ്ത കേസുകൾ എത്രയാണ്?

## വാടാനപ്പള്ളിയിൽ എക്സൈസ് സർക്കിൾ ഓഫീസ്

1189. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളിയിൽ എക്സൈസ് വകുപ്പിന്റെ സർക്കിൾ ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വന്തമായി കെട്ടിടം ഉണ്ടാകുന്നതുവരെ, പ്രസ്തുത ഓഫീസ് നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന ചാവക്കാട് ജയിൽ സൂപ്രണ്ട് ബംഗ്ലാവിലേക്ക് മാറ്റുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

## പയ്യന്നൂരിൽ ഡി-അഡിക്ഷൻ സെന്റർ

1190. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-19 -ലെ ബഡ്ജറ്റിൽ പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ അനുവദിച്ച ഡി-അഡിക്ഷൻ സെന്ററിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ?

## നേര്യമംഗലത്ത് ലഹരി വിമുക്ത കേന്ദ്രം

1191. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നേര്യമംഗലം ജില്ല കൃഷിതോട്ടത്തിനോടനുബന്ധിച്ച് ഒരു ലഹരി വിമുക്ത കേന്ദ്രം ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത കേന്ദ്രം ആരംഭിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) ലഹരി വിമുക്ത കേന്ദ്രത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേന്ദ്രം എന്നത്തേക്ക് തുടങ്ങുവാൻ സാധിക്കും എന്ന് വിശദമാക്കാമോ?

## ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

1192. ശ്രീമതി.പി. അയിഷാ പോറ്റി
പ്രൊഫ.കെ.യു. അരുണൻ
ശ്രീ.പി.ടി.എ. റഹീം
,, പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവത്ക്കരിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും രൂപീകരിച്ച ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനമെന്ന നിലയിൽ സ്കൂൾ-കോളേജ് തലങ്ങളിൽ മികച്ച ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് ക്യാഷ് അവാർഡ് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) വിദ്യാലയ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ ലഭ്യത പൂർണ്ണമായി ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) സംസ്ഥാനത്ത് മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി ഉയർത്തി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഡി-അഡിക്ഷൻ സെന്റർ

1193. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 പൊതു ബജറ്റിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ അനുവദിച്ച ഡി-അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) എക്സൈസ് അധികൃതർ നെയ്യാറ്റിൻകര ജനറൽ ആശുപത്രി സന്ദർശിച്ച് ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) 2018 ഡിസംബർ മാസത്തിനു മുൻപ് പ്രസ്തുത സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഡി അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് ആകെ വരുന്ന ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ?

## വ്യാജ കള്ള് വില്പന

1194. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല സ്ഥലത്തും കള്ള് ഷോപ്പുകളിൽ വ്യാജ കള്ള് വിൽക്കുന്നതായ ആക്ഷേപത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) കള്ളിൽ സ്റ്റാർച്ച് ചേർക്കുന്നതിനുള്ള ശിക്ഷയിൽ കുറവ് വരുത്തിയിട്ടുണ്ടോ; അബ്കാരി നിയമത്തിൽ ഇതുസംബന്ധിച്ച് വരുത്തിയിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) നിപ വൈറസ് പരത്തുന്ന വവ്വാലുകൾ കുടിച്ച കള്ളിലൂടെ രോഗം പകരുമെന്ന പ്രചരണം കള്ള് വിൽപ്പനയിൽ കുറവുണ്ടാക്കിയിട്ടുണ്ടോ?

## ഇംഗ്ലീഷ് മരുന്നുകൾ ലഹരിയ്ക്കായി ഉപയോഗിക്കുന്നതായുള്ള റിപ്പോർട്ടുകൾ

1195. ശ്രീ.മഞ്ഞളാംകുഴി അലി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇംഗ്ലീഷ് ഔഷധശാലകൾ വഴി വിതരണം ചെയ്യപ്പെടുന്ന ചില മരുന്നുകൾ ലഹരിയ്ക്കായി വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർ ഉപയോഗിക്കുന്നതായുള്ള റിപ്പോർട്ടുകൾ എക്സൈസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിനാവശ്യമായ പരിശോധനകൾ നടത്തുന്നതിന് വകുപ്പിന് എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കാനുണ്ട് ;

(ബി) ആരോഗ്യ വകുപ്പിന്റെ ഏതെങ്കിലും തരത്തിലുള്ള സഹായം എക്സൈസ് വകുപ്പ് ഇതിനായി ഉപയോഗിക്കുന്നുണ്ടോ; എക്സൈസ് വകുപ്പ് നേരിട്ട് പരിശോധനകൾ നടത്താറുണ്ടോ ;വിശദാംശം ലഭ്യമാക്കുമോ;

(സി) സ്കൂളുകൾക്ക് സമീപമുള്ള മെഡിക്കൽ സ്റ്റോറുകൾ വഴി ലഹരിയ്ക്കായി ഉപയോഗിക്കുന്ന തരത്തിലുള്ള മരുന്നുകൾ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നത് തടയുന്നതിന് ആവശ്യമായ നിരീക്ഷണങ്ങൾ ശക്തമാക്കുമോ?

<u>നർക്കോട്ടിക് കേസ്സുകൾ</u>

1196. ശ്രീ.ഇ.പി.ജയരാജൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നർക്കോട്ടിക് ഡ്രഗ്സ് അന്റ് സൈക്കോട്രോപ്പിക് സബ് സ്റ്റെൻസസ് അക്ട് പ്രകാരം 2017-18ൽ എത്ര കേസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന വ്യക്തമാക്കുമോ;

(ബി) ഇത്തരം കേസ്സുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനും കുറ്റകൃത്യം നടത്തിയവർക്ക് അർഹമായ ശിക്ഷ ലഭ്യമാക്കുന്നതിനും ഭരണ തലത്തിൽ കൈകൊണ്ട നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, വി. കെ. ബാബുപ്രകാശ്,

തിരുവനന്തപുരം, സെക്രട്ടറി,

29-05-2018

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.